# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**
**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/D2/1664/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/09/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/D2/1664/2025 തീയ്യതി: 10/09/2025

# കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എസ്.ബിജേഷ് കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2025 | 30-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2025 | 30-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ഷൈന.എ.കെ, ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ
ശ്രീ.മുഹമ്മദ് ജസ്സൽ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അലക്സ് തോമസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. സീനത്ത്. കെ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രമ്യ രാജൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ഹസീന. കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. സ്മിത. കെ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. രവി. സി.വി | വെറ്ററനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. സുരേഷ് തോമസ് | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സുമില. കെ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി. വിസ്മയ. എസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 07-10-2024 |
| ശ്രീമതി. ഐശ്വര്യ. കെ.പി | ഫിഷറീസ് ഇൻസ്പെക്ടർ | 08-10-2024 | 31-03-2025 |
| ശ്രീ. ശ്രീനിവാസൻ. പി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 18-09-2024 |
| ശ്രീമതി. അനിത കുമാരി. പി | അസിസ്റ്റന്റ് സെക്രട്ടറി | 18-09-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ.ബിന്ദു.വി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 15-01-2025 |
| ഡോ.ഗീത.വി.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-01-2025 | 30-03-2025 |
| ഡോ.ടെസ്റ്റി മെറിൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 30-03-2025 | 31-03-2025 |
| ശ്രീമതി.ഉദയ.കെ.ജോയ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 16-08-2024 |
| ശ്രീമതി.സബ്ന.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-08-2024 | 31-03-2025 |
| ശ്രീമതി.അർച്ചന.സി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 12-06-2024 |
| ശ്രീ.രാജേഷ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എ.ഇ - ഇൻചാർജ്ജ് | 15-06-2024 | 04-08-2024 |
| ശ്രീമതി.സീനത്ത്.കെ | അസിസ്റ്റന്റ് എഞ്ചിനീയർ - ഇൻചാർജ് (സെക്രട്ടറി) | 05-08-2024 | 17-10-2024 |
| ശ്രീ.സച്ചിൻ തോമസ് സാം | അസിസ്റ്റന്റ് എഞ്ചിനീയർ | 18-10-2024 | 31-03-2025 |
| ശ്രീ.ആഷിക് കോയ തങ്ങൾ | വി.ഇ.ഒ നെല്ലിപ്പൊയിൽ | 01-04-2024 | 22-10-2024 |
| ശ്രീ.ശൈലേഷ് കുമാർ.വി.ടി | വി.ഇ.ഒ (നെല്ലിപ്പൊയിൽ-ഇൻചാർജ്) | 22-10-2024 | 14-01-2025 |
| ശ്രീ.ആഷിക് കോയ തങ്ങൾ | വി.ഇ.ഒ (കോടഞ്ചേരി- ഇൻചാർജ്) | 01-04-2024 | 14-10-2024 |
| ശ്രീ.ഷൈലേഷ് കുമാർ.വി.ടി | വി.ഇ.ഒ കോടഞ്ചേരി | 14-10-2024 | 31-03-2025 |
| ശ്രീമതി.ഫസ്ല.ടി.പി | വി.ഇ.ഒ നെല്ലിപ്പൊയിൽ | 14-01-2025 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് - പൊതു പരാമർശങ്ങൾ | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തി സൃഷ്ടിച്ച ചെലവുകൾ റവന്യൂ ചെലവായി ബുക്ക് ചെയ്യുന്നു | 1-1-4 |
| 6 | ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല | 1-1-5 |
| 7 | പ്രവൃത്തി പൂർത്തീകരിച്ചിട്ടും അഡ്വാൻസ് തുക ക്രമീകരിച്ചില്ല | 1-1-6 |
| 8 | Stale Cheque-ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-7 |
| 9 | വികസന ഫണ്ട്-ചെലവ് തുക വരവായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-8 |
| 10 | ഡിപ്രിസിയേഷൻ ആസ്തിയേക്കാൾ അധികരിക്കുന്നു | 1-1-9 |
| 11 | ലൈഫ് ഭവനപദ്ധതി വായ്പ- തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുകയ്ക്കനുസൃതമായി രേഖപ്പെടുത്തിയ ആസ്തി തുക പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഇൻവെസ്റ്റ്മെന്റ് തുക മുഴുവനായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയില്ല | 1-1-11 |
| 13 | ഓഡിറ്റ് റിക്കവറി-ഈടാക്കിയ തുക ബാധ്യതയായി രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | ചെലവ് മുഴുവനായി രേഖപ്പെടുത്തിയില്ല | 1-1-13 |
| 15 | Capital Work In Progress ഹെഡ്ഡിൽ തുക ഉൾപ്പെടുത്തിയില്ല | 1-1-14 |
| 16 | അവശേഷിക്കുന്ന ഗ്രാന്റ് തുക/ഫണ്ട് ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | Cheque Deposited But Not Cleared ഇനത്തിലെ തുകകൾ ക്രമീകരിക്കുന്നില്ല | 1-1-16 |
| 18 | വരവ് ഇനങ്ങൾ - വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലെയും കളക്ഷൻ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-17 |
| 19 | ഡിപ്രിസിയേഷനിൽ അപാകം - ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കമ്മിയിൽ | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 22 | ഫണ്ട് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | ക്ഷേമ പദ്ധതികൾ | 1-6 |
| 25 | കാഷ് ബാലൻസ് പരിശോധന | 1-7 |

| | | |
|---|---|---|
| 26 | രസീത് പരിപാലനത്തിലെ അപാകങ്ങൾ | 1-8 |
| 27 | അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല | 1-9 |
| 28 | വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല | 1-10 |
| 29 | മർകസ് നോളജ് സിറ്റി- വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 1-11 |
| 30 | A 2 വിനിയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു | 1-12 |
| 31 | നിരസിച്ച ക്രമവത്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല | 1-13 |
| 32 | തുടർസാക്ഷരത പ്രവർത്തനം - എസ്.എസ്.എൽ.സി, പ്ലസ്ടു തുല്യത കോഴ്സ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-14 |
| 33 | ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 1-15 |
| 34 | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-16 |
| 35 | ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-17 |
| 36 | അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾക്ക് വീടു നൽകുന്നതിൽ വീഴ്ച | 1-18 |
| 37 | ബൊക്കാഷി ബക്കറ്റ് വിതരണം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-19 |
| 38 | ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് - പദ്ധതി നിർവ്വഹണത്തിന് അധിക തുക ചെലവഴിച്ചു | 1-20 |
| 39 | ഫാം ടൂറിസം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-21 |
| 40 | തേൻ സംഭരണ വിപണന കേന്ദ്രം- തേൻ മ്യൂസിയം - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പദ്ധതിയ്ക്കാവശ്യമായ ഉപകരണങ്ങൾക്ക് അഡ്വാൻസ് നൽകി | 1-22 |
| 41 | ഹരിതകർമ്മസേനയുടെ വരവ് തുക അക്കൗണ്ടിൽ അടവാക്കിയതിൽ കുറവ് | 1-23 |
| 42 | ഇടവിളകൃഷിയിലൂടെ അധിക വരുമാനം - പദ്ധതിയ്ക്കായി വിത്തുകൾ വാങ്ങിയതിലെ അപാകങ്ങൾ | 1-24 |
| 43 | 2022 വർഷത്തിൽ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തതിന് വ്യക്തമായ രേഖകളില്ലാതെ പദ്ധതി നടപ്പിലാക്കി | 1-25 |
| 44 | ഗുണഭോക്തൃ വിഹിതം അടവാക്കിയ ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തില്ല | 1-26 |
| 45 | വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്ര വാഹനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-27 |
| 46 | തെങ്ങ് കൃഷി വികസനം - രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ പദ്ധതി ഭാഗികമായി നടപ്പിലാക്കിയതിനാൽ ലക്ഷ്യം കൈവരിച്ചില്ല | 1-28 |
| 47 | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-29 |
| 48 | സ്കൂൾ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം- അപാകങ്ങൾ | 1-30 |
| 49 | തെറ്റായ ഡാറ്റ നൽകി - ചെയ്യാത്ത പ്രവൃത്തിയ്ക്ക് അധിക തുക നൽകി | 1-31 |

| | | |
|---|---|---|
| 50 | കുടിവെള്ള പദ്ധതി - പൊളിച്ച പാറ ഉപയോഗപ്പെടുത്തിയില്ല | 1-32 |
| 51 | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ഐ.ടി ഈടാക്കിയില്ല | 1-33 |
| 52 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി രൂപീകരണം - അപാകങ്ങൾ | 1-34 |
| 53 | മരുന്ന് ലഭ്യമായില്ല | 1-35 |
| 54 | ടെണ്ടർ നടപടികളില്ലാതെ ഹൈഡ്രോളിക് ഓയിൽ നേരിട്ട് വാങ്ങി | 1-36 |
| 55 | ചെലവ് തുകയുടെ വിശദാംശം ലഭ്യമല്ല | 1-37 |
| 56 | ടേക്ക് എ ബ്രേക്ക് - അധിക തുക നൽകി | 1-38 |
| 57 | കുടിവെള്ള വിതരണം - തുക നൽകിയതിന് കൃത്യത ഇല്ല | 1-39 |
| 58 | അംഗീകൃത വിതരണക്കാരിൽ നിന്നല്ലാതെ സാധനങ്ങൾ സമാഹരിക്കുന്നു | 1-40 |
| 59 | ബയോബിൻ സ്ഥാപിക്കൽ- അപാകങ്ങൾ | 1-41 |
| 60 | സോളാർ വാട്ടർ ഹീറ്റർ വാങ്ങൽ- അപാകങ്ങൾ | 1-42 |
| 61 | പ്രവൃത്തി പൂർത്തീകരിക്കാതെ മുഴുവൻ തുകയും നൽകി | 1-43 |
| 62 | മഹാത്മാ ഗാന്ധിയുടെ പ്രതിമ - വാങ്ങൽ നടപടികൾ പാലിച്ചില്ല | 1-44 |
| 63 | വാറണ്ടിയുള്ള ഐ.ടി ഉപകരണങ്ങൾക്കും എ.എം.സി | 1-45 |
| 64 | കേരളോത്സവം - പ്രൊജക്ട് അസിസ്റ്റന്റിന് മുൻകൂർ നൽകി | 1-46 |
| 65 | ക്വട്ടേഷൻ നടപടികളില്ലാതെ വാങ്ങൽ നടപടി | 1-47 |
| 66 | ആവശ്യകത പരിശോധിക്കാതെ ഇൻവെർട്ടർ (യു.പി.എസ്) വാങ്ങി | 1-48 |
| 67 | ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം | 1-49 |
| 68 | വാട്ടർ ചാർജ്ജ് കുടിശ്ശികയാക്കി | 1-50 |
| 69 | ജനറേറ്റർ വാങ്ങൽ - നടപടികളിൽ വീഴ്ച | 1-51 |
| 70 | തൊഴിലുറപ്പ് പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-52 |
| 71 | സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ നടപടി | 1-53 |
| 72 | മൂല്യനിർണ്ണയം നടത്താതെ തുക നൽകി | 1-54 |
| 73 | കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് - അപാകങ്ങൾ | 1-55 |
| 74 | തനത് ഫണ്ട് ചെലവുകളിലെ അപാകങ്ങൾ | 1-56 |
| 75 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നുള്ള മുഴുവൻ ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 1-57 |
| 76 | ജൽജീവൻ മിഷൻ -പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വ്യക്തതയില്ല | 1-58 |
| 77 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-59 |

**ഭാഗം 2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | തെറ്റായ ഡാറ്റ നൽകി - ചെയ്യാത്ത പ്രവൃത്തിയ്ക്ക് അധിക തുക നൽകി | 3-1 |
| 2 | ടേക്ക് എ ബ്രേക്ക് - അധിക തുക നൽകി | 3-2 |
| 3 | വാറണ്ടിയുള്ള ഐ.ടി ഉപകരണങ്ങൾക്കും എ.എം.സി | 3-3 |
| 4 | കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് - അപാകങ്ങൾ | 3-4 |
| 5 | വാട്ടർ ചാർജ്ജ് കുടിശ്ശികയാക്കി | 3-5 |
| 6 | സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ നടപടി | 3-6 |
| 7 | തേൻ സംഭരണ വിപണന കേന്ദ്രം- തേൻ മ്യൂസിയം - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പദ്ധതിയ്ക്കാവശ്യമായ ഉപകരണങ്ങൾക്ക് അഡ്വാൻസ് നൽകി | 3-7 |
| 8 | ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് പദ്ധതി നിർവ്വഹണത്തിന് അധിക തുക ചെലവഴിച്ചു | 3-8 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് റിക്കവറി | 4-9 |
| 10 | ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 7.05.2025 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി 04.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത്രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കോഴിക്കോട്
തീയതി: ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് - പൊതു പരാമർശങ്ങൾ

എ) മുഴുവൻ പത്രികകളും സമർപ്പിച്ചില്ല

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ വരവ് ചെലവ് ക്രമീകരിച്ചതിന്റെ (പഞ്ചായത്ത് ഫണ്ട്) കണക്ക് ഉൾപ്പെടുത്തിയ B1 ഷെഡ്യൂൾ വാർഷികധനകാര്യ പത്രികയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

ബി) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ് ഫ്ലോയും (-46442046) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (-11974265) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സി) വരവ് ചെലവ് ഷെഡ്യൂളുകളുടെ ആകെ തുകയിൽ ഇരട്ടിപ്പ്

എയിംസിൽ അപ്‌ലോഡ് ചെയ്ത റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നീ പത്രികകളിലെ അബ്സ്ട്രാക്ടിലെ തുകയും അതാത് അക്കൗണ്ടുകളുടെ ഷെഡ്യൂളിനൊപ്പം ലഭ്യമാക്കിയ അബ്സ്ട്രാക്ടിലെ തുകയും വ്യത്യസ്തമാണ്.

## 1-1-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ പ്രതിമാസം ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential | 29.05.2024<br>31.03.2025 |

| | | |
|---|---|---|
| | Building | |
| 110100102 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |
| 110200105 | Profession Tax Traders | |

## 1-1-3 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 ആസ്തി സൃഷ്ടിച്ച ചെലവുകൾ റവന്യൂ ചെലവായി ബുക്ക് ചെയ്യുന്നു

വിവിധ ഫണ്ടുകളിൽ നിന്നും (വികസന ഫണ്ട്, സി.എഫ്.സി ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട്) ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിക്കുന്ന തുകകൾ B3 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. ബാലൻസ് ഷീറ്റിലെ B11(E) ഷെഡ്യൂൾ പ്രകാരം ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും B3 ഷെഡ്യൂളിൽ പ്രസ്തുത ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. പ്രസ്തുത ചെലവുകൾ റവന്യു ചെലവായാണ് ബുക്ക് ചെയ്തിട്ടുള്ളത്.

ഉദാ. പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ (പ്രൊ.നം.366/2025) – Development Fund-16,500/-, സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രൊ.നം200/2025) – സി.എഫ്.സി ഫണ്ട് -3,66,723/-, പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ (പ്രൊ.നം.273/2025-S.O) -തനത് ഫണ്ട് -5,50,500/- – Development Fund-4,34,500/-

## 1-1-5 ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല

മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ റവന്യു പ്രവർത്തനങ്ങൾക്ക് ചെലവായ തുക I-14 E ഷെഡ്യൂളിൽ രേഖപ്പെടുത്തുന്നില്ല.

## 1-1-6 പ്രവൃത്തി പൂർത്തീകരിച്ചിട്ടും അഡ്വാൻസ് തുക ക്രമീകരിച്ചില്ല

2023-24 സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റ് നം.167/2024 പ്രകാരം സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതിക്കായി 10,24,988/- രൂപയും, പ്രൊജക്റ്റ് നം.383/2024 പ്രകാരം ലൈൻ മാറ്റി സ്ഥാപിക്കൽ പദ്ധതിക്കായി 4,00,338/-രൂപയും ചേർത്ത് ആകെ 14,25,326/-രൂപ കെ.എസ്.ഇ.ബി ക്ക് ഡെപ്പോസിറ്റ് വർക്കിനായി അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് 28.01.2025 തീയതിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടും ടി തുക ചെലവ്/ആസ്തി ഹെഡ്ഡിൽ ബുക്ക് ചെയ്യാതെ നിലവിലും അഡ്വാൻസ് ഹെഡ്ഡിൽ ക്രമീകരിക്കാതെ തുടരുന്നു.

## 1-1-7 Stale Cheque-ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

വാർഷിക കണക്ക് B9 ഷെഡ്യൂൾ പ്രകാരം Liability In Respect Of Stale Cheque ശീർഷകത്തിൽ 62,488/-രൂപയുടെ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-8 വികസന ഫണ്ട്-ചെലവ് തുക വരവായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രിക പ്രകാരം വികസന ഫണ്ട്-എസ്.സി.പി, ടി.എസ്.പി ഇനങ്ങളിലെ ചെലവ് തുക I-6 ഷെഡ്യൂളിൽ വരവായി രേഖപ്പെടുത്തിയത് വ്യത്യാസപ്പെട്ടിരിക്കുന്നു. എസ്.സി.പി ഇനത്തിൽ എ.സി.ആർ പ്രകാരമുള്ള അലോട്ട്മെന്റ് വരവും ചെലവ് പത്രിക പ്രകാരമുള്ള ചെലവ്/വരവും 38,97,000/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് തുക 37,06,929/-രൂപയാണ്. 1,90,071/-രൂപയുടെ വ്യത്യാസം കാണുന്നു. അത് പോലെ ടി.എസ്.പി ഫണ്ടിലും എ.സി.ആർ പ്രകാരമുള്ള അലോട്ട്മെന്റ് വരവും വാർഷിക കണക്ക് പ്രകാരമുള്ള വരവും തമ്മിൽ 1,90,071/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഗ്രാന്റ് തുകയിൽ നിന്നും സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ കുറവ് ചെയ്ത തുക പരസ്പരം ഹെഡ് മാറി ജേർണൽ ചെയ്തതിലൂടെ എസ്.സി.പി ഇനത്തിൽ വ്യത്യാസം വന്ന 1,90,071/-രൂപയുടെ ചെലവ് ടി.എസ്.പി ഇനത്തിലെ ചെലവായി തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ട്രഷറി, പി.എഫ്.എം.എസ് ഇനങ്ങളിലെ ചെലവ് തുക I-6 ഷെഡ്യൂളിൽ വരവായി രേഖപ്പെടുത്തിയത് വ്യത്യാസപ്പെട്ടിരിക്കുന്നു. സി.എഫ്.സി-അൺടൈഡ് ട്രഷറി മുഖേന ലഭ്യമായ ഗ്രാന്റ് ഇനത്തിലെ 17622/-രൂപയുടെ ചെലവ് സി.എഫ്.സി- അൺടൈഡ് പി.എഫ്.എം.എസ് മുഖേന ലഭ്യമായ ഗ്രാന്റ് ഇനത്തിലെ ചെലവായി തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു.

## 1-1-9 ഡിപ്രിസിയേഷൻ ആസ്തിയേക്കാൾ അധികരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ വിവിധ ആസ്തികളുടെ ഡിപ്രിസിയേഷൻ നീക്കിയിരിപ്പിനേക്കാൾ അധികരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B11 ഷെഡ്യൂൾ പ്രകാരം Other Fixed Assets ഇനത്തിൽ 18,07,756/-രൂപയുടെ ആസ്തി നീക്കിയിരിപ്പാണുള്ളത്. എന്നാൽ പ്രസ്തുത ആസ്തിക്ക് B11(A) ഷെഡ്യൂളിൽ 78,70,143/-രൂപയുടെ തേയ്മാനം കാണിച്ചിരിക്കുന്നു. ആസ്തിയേക്കാൾ 60,62,387/-രൂപ കൂടുതൽ തേയ്മാന ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

ബി) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B11(E) ഷെഡ്യൂൾ പ്രകാരം Roads&Bridges Assets ഇനത്തിൽ 20,58,44,287/-രൂപയുടെ ആസ്തി നീക്കിയിരിപ്പാണുള്ളത്. എന്നാൽ പ്രസ്തുത ആസ്തിക്ക് B11(A) ഷെഡ്യൂളിൽ 20,61,24,885/-രൂപയുടെ തേയ്മാനം കാണിച്ചിരിക്കുന്നു. ആസ്തിയേക്കാൾ 2,80,598/-രൂപ കൂടുതൽ തേയ്മാന ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-10 ലൈഫ് ഭവനപദ്ധതി വായ്പ- തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുകയ്ക്കനുസൃതമായി രേഖപ്പെടുത്തിയ ആസ്തി തുക പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് B5 ഷെഡ്യൂൾ പ്രകാരം 99,30,00,14/- രൂപ ലൈഫ് ഭവനപദ്ധതിയുടെ ലോൺ ഇനത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ആയതിനനുസൃതമായി തുടർവർഷങ്ങളിലേക്കുള്ള ലോൺ ബാധ്യത

ക്രമീകരിക്കുന്നതിനായി ബാലൻസ് ഷീറ്റ് B16 ഷെഡ്യൂളിൽ Prepaid Programme Expenses എന്ന ആസ്തി ഹെഡ്ഡിൽ കാണിച്ചിട്ടുള്ള തുക 1,18,22,789/-രൂപയാണ്. ആയത് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-11 ഇൻവെസ്റ്റ്മന്റ് തുക മുഴുവനായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയില്ല

വാർഷിക കണക്ക് B12 ഷെഡ്യൂൾ പ്രകാരം സ്ഥാപനത്തിന് 2,34,24,158/-രൂപയുടെ സ്ഥിരനിക്ഷേപമാണുള്ളത്. എന്നാൽ ഇൻവെസ്റ്റ്മന്റ് സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ 2,34,51,258/-രൂപ സ്ഥിരനിക്ഷേപമുള്ളതായി കാണുന്നു. സ്ഥാപനത്തിന് KDC ബാങ്കിലുണ്ടായിരുന്ന (കേരള ബാങ്ക്) 3,73,690/-രൂപയുടെ (FD No.100501807520019) സ്ഥിര നിക്ഷേപം പലിശ ഇനത്തിൽ ലഭിച്ച 27,093/-രൂപയടക്കം ആകെ 4,00,783/-രൂപയായി 27.09.2024ന് പുതുക്കിയിട്ടുണ്ട്. എന്നാൽ പലിശ ഇനത്തിൽ ലഭിച്ച 27,093/-രൂപയടക്കം പുതുക്കിയ മുഴുവൻ തുകയും പ്രസ്തുത ഹെഡ്ഡിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ സ്ഥിരനിക്ഷേപം മുഴുവനായി വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല.

### 1-1-12 ഓഡിറ്റ് റിക്കവറി-ഈടാക്കിയ തുക ബാധ്യതയായി രേഖപ്പെടുത്തുന്നില്ല

2023-24 സാമ്പത്തിക വർഷത്തിൽ മെയിന്റനൻസ് (റോഡ്) ഫണ്ട് ഉപയോഗിച്ച് നടത്തിയ കുരിശിങ്കൽ മുട്ടിൽപ്പാറ റോഡ് കൈവരി സ്ഥാപിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരൻ അധികമായി കൈപ്പറ്റിയ 18,519/-രൂപ 08.08.2024 തീയതിയിൽ തിരികെ ഈടാക്കിയിട്ടുണ്ട്. ഗ്രാന്റിൽ നിന്നുള്ള ചെലവായതിനാൽ ടി തുക ബാധ്യതയായി രേഖപ്പെടുത്തേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ ടി തുക തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

### 1-1-13 ചെലവ് മുഴുവനായി രേഖപ്പെടുത്തിയില്ല

പെർമിറ്റ് ഫീ റീഫണ്ട് രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷത്തിൽ റീഫണ്ട് ഇനത്തിൽ 23,66,179/-രൂപ അപേക്ഷ പ്രകാരം തിരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം Prior Period Expense ഇനത്തിൽ 15,43,599/-രൂപ മാത്രമേ ടി ഇനത്തിൽ കാണിച്ചിട്ടുള്ളൂ. ചെലവ് മുഴുവനായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് റീഫണ്ട് ഇനത്തിൽ ഇനി നൽകാൻ ബാക്കിയുള്ള തുക കണക്കാക്കി ബാലൻസ്ഷീറ്റിൽ ബാധ്യതയായി കാണിച്ചിട്ടുമില്ല.

### 1-1-14 Capital Work In Progress ഹെഡ്ഡിൽ തുക ഉൾപ്പെടുത്തിയില്ല

ആസ്തി സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ നൽകിയ തുകകൾ ബാലൻസ്ഷീറ്റ് B11(B) ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടില്ല.

ഉദാ. പഞ്ചായത്ത് ഓഫീസ് ലിഫ്റ്റ് നിർമ്മാണം- പ്രൊ.നം 382/25 (33,39,916/-തനത് ഫണ്ട്), മൈക്കാവ് സബ്സെന്റർ നിർമ്മാണം -പ്രൊ.നം 500/25 (26,91,652/-ഹെൽത്ത് ഗ്രാന്റ്)

### 1-1-15 അവശേഷിക്കുന്ന ഗ്രാന്റ് തുക/ഫണ്ട് ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ വിവിധ ഗ്രാന്റുകളുടെ/ഫണ്ടുകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകകൾ അനുബന്ധ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്/ ഫണ്ട് ഇനം | B4/B2 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്കിലെ നീക്കിയിരിപ്പ് |
|---|---|---|
| ICDS ഗ്രാന്റ് | 27,86,500/- | 48,44,256/- |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 77,719/- | 69,397/- |
| MP ഫണ്ട് | 17,937/ | 19,933/- |
| ശുചിത്വ മിഷൻ ഗ്രാന്റ് | 6,19,363/- | 0/- |

**1-1-16 Cheque Deposited But Not Cleared ഇനത്തിലെ തുകകൾ ക്രമീകരിക്കുന്നില്ല**

സ്ഥാപനത്തിന്റെ ഇ-പെയ്മെന്റ് അക്കൗണ്ടിന്റ ബാങ്ക് റികൺസിലിയേഷൻ പരിശോധിച്ചതിൽ (SBI-67389604638) Cheque Deposited But Not Cleared ഇനത്തിൽ 1,47,498/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

**1-1-17 വരവ് ഇനങ്ങൾ - വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലെയും കളക്ഷൻ വ്യത്യാസപ്പെട്ടിരിക്കുന്നു**

ഗ്രാമപഞ്ചായത്തിലെ വിവിധ വരവ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിൽ മുൻവർഷങ്ങളിൽ ലഭിച്ച അഡ്വാൻസ് അടക്കമുള്ള കളക്ഷൻ തുക തന്നെയാണ് ഡിമാന്റ് ആയി ബുക്ക് ചെയ്തിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ ഡിമാന്റും വാർഷിക കണക്കിൽ ഉൾപ്പെടാത്തതിനാൽ വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| വാടക | 3,62,082/- | 3,88,332/- |
| ബസ്സ്റ്റാന്റ് പിരിവ് | 5,200/- | 6,700/- |

**1-1-18 ഡിപ്രിസിയേഷനിൽ അപാകം - ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കമ്മിയിൽ**

വാർഷിക ധനകാര്യപത്രിക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ ചെലവ് അധികരിക്കുന്നു. അതായത് വാർഷിക കണക്ക് പ്രകാരം സാമ്പത്തിക സ്ഥിതി 93,927,063/-രൂപ കമ്മിയാണ്. ആയതിനാൽ രണ്ട് കോടിയിലധികം സ്ഥിരനിക്ഷേപമുള്ള ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ പഞ്ചായത്ത് ഫണ്ട് നെഗറ്റീവായിരിക്കുന്നു. ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും മുൻവർഷത്തേക്കാൾ കൂടുതൽ നിരക്കിൽ തൻവർഷം ഡിപ്രിസിയേഷൻ കാണിച്ചതാണ് ചെലവ് അധികരിക്കാൻ കാരണമായിട്ടുള്ളത്. ഉദാഹരണത്തിന് Road&Bridges ആസ്തി മൂല്യത്തിന് മുൻവർഷത്തെ വാർഷിക കണക്ക് I-17a പ്രകാരം കാണിച്ചിട്ടുള്ള തേയ്മാനം 1,82,57,662/-രൂപയും തൻവർഷം കാണിച്ചിട്ടുള്ള തേയ്മാനം 11,03,83,349/- രൂപയുമാണ്. അതായത് ടി ഇനത്തിന് മാത്രം ഏകദേശം ഒമ്പത് കോടിയിലധികം തൻവർഷം ഡിപ്രിസിയേഷൻ കാണിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിവിധ ആസ്തികൾക്ക് തെറ്റായി മുൻവർഷത്തേക്കാൾ കൂടിയ നിരക്കിലാണ് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. കാലഹരണപ്പെട്ട ആസ്തികൾക്ക് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കാത്തതിനാൽ ആയതിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല. ആയത് വ്യക്തമാക്കേണ്ടതും വരും വർഷത്തിൽ എങ്ങനെ ക്രമീകരിക്കുമെന്ന് അറിയിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 07.02.2024 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 06.02.2025 തീയതിയിലെ 2/2 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു-ചെലവു കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,89,71,972 |
| വരവ് | 38,52,32,056 |
| **ആകെ** | **40,42,04,028** |
| ചെലവ് | 3,97,573,822 |
| നീക്കിയിരിപ്പ് | 66,30,206 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,50,56,820 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,28,21,782 |
| **ആകെ** | **15,78,78,602** |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,47,96,047 |
| നീക്കിയിരിപ്പ് | 3,30,82,555 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 3,45,96,000 | 3,45,96,000 | 3,45,96,000 | 0 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 38,97,000 | 38,97,000 | *38,97,000 | 0 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 40,41,000 | 40,41,000 | *40,41,000 | 0 |
| മെയിന്റനൻസ്- റോഡ് | 0 | 3,67,50,000 | 3,67,50,000 | 2,84,76,525 | 82,73,475 |
| മെയിന്റനൻസ്- നോൺ റോഡ് | 0 | 43,17,000 | 43,17,000 | 43,17,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 15,89,481 | 64,15,114 (58,29,704 + പലിശ 5,85,410) | 80,04,595 | **51,90,368 | 28,14,227 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് | 73,52,004 | 1,37,49,500 | 2,11,01,504 | 81,28,440 | 1,29,73,064 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് –അൺ ടൈഡ് (ട്രഷറി മുഖേന) | 0 | 17622 | 17622 | **17622 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ട്രഷറി മുഖേന) | 0 | 11,95,000 | 11,95,000 | 11,91,772 | 3228 |

കുറിപ്പ്-* വികസന ഫണ്ട് എസ്.സി.പി ഇനത്തിലെ 1,90,071/-രൂപയുടെ ചെലവ് ടി.എസ്.പി ഫണ്ടിലെ ചെലവായി വാർഷിക കണക്കിൽ തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു.

**സി.എഫ്.സി- അൺടൈഡ് ട്രഷറി മുഖേന ലഭ്യമായ ഗ്രാന്റ് ഇനത്തിലെ 17,622/-രൂപയുടെ ചെലവ് സി.എഫ്.സി-അൺടൈഡ് പി.എഫ്.എം.എസ് മുഖേന ലഭ്യമായ ഗ്രാന്റ് ഇനത്തിലെ ചെലവായി വാർഷിക കണക്കിൽ തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 516 | 36,84,09,891 | 280 | 14,72,14,751 | 236 | 54.26 % |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,28,09,600 |
| വിധവ പെൻഷൻ | 1,81,09,500 |
| വാർധക്യകാല പെൻഷൻ | 4,45,56,200 |
| വികലാംഗപെൻഷൻ | 70,47,900 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,41,600 |

## 1-7 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 28.07.2025ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,730/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 രസീത് പരിപാലനത്തിലെ അപാകങ്ങൾ

2024-25 സാമ്പത്തിക വർഷത്തെ രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷി ഓഫീസർ കൈപ്പറ്റിയ 34838-ാം നമ്പർ രസീത് ബുക്കിലെ 1 മുതൽ 23 വരെയുള്ള രസീതുകളിലായി ഫലവൃക്ഷത്തൈ വിതരണം ചെയ്ത പദ്ധതിക്കായി 250/-രൂപ വീതം ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്. എന്നാൽ പിരിച്ച തുകയ്ക്കുള്ള രസീതി അതത് ഗുണഭോക്താക്കൾക്ക് നൽകാതെ അതത് വാർഡിലെ കൺവീനർമാർക്ക് ആ വാർഡിലെ മുഴുവൻ ഗുണഭോക്തൃ വിഹിതവും ഒന്നിച്ച് അടവാക്കിയതിന്റെ രസീതിയാണ് നൽകിയിട്ടുള്ളത്. ഉദാ. സൂസൻ കേഴപ്ലാക്കൽ (കൺവീനർ-വാർഡ്6) - 17 ഗുണഭോക്താക്കളുടെ വിഹിതമായ 4,250/-രൂപ 1/34838-ാം നമ്പർ രസീത് പ്രകാരം ഒന്നിച്ച് അടവാക്കി.

ഇത്തരത്തിൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് രസീത് നൽകാത്തതിനാൽ പിരിച്ച തുകയുടെ ആധികാരികത ബോധ്യപ്പെടുന്നില്ല. രസീതുകൾ കൃത്യമായി നൽകാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. വി.ഇ.ഒ കൈപ്പറ്റിയ 34834-ാം നമ്പർ രസീത് ബുക്കിലെ 50 മുതൽ 100 വരെയുള്ള രസീതുകളിലായി 24.03.2025 തീയതിയിൽ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം ടി തുക 22.03.2025 തീയതിയിൽ തന്നെ അടവാക്കിയിട്ടുള്ളതായാണ് കാണുന്നു. തുക പിരിച്ച തീയതിയും അടവാക്കിയ തീയതിയും തമ്മിലുള്ള പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. വി.ഇ.ഒ കൈപ്പറ്റിയ 34844-ാം നമ്പർ രസീത് ബുക്കിലെ 1 മുതൽ 71 വരെയുള്ള രസീതുകളിലായി 22.03.2025 തീയതിയിൽ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ട്. ആയതിൽ 1 മുതൽ 30 വരെയുള്ള രസീത് പ്രകാരം പിരിച്ച തുകകൾ 22.03.2024നും എന്നാൽ പിരിച്ച തുകകൾ 31 മുതൽ 71 വരെയുള്ള രസീത് പ്രകാരം പിരിച്ച തുകകൾ 24.03.2024 നുമാണ് അടവാക്കിയിട്ടുള്ളത്. ഒരേ തീയതിയിൽ പിരിച്ച തുകകൾ വ്യത്യസ്ത തീയതികളിൽ അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (38/30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അക്കൗണ്ട്സ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിനും പണമിടപാടുകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-9 അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം മുതൽ വിവിധ ഹെഡ്ഡുകളിലായി അഡ്വാൻസ് ഇനത്തിൽ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ്ഡ് | ഇനം | തീയതി | തുക |
|---|---|---|---|
| Advance To Implementing Officers | അങ്കണവാടി വാട്ടർ കണക്ഷൻ | 31.03.2023 | 47,389/- |
| Other Advances | സാക്ഷരതാ പ്രേരക്- ഹോണറേറിയം | 03.05.2021 | 65,160/- |
| Tour Travelling Allowance Advance | T A -സെക്രട്ടറി | 07.12.2019 | 1,000/- |

മേൽ പ്രവൃത്തികൾക്കായി അഡ്വാൻസ് നൽകിയ തുകകൾ നാളിതുവരെയും ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.39/30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-10 വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല

1. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട 22/03/2023-ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി സ്ലാബുകൾ പുതിയ നിരക്കിൽ പരിഷ്കരിക്കേണ്ടതും മേഖലകളും റോഡുകളുടെ തരവും പുനർനിർണ്ണയിച്ച് വസ്തുനികുതി പരിഷ്കരിക്കേണ്ടതുമുണ്ട്. 19.04.2023 തീയതിയിലെ 1/1 ഭരണസമിതി തീരുമാന പ്രകാരം

വസ്തുനികുതി നിരക്ക്, മേഖല, റോഡുകൾ എന്നിവ വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിവരെയും വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

2. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണ നടപടികൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ആസ്തികളുടെ ഡിജിറ്റലൈസേഷൻ (പ്രൊ.നം-369/2025) എന്ന പദ്ധതി മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി 02.03.2024 തീയതിയിൽ 6500 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് തീയതിവരെയും പരിഷ്കരിച്ച് ഡിമാന്റ് ചെയ്തിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം-49/2025, തീയതി 31.07.2025) അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-11 മർകസ് നോളജ് സിറ്റി- വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 21 ൽ പ്രവർത്തിക്കുന്ന സ്വകാര്യ ടൗൺഷിപ്പാണ് മർകസ് നോളജ് സിറ്റി. സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയത്തിലും കെട്ടിട നിർമ്മാണ നിയന്ത്രണത്തിലും ഗ്രാമപഞ്ചായത്ത് ചുമതലാപരമായ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

. മർകസ് നോളജ് സിറ്റിക്കകത്ത് വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ വ്യത്യസ്ത മേഖലകൾ നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഉദാ- 21/313 C- ലോ കോളേജ്- മേഖല- ദ്വിതീയം, 21/313 B1- യുനാനി മെഡിക്കൽ കോളേജ്- ദ്വിതീയം, 21/313 B5 ആശുപത്രി- പ്രാഥമിക മേഖല. സർക്കാർ ഉത്തരവ് (അച്ചടി) നം.25/2023/LSGD പ്രകാരം സ്ഥാപനം മേഖലകൾ വിജ്ഞാപനം ചെയ്തതിൽ കൈതപൊയിൽ ടൗണിന്റെ 300 മീറ്റർ വ്യാസാർദ്ധത്തിലുള്ള മേഖലയാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അടിസ്ഥാന സൗകര്യ വികസനം ഏറ്റവും ഉയർന്ന നിലയിലുള്ള മർകസ് നോളജ് സിറ്റി പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടില്ല. മേഖലയിൽ ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് തെരുവ് വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

. മർകസ് നോളജ് സിറ്റിക്കകത്ത് പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് പൂർണ്ണമല്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 5ന് ലഭ്യമാക്കിയ മറുപടിയിൽ നോളജ് സിറ്റിയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് 37,72,870/- രൂപ വസ്തു നികുതി ഇനത്തിൽ കുടിശ്ശികയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്പെടുത്തി വരുന്ന കെട്ടിടങ്ങൾ പൂർണ്ണമായും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ കുടിശ്ശിക തുകയുടെ വ്യാപ്തി അധികരിക്കാനിടയുണ്ട്.


ആസ്തികളുടെ ഡിജിറ്റലൈസേഷൻ (പ്രൊ.നം-369/2025) എന്ന പദ്ധതി മുഖേന തയ്യാറാക്കിയ ദൃഷ്ടി എന്ന വെബ്സൈറ്റിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും മർകസ് സിറ്റിയിൽ നിർമ്മാണം നടക്കുന്ന നിരവധി കെട്ടിടങ്ങളുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങളിൽ 5 കെട്ടിടങ്ങൾക്ക് മാത്രമെ നിലവിൽ നിർമ്മാണ അനുമതിയുള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. 2022 വർഷത്തിൽ പെർമിറ്റില്ലാതെ നിർമ്മിച്ച് കൊണ്ടിരുന്ന ഒരു കെട്ടിടം തകർന്ന് വീഴുകയും ഡിജിറ്റൽ ബ്രിഡ്ജ് ഇന്റർ നാഷണൽ എജ്യുക്കേഷൻ & റിസർച്ച്

പ്രൈവറ്റ് ലിമിറ്റഡിന് 18.01.2022 തീയതിയിൽ A1- 1622/2021 നമ്പറായി ഗ്രാമപഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിരുന്നു. പ്രദേശത്തെ നിർമ്മാണ പ്രവൃത്തികളിന്മേൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ മുഖേന ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ചകളുണ്ടാവുന്നുണ്ടെന്ന് മേൽ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 16/29.07.2025 ) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ മർകസ് നോളജ് സിറ്റിയിൽ നമ്പർ അനുവദിച്ച 12 കെട്ടിടങ്ങളും പെർമിറ്റ് അനുവദിച്ച 5 കെട്ടിടങ്ങളുമാണ് ഉള്ളതെന്നും പെർമിറ്റില്ലാതെ കെട്ടിടങ്ങളൊന്നും നിർമ്മിച്ചിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടിയിൽ പരാമർശിച്ച നമ്പറുള്ളതും പെർമിറ്റ് അനുവദിച്ചതുമായ കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ലോ കോളേജ് | നമ്പർ അനുവദിച്ചത് |
| 2 | MIHRAS ഹോസ്പിറ്റൽ | നമ്പർ അനുവദിച്ചത് |
| 3 | WIRAS | നമ്പർ അനുവദിച്ചത് |
| 4 | കൾച്ചറൽ സെന്റർ | നമ്പർ അനുവദിച്ചത് |
| 5 | സ്പെഷ്യൽ സ്കൂൾ | നമ്പർ അനുവദിച്ചത് |
| 6 | ലൈബ്രറി- റിസർച്ച് സെന്റർ | പെർമിറ്റ് അനുവദിച്ചത് |
| 7 | എക്സിബിഷൻ സെന്റർ | പെർമിറ്റ് അനുവദിച്ചത് |
| 8 | ടൈഗ്രിസ് വാലി വെൽനെസ് സെന്റർ | നമ്പർ അനുവദിച്ചത് |
| 9 | ഫെസിൻ ഹോട്ടൽ | നമ്പർ അനുവദിച്ചത് |
| 10 | എം ടവർ | പെർമിറ്റ് അനുവദിച്ചത് |
| 11 | അലിഫ് ഗ്ലോബൽ സ്കൂൾ | നമ്പർ അനുവദിച്ചത് |
| 12 | സെന്റർ ഓഫ് എക്സലൻസ് | പെർമിറ്റ് അനുവദിച്ചത് |

| | | |
|---|---|---|
| 13 | ഡോർമിറ്ററി | നമ്പർ അനുവദിച്ചത് |
| 14 | കോഫി ഷോപ്പ് | നമ്പർ അനുവദിച്ചത് |
| 15 | ലാന്റ് മാർക് | നമ്പർ അനുവദിച്ചത് |
| 16 | ഐമർ | പെർമിറ്റ് അനുവദിച്ചത് |
| 17 | ഷോപ്പുകൾ | നമ്പർ അനുവദിച്ചത് |

ഐമർ ബിസിനസ് സ്കൂൾ എന്ന സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചതായാണ് മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും (Https://Aimerbschool.Com/) നോളജ് സിറ്റിയിൽ 18 സ്ഥാപനങ്ങൾ 18 കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നുണ്ടെന്നും ഐമർ എന്ന സ്ഥാപനം കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടു. ചിത്രം ചുവടെ ചേർക്കുന്നു.





മർകസ് നോളജ് സിറ്റിയൽ താഴെ പറയുന്ന സ്ഥാപനങ്ങളും കെട്ടിടങ്ങളും പ്രവർത്തിക്കുന്നതായി മേൽ ചിത്രത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്.

1) ലാന്റ് മാർക്
2) ടൈഗ്രിസ് വാലി റിസോർട്
3) മർകസ് യുനാനി മെഡിക്കൽ കോളേജ്
4) വിറാസ് (WIRAS )
5) ഇന്ത്യൻ ഗ്രാന്റ് മസ്ജിദ്
6) ഐമർ ബിസിനസ് സ്കൂൾ

7) സൂക്(Souk)
8) ആൽഫ ഗ്ലോബൽ സ്കൂൾ
9) മലൈബാർ ഫൗണ്ടേഷൻ
10) മർകസ് ലോ കോളേജ്
11) ഹാബിറ്റസ് ലൈഫ് സ്കൂൾ
12) ഹോഗർ ടെക്നോളജീസ്
13) മസ്റ
14) മിഹ്റാസ് ഹോസ്പിറ്റൽ
15) ഹിൽസിനായ് സെന്റർ ഓഫ് എക്സലൻസ്
16) വലൻസിയ ഗലേറിയ
17) ഫെസിൻ ഹോട്ടൽ
18) എം ടവർ


ഗ്രാമപഞ്ചായത്ത് പെർമിറ്റ് അനുവദിച്ചതായി അറിയിച്ച ഐമർ ബിസിനസ് സ്കൂൾ, എം ടവർ, ഹിൽസിനായ് സെന്റർ ഓഫ് എക്സലൻസ് എന്നിവ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിക്കുന്നവയാണെന്നതും വ്യക്തമാണ്. വലൻസിയ ഗലേറിയ, മലൈബാർ ഫൗണ്ടേഷൻ, ആൽഫ ഗ്ലോബൽ സ്കൂൾ എന്നിവ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ നമ്പർ നൽകിയതോ പെർമിറ്റ് നൽകിയതോ ആയ കെട്ടിടങ്ങളിലും ഉൾപ്പെട്ടിട്ടില്ല. ദൃഷ്ടി വെബ്സൈറ്റിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും വലൻസിയ ഗലേറിയ പൂർണ്ണമായും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ദൃഷ്ടിയിൽ നിന്നും ലഭ്യമായ ഡ്രോൺ സർവ്വെ ചിത്രം ചുവടെ ചേർക്കുന്നു.




ദൃഷ്ടി വെബ്സൈറ്റിലെ വിവരങ്ങൾ പ്രകാരം വിവിധ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ അനുബന്ധ കെട്ടിടങ്ങളും

(കാന്റീൻ, വർക്ക്ഷോപ്പ്/ലാബ്) ഹോസ്റ്റൽ കെട്ടിടങ്ങളും പ്രവർത്തിക്കുന്നതായി വ്യക്തമാണ്. ആയതിന് പുറമെ റസിഡൻഷ്യൽ അപ്പാർട്ട്മെന്റുകൾക്ക് അനുബന്ധമായി സ്വിമ്മിംഗ് പൂൾ, ടർഫ് എന്നിവയും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് പ്രത്യകം നമ്പറുകൾ നൽകിയിട്ടില്ലെന്നത് ഓഡിറ്റിന് ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

. കെട്ടിടങ്ങൾ അധിക നിർമ്മാണം നടത്തി വിനിയോഗിക്കുന്നുണ്ടെന്നത് ദൃഷ്ടി സോഫ്റ്റ്‌വെയറിലെ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. ഉദാ- ഫെസിൻ ഹോട്ടൽ ടവർ 2. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരിക്കാത്ത പ്രസ്തുത കെട്ടിടം വാണിജ്യ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടെന്ന് വ്യക്തമായ സാഹചര്യത്തിലും ഹോട്ടൽ കെട്ടിടത്തിന് UA നമ്പർ നൽകി തുടർ നടപടി സ്വീകരിച്ചിട്ടില്ല. ചിത്രം ചുവടെ ചേർക്കുന്നു.




ദൃഷ്ടി സോഫ്റ്റ്‌വെയറിലെ വിവരങ്ങളിൽ നിന്നും മർകസ് സിറ്റിയിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നതും നമ്പർ ഇല്ലാത്തതോ നമ്പർ തിരിച്ചറിയാൻ സാധിക്കാത്തതോ ആയ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.50/31.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മർകസ് നോളജ് സിറ്റിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെമേൽ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ യാതൊരു വിധ നിയന്ത്രണ–നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് മുതൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായി. അപാകങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ആസ്തികളുടെ ഡിജിറ്റലൈസേഷൻ എന്ന പദ്ധതി പ്രകാരം ULCCS ശേഖരിച്ച് സമർപ്പിച്ച വിവരങ്ങൾ സഞ്ചയ, പെർമിറ്റ് രജിസ്റ്റർ എന്നിവയുമായി താരതമ്യപ്പെടുത്തി അനധികൃത കെട്ടിടങ്ങളെ കണ്ടെത്തി കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2) മേഖല നിശ്ചയിച്ച നടപടി പുന:പരിശോധിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 A 2 വിനിയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു

5.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമാകുന്ന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ തുക എത്രയെന്ന് പരാമർശിച്ചിട്ടുണ്ട്. അതുപ്രകാരം വസ്തു നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ പുതുക്കി നിശ്ചയിച്ച്, അന്തിമ വിജ്ഞാപനം പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുമുണ്ട്. ടി വിജ്ഞാപന പ്രകാരം പാർപ്പിട ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങളെ A, B, C, D, E എന്നിങ്ങനെ ഉപവിഭാഗങ്ങൾ ആയി വീണ്ടും തരം തിരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരാളുടെ പേരിലുള്ള ഒന്നിലധികം പാർപ്പിട കെട്ടിടങ്ങളെ സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയും ഉടമസ്ഥൻ വാടകയ്ക്ക് നൽകുവാനുപയോഗിക്കുന്ന കെട്ടിടങ്ങളെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ എന്ന് കണക്കാക്കിയും നികുതി ഏർപ്പെടുത്താത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്കുകൾ താഴെ പറയും പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ളത്.

| ഉപയോഗ ക്രമം | നിരക്ക് |
|---|---|
| സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) 300 ചതുരശ്ര മീറ്റർ വരെ | 6 രൂപ |
| സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) 300 ചതുരശ്ര മീറ്ററിന് മുകളിൽ | 10 രൂപ |
| സ്വകാര്യ ഹോസ്റ്റൽ | 60 |
| ലോഡ്ജ്, ഹോട്ടൽ തുടങ്ങിയ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ (300 ചതുരശ്ര മീറ്റർ വരെ) | 45 |
| ലോഡ്ജ്, ഹോട്ടൽ തുടങ്ങിയ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ (300 ചതുരശ്ര മീറ്റർ വരെ) | 70 |

തെറ്റായ നിരക്ക് നൽകി വസ്തുനികുതി നിർണ്ണയിച്ച രണ്ട് കെട്ടിടങ്ങൾ ഉദാഹരണമായി ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിസ്തീർണ്ണം (ച.മീ.) | കെട്ടിട നം, ഉടമസ്ഥന്റെ | നിലവിൽ കാണിച്ച | യഥാർത്ഥത്തിൽ കാണിക്കേണ്ട | ഈടാക്കിയ | ഈടാക്കേണ്ടി | കുറവ് വന്ന |
|---|---|---|---|---|---|---|---|

| | | പേര് | ഉപയോഗ ക്രമം/ ഏർപ്പെടുത്തിയ നികുതി നിരക്ക് | ഉപയോഗ ക്രമം/ ഏർപ്പെടുത്തേണ്ട നികുതി നിരക്ക് | വസ്തു നികുതി | യിരുന്ന വസ്തുനികുതി (70/- രൂപ നിരക്കിൽ) | തുക |
|---|---|---|---|---|---|---|---|
| 1 | 327.19 | 11/475 P- U അബ്ദുൾ അസീസ്.ഇ.എ, സൈനുദ്ദീൻ ഇ.എ എരേക്കൽ വീട്, മുറമ്പാത്തി, മുറംപാത്തി | പാർപ്പിടാ വശ്യം/ 45 രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യ ത്തിനുള്ളവ 300 ചതുരശ്ര മീറ്റർ മുകളിൽ ഉള്ളവ 70/- രൂപ | 17,015/- രൂപ | 327.19x70+ 10%= 25,194/- രൂപ | 8,179/- രൂപ |
| 2 | 333.46 | 11/161 G-K അബ്ദുൾ റഷീദ് എരഞ്ഞോണ, കൈതപ്പൊയിൽ | പാർപ്പിടാവശ്യം, ഹോം സ്റ്റേ/10 രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യ ത്തിനുള്ളവ 300 ചതുരശ്ര മീറ്റർ മുകളിൽ ഉള്ളവ 73.5/- രൂപ 21/616/J | 3,155/- | 333.46x 70-10% =21,008/- രൂപ | 17,853/- രൂപ |

അബ്ദുൾ റഷീദ്എരഞ്ഞോണ എന്നവരുടെ പേരിൽ പാർപ്പിടാവശ്യത്തിനുള്ള 21/616/J നമ്പർ കെട്ടിടം ഉള്ള സാഹചര്യത്തിലും സ്വന്തം താമസാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകം മൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. തെറ്റായ നികുതി നിരക്ക് നൽകി വസ്തുനികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തെ സൂചിപ്പിക്കുന്നതിനായാണ് രണ്ട് ഉദാഹരണങ്ങൾ ചൂണ്ടികാട്ടിയിട്ടുള്ളത്. സമാനമായ അപാകം നിലനിൽക്കുന്ന മറ്റ് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതും മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി നിരക്ക് സഞ്ചയ സോഫ്ട്‌വെയറിൽ മാറ്റം വരുത്തി കെട്ടിട നമ്പർ നൽകിയ തീയതി മുതലുള്ള ഡിമാൻഡ് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നിരസിച്ച ക്രമവത്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല

2024-25 വർഷത്തെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ (സങ്കേതം) പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് വേണ്ടി ലഭ്യമായ അപേക്ഷകൾ വിവിധ അപാകങ്ങൾ ചൂണ്ടികാട്ടി നിരസിക്കുകയോ തുടർ നടപടികൾ സ്വീകരിക്കാതെ തുടരുകയോ ചെയ്യുന്നതായി കാണുന്നു. കെട്ടിടങ്ങളെ സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം | അപാകത |
|---|---|---|

| | | |
|---|---|---|
| സാലി ഡൊമിനിക് വള്ളികുന്നേൽ | പാർപ്പിടം | തെറ്റായ സൈറ്റ് പ്ലാനും, പ്ലാനും ഹാജരാക്കിയിരിക്കുന്നത് |
| ബെന്നി കെ.വി കണ്ടത്തിൽ | പാർപ്പിടം | Violation Of K P B R 26,29,34,35,42 And 76/4 . |
| അബ്ദുൾ സലാം വയലിലകത്ത് | പാർപ്പിടം | Violation Of K P B R 22/5. |
| ടോണി ജോസഫ് ചെങ്ങടപള്ളി | Residential | സ്കെച്ചും സൈറ്റ്പ്ലാനും തമ്മിൽ വ്യത്യസ്ഥമായതിനാൽ ആയത് വ്യക്തത വരുത്തുന്നതിന് |
| ഷെർലറ്റ് പോൾ, നെല്ലിയാണി | Residential | ആധാരത്തിലെയും സൈറ്റ്പ്ലാനിലെയും അതിരളവുകൾ വ്യത്യസ്തമാണ്, ബിൽഡിംഗിന് മുന്നിലായി നിർമിച്ചിട്ടുള്ള Roof Covered Swimming Pool Built Up Area Calculation ഇൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. KPBR Rule 78 പാലിക്കേണ്ടതാണ്. |
| അബ്ദുൾ ലത്തീഫ് അമ്പായത്തോട് | Non-Residential | Violation Of K P B R 23/2 And 24 |

അപാകങ്ങൾ സംബന്ധിച്ച നോട്ടീസ് പുറപ്പെടുവിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നുണ്ട്. ഇത്തരം നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിലും നോട്ടീസ് സ്ഥിരപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലുമുണ്ടായ വീഴ്ചക്ക് സെക്രട്ടറി ഉത്തരവാദിയാണ്. അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണപൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

ഇത്തരം കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235W പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും U/A നമ്പർ നൽകി പിഴ നിരക്കിൽ വസ്തു നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. മേൽ കെട്ടിടങ്ങളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി

അദാലത്ത് നടത്തുന്നത് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉചിതമാവും. മേൽ കെട്ടിടങ്ങൾ നിലവിൽ ക്രമവത്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 തുടർസാക്ഷരത പ്രവർത്തനം - എസ്.എസ്.എൽ.സി, പ്ലസ്ടു തുല്യത കോഴ്സ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പദ്ധതിയുടെ പേര് | തുടർസാക്ഷരത പ്രവർത്തനം - എസ്. എസ്.എൽ.സി, പ്ലസ് ടു തുല്യത കോഴ്സ് |
| പ്രൊജക്ട് നം. | 494/2025 |
| അടങ്കൽ | 40,000/-രൂപ (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 39,000/-രൂപ |
| ബിൽ നമ്പർ/ തിയ്യതി/തുക | 826/ തീയതി 10.03.2025 (23,400/-രൂപ) |
| | 828/ തീയതി 10.03.2025 (15,600/-രൂപ) |

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമ്പൂർണ്ണ സാക്ഷരതയും തുടർസാക്ഷരതയും ഉറപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ മുൻകാലങ്ങളിൽ പഠനം നിർത്തിയവർക്ക് തുടർപഠനത്തിന് അവസരം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ലഭ്യമാക്കിയ രേഖകൾ, പ്രൊജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫയലിൽ സാക്ഷരത മിഷനിൽ രജിസ്റ്റർ ചെയ്ത രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. പ്ലസ്ടു തുല്യതാ പരീക്ഷയ്ക്കും പത്താംതരം തുല്യതാ കോഴ്സിനു പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ ഇനത്തിൽ ഓരോ പഠിതാക്കൾക്കും എത്ര രൂപയാണ് അനുവദിച്ചതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.

2. സംസ്ഥാന സാക്ഷരതാമിഷനാണ് തുക കൈമാറിയിട്ടുള്ളത്. അടവാക്കിയ തുകയുടെ രസീതി ഹാജരാക്കിയിട്ടില്ല.

3. പത്താം ക്ലാസ്, പ്ലസ്ടു തുല്യതപരീക്ഷയ്ക്കായി ആനുകൂല്യം ലഭ്യമായ 7 പഠിതാക്കളും പ്ലസ്ടു തുല്യതപരീക്ഷയ്ക്കായി ആനുകൂല്യം ലഭ്യമായ 9 പഠിതാക്കളാണുമാണുള്ളത്. അവരുടെ 'കോണ്ടാക്ട് ക്ലാസ്സിൽ' പങ്കെടുത്തതിന്റെയും, പരീക്ഷ എഴുതിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 39,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ

പട്ടിക നം.1

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതിയുടെ പേര് | എസ്.സി വിദ്യാർഥികൾക്ക് ഫർണിച്ചർ |
| പ്രൊജക്റ്റ് നം. | 127/2025 |
| അടങ്കൽ | 1,50,000/- രൂപ (എസ്.സി.പി) |
| ചെലവ് | 1,19,760/-രൂപ (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) |
| ബിൽ നം./വൗച്ചർ നം./തീയതി | ബിൽ ലഭ്യമാക്കിയില്ല. അഥവാ ലഭ്യമാക്കിയ ബിൽ അപൂർണ്ണമാണ്.<br>930/തീയതി: 21.03.2025 (1,43,400/- രൂപ) |

<u>പട്ടിക നം. 2</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതിയുടെ പേര് | എസ്.ടി വിദ്യാർഥികൾക്ക് ഫർണിച്ചർ |
| പ്രൊജക്റ്റ് നം. | 128/2025 |
| അടങ്കൽ | 1,20,000/-രൂപ (ടി.എസ്.പി) |
| ചെലവ് | 58,954/-രൂപ |
| ബിൽ നം./വൗച്ചർ നം./തീയതി | ബിൽ ലഭ്യമാക്കിയില്ല. അഥവാ ലഭ്യമാക്കിയ ബിൽ അപൂർണ്ണമാണ്.<br>930/തീയതി: 21.03.2025 (1,43,400/- രൂപ) |

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ പട്ടികജാതി, പട്ടികവിഭാഗത്തിൽപെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ വകയിരുത്തി മേൽ പട്ടികകളിൽ ചേർത്ത പ്രകാരം ARTCO യിൽ നിന്ന് മേശ, കസേര എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകങ്ങൾ കാണുന്നു.

1. ARTCO യിൽ നിന്ന് ലഭ്യമാക്കിയ ബിൽ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തീയതി | ഇനം | എണ്ണം | തുക (18% GST ഉൾപ്പെടെ) രൂപ |
|---|---|---|---|---|---|
| 1 | 2024-25/KKD 744 | 22-03-2025 | Steel Cushioned Armless Chair | 24 | 32,166.71/- |
| | | | Office Cupboard $1m^2$ – 18 Mm Prelaminated Particle Board- Study Table With Cupboard | 24 | 87,593.19/- |
| | Total | | | | **1,19,759/-** |
| 2 | 2024-25/KKD 747 | 22-03-2025 | Steel Armed Chair Cusioned Seat | 10 | 20,029.91/- |
| | | | Office Cupboard $1m^2$ – 18 Mm Prelaminated Particle Board- Study Table With Cupboard | 22 | 39,717.50/- |
| | Total | | | | **59,747/-** |

ഫയലിൽ ARTCOയിൽ നിന്ന് ലഭ്യമായ മേൽ ബില്ലുകളിലെ ആകെ തുക 1,79,506/- രൂപ (1,19,759 + 59,747) പട്ടിക 1, 2 എന്നിവയിൽ ചേർത്ത ട്രഷറി ബില്ലുമായി(1,43,400/-) പൊരുത്തപ്പെടുന്നില്ല. ചെലവ് പത്രികയിലെ എസ്. സി വിദ്യാർഥികൾക്ക് ഫർണിച്ചർ നൽകൽ പദ്ധതിയുടെ തുക മേൽ പട്ടികയിലെ ക്രമ നമ്പർ 1 മായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ലഭ്യമാക്കിയ ട്രഷറി ബിൽ തുക മേൽ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഫയലുകൾ ക്രമരഹിതമായി വച്ചതിനാൽ എത്ര ഗുണഭോക്തക്കളാണ് ഓരോ പദ്ധതിയിലും ഉള്ളതെന്ന് വ്യക്തമല്ല.

3. ആനുകൂല്യം ലഭിച്ച വിദ്യാർഥികൾക്ക്, എസ്.സി. വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സിൽ നിന്നോ ഇതേ ആവശ്യത്തിനു ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

4. ഒരു വിദ്യാർഥിയ്ക്ക് ഒരു തവണ മാത്രമേ ആനുകൂല്യം നൽകാവൂ എന്ന് മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്, എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിനായി വിദ്യാർഥികളുടെ വിവരങ്ങൾ ഉൾപ്പടുത്തിയുള്ള രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്. ഓരോ വർഷവും സ്കോളർഷിപ്പ്/ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ പേര്, വിലാസം, കോഴ്സ്/വർഷം, നല്കിയ തുക തുടങ്ങിയ പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്.

5.മേൽ പട്ടികയിലെ ബില്ലുകൾ പ്രകാരം ആകെ വാങ്ങിയ മേശ 46 എണ്ണവും കസേര 34 എണ്ണവുമാണ്. 46 മേശകൾക്ക് 34 കസേര വാങ്ങിയതിന്റെ യുക്തിയും വ്യക്തമല്ല. ലഭ്യമാക്കിയ കൈപ്പറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ എസ്.സി വിദ്യാർഥികൾ 16 പേരും എസ്.ടി വിദ്യാർഥികൾ 16 പേരും പഠനോപകരണങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. അഥവാ 46 മേശകളിൽ 32 എണ്ണവും 34 കസേരകളിൽ 32 എണ്ണവും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ബാക്കി 14 മേശകളും 2 കസേരയുമാണുള്ളത്.

30.07.2025 ന് നടത്തിയ സ്ഥല പരിശോധനയിൽ പഞ്ചായത്ത് ഓഫീസിന്റെ പുറത്ത് ഈ പദ്ധതികൾക്കായി വാങ്ങിയ 5 മേശയും 5 Steel Armed Chair Cusioned Seat വിതരണം ചെയ്യാതെ നശിക്കുന്ന രീതിയിൽ പഞ്ചായത്ത് വരാന്തയിൽ സൂക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

6.GO(MS)N0.84/2022/ ത.സ്വ.ഭ.വ. തീയതി 19.04.2022 പൊതു നിബന്ധന 14(1) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണശേഷം മോണിറ്ററിംഗ് ഗ്രൂപ്പുകളായി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

രേഖകൾ ലഭ്യമാക്കുന്നത് വരെ മേൽ പദ്ധതികളുടെ ചെലവ് തുക 1,78,714/-രൂപ (1,19,760+58,954) തടസ്സപ്പെടുത്തുന്നു.

## 1-16 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതിയുടെ പേര് | എസ്.സി വിഭാഗത്തിൽപ്പെട്ട ബിരുദ, ബിരുദാനന്തര ബിരുദ പ്രൊഫഷണൽ കോഴ്സ് വിദ്യാർഥികൾക്ക് ലാപ്ടോപ്പ് |
| പ്രൊജക്റ്റ് നം. | 129/2025 |
| അടങ്കൽ | 1,99,440/-രൂപ<br>(49,440/- രൂപ (തനത് ഫണ്ട്) + 1,50,000/- രൂപ (എസ്.സി.പി)) |
| ചെലവ് | 1,99,440/-രൂപ |
| തുക/ BRN/ ബിൽ നമ്പർ/ തീയതി | 49,440/-രൂപ, 550/26.12.2024 ബാക്കി തുകയുടെ ബിൽ ലഭ്യമല്ല. |

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് തുടർപഠനത്തിനുള്ള പ്രോത്സാഹനം നല്കുന്നതിന്റെ ഭാഗമായി 5 വിദ്യാർഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനാണ് ഈ പ്രൊജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. വികസന ഫണ്ട് എസ്.സി.പി, തനത് ഫണ്ട് 1,99,440/-രൂപ വകയിരുത്തി GeM പോർട്ടൽ മുഖേനയാണ് ലാപ്ടോപ്പ് വാങ്ങിയത്. പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകങ്ങൾ കാണുന്നു.

1. മുഴുവൻ തുകയുടെയും ട്രഷറി ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ലാപ് ടോപ്പ് ലഭിച്ച വിദ്യാർഥികൾക്ക് എസ്.സി. വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സിൽ നിന്നോ ഇതേ ആവശ്യത്തിനു ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

3. ഒരു വിദ്യാർഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യം നൽകാവൂ എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിനായി വിദ്യാർഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള രജിസ്റ്റർ പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല. ഓരോ വർഷവും സ്കോളർഷിപ്പ്/ ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ പേര്, വിലാസം, കോഴ്സ്/വർഷം, നല്കിയ തുക തുടങ്ങിയ പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്.

4. GO(MS)N0.84/2022/ ത.സ്വ.ഭ.വ. തീയതി 19.04.2022 പൊതു നിബന്ധന 14(1) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണശേഷം മോണിറ്ററിംഗ് ഗ്രൂപ്പുകളായി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. അപാകം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.3/2024-25 തീയതി 29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 1,99,440/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-17 ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതിയുടെ പേര് | ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ |
| പ്രൊജക്ട് നം. | 302/2025 |
| അടങ്കൽ | 1,00,000/- രൂപ (തനത് ഫണ്ട്) |
| ചെലവ് | 1,00,000/- രൂപ |
| തുക/ BRN/ ബിൽ നമ്പർ/ തീയതി | 1,00,000/- രൂപ 1035/30.03.2025 |

ഗ്രാമപഞ്ചായത്തിലെ ലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നതിനായാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. ഏതെല്ലാം ലൈബ്രറികൾക്കാണ് പുസ്തകങ്ങൾ കൈമാറിയിട്ടുള്ളത് എന്നും പ്രസ്തുത ലൈബ്രറികൾക്ക് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതാണോ എന്നും വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ട്രഷറി ബിൽ പ്രകാരം Poorna Publications, TBS Building, G.H Road, Calicut- 673001 എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ വാങ്ങിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല. മറ്റ് രണ്ട് സ്ഥാപനങ്ങളിൽ (ഗായത്രി പബ്ലിക്കേഷൻസ്, കോട്ടയം, ലൈബ്രറി എക്യുപ്മെന്റ്സ് & ബുക്സ്, കോഴിക്കോട്) നിന്നും ക്വട്ടേഷൻ വാങ്ങിയതിന്റെ രേഖകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഏത് ലൈബ്രറികൾക്കാണ് പുസ്തകം കൈമാറാൻ ഉദ്ദേശിച്ചിരുന്നത് എന്ന വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ലൈബ്രറികൾക്ക് പുസ്തകം വിതരണം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾക്ക് വീടു നൽകുന്നതിൽ വീഴ്ച

2018 ൽ നിലവിൽ വന്ന അഗതി രഹിത കേരളം പദ്ധതിയിൽ വീട് ആവശ്യമുള്ള 42 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. ഇതിൽ വീട് ആവശ്യമുള്ള 4 ഗുണഭോക്താക്കൾക്ക് നിലവിലും വീട് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് |
|---|---|
| വിൽസൺ ചാലപ്പുറത്ത് | 1 |

| | |
|---|---|
| ലളിത പൂവൻ മലയിൽ | 11 |
| അമ്മിണി തുണ്ടു പറമ്പിൽ | 3 |
| ശ്രീജ കൂനം മാക്കൽ | 9 |

അപാകത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.6/2024-25 തീയതി 30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. 4 ഗുണഭോക്താക്കൾക്കും വീട് നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 ബൊക്കാഷി ബക്കറ്റ് വിതരണം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി -564/25

ചെലവ് തുക -20,01,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ തീയതി - 1013/27.03.2025, 1016/28.03.2025, 1016/31.03.2025

വീടുകളിൽ മാലിന്യ സംസ്കരണത്തിനായി ബൊക്കാഷി ബക്കറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടെണ്ടർ നടപടികളിലൂടെ ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽ എന്ന സ്ഥാപനം വഴി യൂണിറ്റ് ഒന്നിന് 2600/-രൂപ നിരക്കിൽ ലഭ്യമാകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ ഗ്രാമ സഭാ ലിസ്റ്റ്, സെക്രട്ടറി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

2) പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്തിൽ 860 ഗുണഭോക്താക്കളിൽ നിന്ന് 260/-രൂപ വീതം ഗുണഭോക്തൃ വിഹിതമായി പിരിച്ച് 2,23,600/-രൂപ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ 20,01,000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ ക്കുറിപ്പിന് (7/ 2024-25 തീയതി 30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഫൈനൽ ബിൽ അനുവദിക്കുമ്പോൾ ഗുണഭോക്തൃവിഹിതമായി പിരിച്ച തുക മുഴുവൻ ചെലവഴിക്കേണ്ടതും ഗ്രാമസഭാ പട്ടിക,

സെക്രട്ടറി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക എന്നിവ ഹാജരാക്കേണ്ടതുമാണ്. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കുന്നത് വരെ 2,23,600/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-20 ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് - പദ്ധതി നിർവ്വഹണത്തിന് അധിക തുക ചെലവഴിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി -229/25

ചെലവ് തുക - 2,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 2,00,000 (മറ്റുള്ളവ))

ബിൽ നമ്പർ, തീയതി - 993/26.03.2025

ജില്ലാ കലക്ടറുടെ 11.01.2025-ലെ ജില്ലാതല വിദഗ്ധസമിതി യോഗത്തിൽ വെച്ച് നൂതന പദ്ധതിയായി അംഗീകാരം നേടി നടപ്പിലാക്കിയ പദ്ധതിയാണിത്. ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് എന്ന ഈ പദ്ധതിയിൽ രണ്ട് യൂണിറ്റുകളാണ് നിർമ്മിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ജില്ലാതല വിദഗ്ധസമിതിയുടെ പ്രൊജക്ട് നിർദ്ദേശപ്രകാരമല്ലാതെ പദ്ധതി നടപ്പിലാക്കി

പഞ്ചായത്ത് പരിധിയിലെ ക്ഷീര സംഘങ്ങളിലെ കർഷകർക്ക് 50,000/- (50%)സബ്സിഡി നൽകുന്നതിനും ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം സജ്ജമാക്കുന്നതിന് ഫിൽട്ടറിങ് യൂണിറ്റ് അല്ലെങ്കിൽ ഉണക്കിപ്പൊടിക്കുന്ന യന്ത്രം എന്നിവയിലേതെങ്കിലും ഒന്നിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി. എന്നാൽ മേൽ പ്രൊജക്ട് നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ ഒരു യൂണിറ്റിന് 1,00,000/-രൂപ വീതം അനുവദിച്ചിട്ടുണ്ട്.

2) ചെലവ് രേഖകളിലെ അപാകങ്ങൾ

പദ്ധതി ഫയൽ പരിശോധിച്ചതിൽ 2,63,740/-രൂപയുടെ ചെലവുകൾക്കുള്ള രേഖകളാണ് പദ്ധതിയ്ക്ക് വേണ്ടി വന്നിട്ടുള്ളത്. കൃഷി ഓഫീസർ നൽകിയ മറുപടി പ്രകാരം 50 % സബ്സിഡി ആയ 1,31,870/- അനുവദിക്കുന്നതിന് പകരം 2,00,000/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| യൂണിറ്റിന്റെ വിശദാംശം | ചെലവ് രേഖകൾ | ചെലവ് തുക | തയ്യാറാക്കിയ പദ്ധതി പ്രകാരം അനുവദിക്കേണ്ട സബ്സിഡി | അനുവദിച്ചത് |
|---|---|---|---|---|
| കണ്ണോത്ത് ക്ഷീര സഹകരണ സംഘം | റെയ്ഡ്കോ കേരളയുടെ വെർമി കമ്പോസ്റ്റ് ഫിൽട്ടർ മെഷീൻ (ഇൻവോയ്സ് നമ്പർ MKM/220/2024-25/20-03-2025) | 90,000 | 50,000 | 1,00,000 |

| | | | | |
|---|---|---|---|---|
| | ഈ ക്ഷീര സംഘത്തിലെ ശ്രീമതി. ഷീബ മനോജ് മേമ്മാട്ട് എന്ന വ്യക്തിയുടെ കൃഷിയിടത്തിൽ ജൈവവള യൂണിറ്റ് നിർമ്മിച്ചതിന് മോഡേൺ ഇൻഡസ്ട്രിയൽ എന്ന സ്ഥാപനത്തിന് അനുവദിച്ച തുക | 52,540 | | |
| മൈക്കാവ് ക്ഷീര സഹകരണ സംഘം | റെയ്ഡ്കോ കേരളയുടെ വെർമി കമ്പോസ്റ്റ് ഫിൽട്ടർ മെഷീൻ (ഇൻവോയ്സ് നമ്പർ MKM/221/2024-25/20-03-2025) | 90,000 | 50,000 | 1,00,000 |
| | ഈ ക്ഷീര സംഘത്തിലെ ശ്രീ.സുഗത്കുമാർ എന്ന വ്യക്തിയുടെ കൃഷിയിടത്തിൽ ജൈവവള യൂണിറ്റ് നിർമ്മിച്ചതിന് മഹാരാജ് സ്റ്റീൽ എന്ന സ്ഥാപനത്തിന് അനുവദിച്ച തുക | 31200 | | |

3) പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ അംഗീകരിച്ച ഗ്രാമസഭാ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6) പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ള 2,00,000/- രൂപ ആരുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തത് എന്ന് പരിശോധിക്കുന്നതിന് യു.ടി.ആർ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള സാംഖ്യാ ബില്ലിൽ ശ്രീമതി.ഷീബ മനോജ്, ശ്രീ.സുഗത്കുമാർ, റെയ്ഡ്കോ കേരള, മഹാരാജ സ്റ്റീൽ, മോഡേൺ ഇൻഡസ്ട്രിയൽ എന്നിവർക്ക് തുക നൽകിയതിന്റെ 4,00,000/- രൂപയുടെ സാംഖ്യാ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്.

7) 30.07.2025ന് കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ പദ്ധതി പ്രദേശം സന്ദർശിച്ചു. പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ശ്രീമതി.ഷീബ മനോജ്, ശ്രീ.സുഗത് കുമാർ എന്നീ ക്ഷീര കർഷകരുടെ വീട്ടീൽ ആണ് മെഷീനുകൾ സൂക്ഷിച്ചിട്ടുള്ളത്. പ്രവർത്തിപ്പിക്കാൻ തുടങ്ങിയിട്ടില്ല. ശ്രീമതി.ഷീബ മനോജിന്റെ വീട്ടിൽ ഷെഡ് നിർമ്മാണം നടത്തിയിട്ടില്ല. എന്നാൽ ഫയലിൽ ശ്രീമതി.ഷീബ മനോജ് മേമ്മാട്ട് എന്ന വ്യക്തിയുടെ കൃഷിയിടത്തിൽ ജൈവവള യൂണിറ്റ് നിർമ്മിച്ചതിന് മോഡേൺ ഇൻഡസ്ട്രിയൽ എന്ന സ്ഥാപനത്തിന് അനുവദിച്ച തുക 52,540/-രൂപയുടെ ബില്ല് ഫയലിൽ വച്ചിട്ടുണ്ട്. നടത്താത്ത പ്രവൃത്തിയ്ക്ക് ബിൽ പ്രകാരം തുക മാറി നല്കിയത് വിശദീകരിക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (8/ 2024-25 തീയതി 30.07.2025) ലഭ്യമാക്കിയ മറുപടിയിൽ 50,000/- രൂപ എന്നത് പരമാവധി തുകയായി നിജപ്പെടുത്താതെ പദ്ധതി ചെലവിന്റെ ആകെ 50% സബ്സിഡി പരമാവധി 1,00,000/- എന്ന രീതിയിലാണ് നടപ്പിലാക്കിയത് എന്ന മറുപടി അംഗീകരിക്കാൻ സാധിക്കില്ല. പ്രൊജക്ട് നിർദ്ദേശങ്ങൾക്കും ജില്ലാതല വിദഗ്ധസമിതിയുടെയും തീരുമാനത്തിന് വിരുദ്ധമായി അധികം ചെലവഴിച്ച 1,00,000/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്. പദ്ധതിപ്രകാരം ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്, ക്ഷീര സംഘം അല്ലെങ്കിൽ കാർഷിക കർമ്മ സേനകൾ വഴി വില്പന നടത്തണം. രണ്ട് യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ച് ചാണകപ്പൊടി പാൽ സൊസൈറ്റി വഴി വില്പന നടത്തുന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കുന്നത് വരെ ബാക്കി 1,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-21 ഫാം ടൂറിസം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി – 257/25 (89/24)

ചെലവ് തുക - 3,26,263/-

ബിൽ നമ്പർ തീയതി - 792/24.03.2025, 740/20.03.2025, 649/11.03.2025, 5/09.05.2024

മികച്ച കൃഷിയിടങ്ങൾ, ടൂറിസം ഡെസ്റ്റിനേഷനുകൾ, പ്രകൃതി മനോഹാരിത എന്നിവ സംയോജിപ്പിച്ചു കൊണ്ട് കൃഷി വകുപ്പിന്റെ ജൈവഗൃഹം രൂപത്തിലാണ് പദ്ധതി വിഭാവനം ചെയ്തത്. ഫാം ടൂറിസം പദ്ധതിയ്ക്കായി വാങ്ങിയ ഷാമിയാനകൾ എക്സിബിറ്റ്സ് മുതലായവ ഉപയോഗിക്കാൻ തുടങ്ങാതെ കൃഷിഭവനിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി പ്രകാരം 2,00,000/-രൂപ സ്പ്രിങ്ങ് വാലി ഫിഗ് എന്ന സമിതിയിലെ 4 അംഗങ്ങളുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഇതിൽ വാർഡ് 15-ലെ സജി ജോസഫിന്റെ കൃഷിയിടം സന്ദർശിച്ചു. നിലവിൽ ടിയാന്റെ ഫാമുകൾ ടൂറിസത്തിനായി തുറന്നിട്ടിട്ടില്ല. സൈൻ ബോർഡുകൾ എടുത്ത് മാറ്റി വച്ച അവസ്ഥയിലാണ്. നാല് ഫാമുകളും ടൂറിസത്തിനായി തുറന്ന് നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

ഫാം ടൂറിസത്തിനായി വാങ്ങിയ സാധനങ്ങൾ സ്ഥലം കണ്ടെത്തി സെറ്റ് ചെയ്ത് പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (52/2024-25 തീയതി 02.08.2025) ലഭ്യമാക്കിയ മറുപടിയിൽ വാങ്ങിയ സാധനങ്ങൾ ജില്ലാ പഞ്ചായത്തിൽ അനുവദിച്ച

ഓഫീസ് പ്രവർത്തനക്ഷമമാവുന്നതോടെ പൊതു സാധനങ്ങൾ അവിടേക്ക് ഷിഫ്റ്റ് ചെയ്യുകയും ആവശ്യാനുസരണം പഞ്ചായത്ത്തല സമിതികൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകുമെന്നാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പദ്ധതിയ്ക്കാവശ്യമായ സാധനങ്ങൾ ആദ്യമേ വാങ്ങി കൃഷി ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നത് വീഴ്ചയാണ്. പദ്ധതി ലക്ഷ്യം കൈവരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 തേൻ സംഭരണ വിപണന കേന്ദ്രം- തേൻ മ്യൂസിയം - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പദ്ധതിയ്ക്കാവശ്യമായ ഉപകരണങ്ങൾക്ക് അഡ്വാൻസ് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി -224/25

ചെലവ് തുക - 90,600/- (ബ്ലോക്ക് ഫണ്ട്)

ബിൽ നമ്പർ തീയതി- 798/25.03.2025

പഞ്ചായത്തിൽ തേനീച്ച കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി തേൻ അധിഷ്ഠിതമായ ഒരു മ്യൂസിയം ഒരുക്കുന്നതിനും തേനീച്ച കൃഷിയുമായി ബന്ധപ്പെട്ട ഒരു പാഠശാലയായി മ്യൂസിയം മാറ്റുന്നതിനും വിപണന സൗകര്യം ഒരുക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരി കേന്ദ്രീകരിച്ച് തേൻ മ്യൂസിയം ഒരുക്കുന്നതിനുള്ള സംയുക്ത പദ്ധതിയാണ് ഇത്. രണ്ട് ലക്ഷം വികസന ഫണ്ടും രണ്ട് ലക്ഷം ബ്ലോക്ക് ഫണ്ടുമാണ് പദ്ധതിയ്ക്ക് വകയിരുത്തിയത്. ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 90,600/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ തുകയിൽ 5,000/-രൂപ പരസ്യ ചെലവുകൾക്കു് മുഹമ്മദ് ഫാസിൽ എന്നവരുടെ അക്കൗണ്ടിലേക്കും 85,600/-രൂപ ഫെഡറേഷൻ ഓഫ് ഇന്റിജീനിയസ് എപ്പികൾച്ചറിസ്റ്റ്. എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് തേനീച്ച കൂടുകളും ഡിസ്പ്ലെ ബോർഡുകളും വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ഉണ്ട്. സ്ഥല പരിശോധനയുടെ ഭാഗമായി വാങ്ങിയ സാധനങ്ങൾ ഭൗതിക പരിശോധന നടത്തുന്നതിനായി ആവശ്യപ്പെട്ടപ്പോൾ ഹണി ഫാമിന് സ്ഥല സൗകര്യമൊരുങ്ങിയിട്ടില്ലാ ത്തതിനാൽ ഇവ കൊണ്ടുവന്നിട്ടില്ല എന്നും പദ്ധതി ബഹുവർഷ പദ്ധതിയായതിനാൽ പദ്ധതി നടന്നു വരുന്നേയുള്ളു എന്നും അറിയിച്ചു. സ്ഥല സൗകര്യമൊരുക്കാതെ പദ്ധതിയ്ക്കാവശ്യമായ വസ്തുക്കൾക്ക് അഡ്വാൻസ് നൽകിയത് ശരിയായ നടപടിയല്ല. 2025-26 വർഷത്തിൽ 3,00,000/-രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി തുടർച്ചയായി നടപ്പിലാക്കുന്നില്ല. കൂടാതെ ഈ പദ്ധതി നൂതന പദ്ധതിയായിട്ടാണ് നടപ്പിലാക്കിയതെങ്കിലും നൂതന പദ്ധതിയ്ക്ക് ലഭിക്കേണ്ട ജില്ലാതല വിദഗ്ധസമിതിയുടെ അനുമതിയോ കോഡിനേഷൻ കമ്മറ്റി തീരുമാനമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 51/2024-25 തീയതി 02.08.2025) ലഭ്യമാക്കിയ മറുപടിയിൽ ഈ വർഷം കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതോടെ മേൽ വസ്തുക്കൾ മ്യൂസിയത്തിലേക്ക് എത്തിക്കുമെന്ന് അറിയിച്ചു. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് മുന്നേ അവിടേക്കാവശ്യമായ സാധനങ്ങൾ ലഭ്യമല്ലാതെ ബിൽ തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 85,600/- രൂപയുടെ ചെലവ് തുക

ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-23 ഹരിതകർമ്മസേനയുടെ വരവ് തുക അക്കൗണ്ടിൽ അടവാക്കിയതിൽ കുറവ്**

വി.ഇ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 25/2025 പദ്ധതിയിൽ അതിദരിദ്ര, ആശ്രയ, എസ്.ടി ഗുണഭോക്താകളുടെ യൂസർഫീ ഇനത്തിൽ 1,00,000/-രൂപ 24.03.2025 ന് ഹരിത കർമ്മസേനയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ തുക ഹരിതകർമ്മ സേനയുടെ അക്കൗണ്ടിൽ ക്രഡിറ്റായതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി 2024 ഡിസംബർ മാസം മുതൽ 2025 ഏപ്രിൽ മാസം വരെയുള്ള ഹരിതകർമ്മ സേനയുടെ വരവ് തുകകളും ഇവ ബാങ്കിൽ അടയ്ക്കുന്നതിന്റെ വിശദാംശങ്ങളും പരിശോധിച്ചപ്പോൾ കളക്ഷൻ തുകകൾ പൂർണ്ണമായും ബാങ്കിൽ അടച്ചതായി കാണുന്നില്ല. യൂസർ ഫീസ് വരവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം ഈ കാലയളവിൽ 16,19,405/-രൂപ വരവ് ഉണ്ട്. എന്നാൽ ഹരിതകർമസേനയുടെ ഫെഡറൽ ബാങ്കിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-20570100026598) 12/2024 മുതൽ 5.05.2025 വരെ അടവാക്കിയിട്ടുള്ളത് 11,28,382/- രൂപയാണ്. അടവാക്കിയതിൽ 4,91,023/- രൂപയുടെ വ്യത്യാസം കാണുന്നു. കൂടാതെ ഈ കാലയളവിൽ ഹരിതകർമ്മ സേന വേർതിരിക്കുന്ന ഉപയോഗയോഗ്യമായ മാലിന്യങ്ങൾ വിൽപ്പന നടത്തിയതിന്റെയും വരവ് തുകകൾ അക്കൗണ്ടിൽ അടച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുമില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (9/2024-25 തീയതി 30.07.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-24 ഇടവിളകൃഷിയിലൂടെ അധിക വരുമാനം - പദ്ധതിയ്ക്കായി വിത്തുകൾ വാങ്ങിയതിലെ അപാകങ്ങൾ**

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ
പദ്ധതി -73/2025
ചെലവ് തുക - 4,00,000/- (വികസന ഫണ്ട്)
ബിൽ നമ്പർ തീയതി - 803/06.03.2025

പദ്ധതി പ്രകാരം റെയ്ഡ്കോ എന്ന സ്ഥാപനത്തിൽ നിന്ന് 543/-രൂപ വിലയുള്ള 737 ഇടവിള കിറ്റുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ റെയ്ഡ്കോ സമർപ്പിച്ചിട്ടുള്ള ബില്ലിൽ ഏതെല്ലാം വിളകൾ ആണെന്നും ഓരോന്നും എത്ര കിലോഗ്രാം വീതമാണ് ഓരോ കിറ്റിൽ ഉള്ളത് എന്നും വ്യക്തമാക്കാതെ യാണ് ബിൽ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാമമാത്ര ചെറുകിട കർഷകർ ആണ് എന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. ഏതെല്ലാം വിളകളാണെന്ന് വ്യക്തമാക്കി ഓരോന്നിന്റെയും ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് എത്രയെന്നും വ്യക്തമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.10/2024-25 തീയതി 30.07.2025) രേഖകളോന്നും ഹാജരാക്കാതെ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-25 2022 വർഷത്തിൽ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വ്യക്തമായ രേഖകളില്ലാതെ പദ്ധതി നടപ്പിലാക്കി**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

2022 വർഷത്തിൽ അജൈവ മാലിന്യം നീക്കം ചെയ്ത ഇനത്തിലെ കുടിശ്ശിക തുക നൽകുന്നതിനായി തൻവർഷം രണ്ട് പദ്ധതികളിലൂടെ തുക ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ നിന്ന് ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യങ്ങൾ വേർതിരിച്ച് തിരസ്കൃത പാഴ്‌വസ്തുക്കൾ സംസ്ക്കരിക്കുന്നതിനായി ഈ അജൈവ മാലിന്യങ്ങൾ കയറ്റി അയയ്ക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണിത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ക്രമനമ്പർ | പദ്ധതി | ചെലവ് തുക | ബിൽ നമ്പർ തീയതി |
|---|---|---|---|
| 1 | 478/25 | 57769 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 945/22.3.25 |
| 2 | 496/25 | 102308 (വികസന ഫണ്ട്) | 944/22.3.25 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്രമ നമ്പർ ഒന്ന് പ്രകാരം 57,769/-രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുള്ളത് യാതൊരു അനുബന്ധ രേഖകളും ഇല്ലാതെയാണ്.

2) ക്രമ നമ്പർ രണ്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ള മാലിന്യങ്ങൾ തൂക്കം എടുത്തിട്ടുള്ളത് വി.കെ ഇലക്ട്രോണിക് വെയ്ബ്രിഡ്ജ് താമരശ്ശേരി എന്ന് സ്ഥാപനത്തിൽ നിന്നാണ്. എന്നാൽ തൂക്കം എടുത്തിട്ടുള്ളത് പഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലല്ല.

3) പദ്ധതികൾ പ്രകാരം തിരസ്കൃത പാഴ്‌വസ്തുക്കൾ സംസ്ക്കരിക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് കിലോയ്ക്ക് 11.8/- രൂപ പ്രകാരം അനുവദിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടെണ്ടർ നടപടികളിലൂടെ സ്ഥാപനത്തെ തെരഞ്ഞെടുത്തിരുന്നെങ്കിൽ പദ്ധതി നടത്തിപ്പിന് ചെലവ് കുറയുമായിരുന്നു എന്ന സാധ്യത പരിഗണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യങ്ങൾ കാര്യക്ഷമമായി വേർതിരിച്ച് വിൽപ്പന നടത്തി വരുമാനം ആർജിക്കേണ്ടതാണ്. സ്വന്തം മാലിന്യം സ്വന്തം ഉത്തരവാദിത്വം എന്ന തത്വത്തിലധിഷ്ഠിതമായി തിരസ്കൃത മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കാവുന്നതും അതുവഴി അവ കയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്ന വലിയ ബാധ്യത ഒഴിവാക്കാവുന്നതുമാണ്. മേൽ നടപടികൾ പാലിക്കാതെ ഗ്രാമപഞ്ചായത്തിന് ബാധ്യത വരുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) ക്ലീൻ കേരള കമ്പനി, ഹരിതകർമ്മ സേന വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ കൊണ്ടു പോയി. ഉപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങൾ സ്ഥാപനം സംസ്ക്കരിക്കുന്നത് എങ്ങനെയെന്നതിന്റെ സാക്ഷ്യപത്രം

ഹാജരാക്കിയിട്ടില്ല. അതായത് ഏത് സ്ഥാപനത്തിലാണോ മാലിന്യം സംസ്ക്കരിക്കുന്നത് ആ സ്ഥാപനത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.10/2024-25 തീയതി 30.07.2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

## 1-26 ഗുണഭോക്തൃ വിഹിതം അടവാക്കിയ ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തില്ല

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി – 371/25

ചെലവ് തുക -17,66,233/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ, തീയതി - 866/14.03.2025

വീടുകളിൽ മാലിന്യം സംസ്കരിക്കുന്നതിനായി റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. 11.01.2024-ലെ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാന പ്രകാരം ടെണ്ടറിൽ ഒരു യൂണിറ്റിന് 1,998/- രൂപ കോട്ട് ചെയ്ത ഗോൾഡൻ ബിൽഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങാൻ തീരുമാനിക്കുകയും 11.01.2024 ന് ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ ഈ സ്ഥാപനം നാളിതുവരെ 884 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. 1071 ഗുണഭോക്താക്കൾ യൂണിറ്റിന് 200/-രൂപ വീതം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുള്ളതാണ്. 187 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ എത്തിച്ചു നൽകാത്തതിന് സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്. 1071 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതമായി 2,14,200/- ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.12/ 2024-25 തീയതി 30.07.2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്ര വാഹനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി -63/2025

ചെലവ് തുക - 2,38,599/- (വികസന ഫണ്ട് ജനറൽ )

ബിൽ നമ്പർ, തീയതി - 831/11.03.2025

വനിതാ ഗുണഭോക്താക്കൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൽ നാല് ഗുണഭോക്താക്കൾക്ക് അവർ വാങ്ങിയ സ്ക്കൂട്ടർ വിലയുടെ 50% തുക ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 28.05.2022ലെ സ.ഉ(കൈ) 115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ

ഖണ്ഡിക 6-5-10 പ്രകാരം ഗുണഭോക്താക്കൾ തൊഴിൽ രഹിതരായിരിക്കണം, ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപ്പന നടത്തി ഉപ ജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം. ഇവിടെ ആനുകൂല്യം നൽകിയിട്ടുള്ള രണ്ട് ഗുണഭോക്താക്കൾക്ക് മേൽകാണിച്ച നിബന്ധന പ്രകാരം സബ്സിഡി ലഭിക്കുന്നതിന് അർഹതയില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ സബ്സിഡി തുക | തൊഴിൽ |
|---|---|---|
| ശ്രീമതി, ലിന്റാ മാമ്പൽ | 47,510/- | വീടുകളിൽ പോയി ട്യൂഷൻ എടുക്കുന്നു |
| ശ്രീമതി, അഞ്ജു ജോർജ്ജ് | 47,359/- | ഫിറ്റ്നസ് ട്രെയിനർ |

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14/ 2024-25 തീയതി 30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 94,869/-രൂപ (47510+47359) തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 തെങ്ങ് കൃഷി വികസനം - രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ പദ്ധതി ഭാഗികമായി നടപ്പിലാക്കിയതിനാൽ ലക്ഷ്യം കൈവരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി – 252/2025 (സ്പിൽ ഓവർ)

ചെലവ് തുക - 74,000/- (വികസന ഫണ്ട്)

ബിൽ നമ്പർ, തീയതി - 202/09.05.2024

രോഗം ബാധിച്ച തെങ്ങ് മുറിച്ചു മാറ്റുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. തെങ്ങ് മുറിച്ചു മാറ്റുന്നതിനുള്ള ചെലവ് തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് വിശദാംശം പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 28.05.2022-ലെ സ.ഉ(കൈ) 115/2022/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖ ഖണ്ഡിക 6-16 പ്രകാരം കേട് വന്ന തെങ്ങുകൾ മുറിച്ച് മാറ്റുന്നതിനും പുതിയ തൈകൾ വെക്കുന്നതിനുമാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഇവിടെ തെങ്ങ് മുറിച്ച് മാറ്റുന്നതിന് മാത്രമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സബ്സിഡി നിരക്കിൽ തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടില്ല. കൂടാതെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാമമാത്ര ചെറുകിട കർഷകർ ആണ് എന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/2024-25 തീയതി 30.07.2025) ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിലുറപ്പ് പദ്ധതി വഴി ഗുണഭോക്താക്കൾക്ക് തൈകൾ വിതരണം ചെയ്തിട്ടുണ്ട്

എന്ന് അറിയിച്ചു. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തൈ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-29 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

01.02.2012 തീയതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. PWD മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. ചുവടെ കൊടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിലും പിഴ ഈടാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018-ലെ എ.സി2/223/2015 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ല്യൂ.ഡി മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ കരാറുകാരിൽ നിന്നും 114,689/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ/ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ്/ ബിൽ നമ്പർ | കരാർ തീയതി/ കരാറുകാരൻ/ സൈറ്റ് ഏറ്റെടുത്ത തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ പൂർത്തീകരിച്ച തീയതി/ ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 314/25 മില്ലും പടി മേരിലാന്റ് റോഡ് കലുങ്ക് നിർമ്മാണം | (2024-25-ലെ അടങ്കൽ) 38,787/- (MG-Road) | 1)10,93,507/- Bill Sanction Oredr No-68 Dated 20-07-2023 2)38,787/- | 28.03.2023/ ബിജോ.കെ.പി/ 28.03.2023/ Agreed PAC-10,02,368/- | 06.10.2023/ 10.5.2024/ 3% Of 10,02,368= 30,071/- |

| | | | | | |
|---|---|---|---|---|---|
| | | | Bill Sanction Oredr No-297 Dated 27-08-2024 | | |
| 2 | 295/25<br>അംബേദ്കർ പാത്തിപ്പാറ നൂറാം തോട് കോലിക്കുന്ന് വട്ടച്ചിറ പട്ടിക വർഗ്ഗ കോളനികളിൽ ജലസംഭരണി സ്ഥാപിക്കൽ | 495,000/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,94,772/-<br>Bill Sanction Oredr No-257 Dated 19-07-2024 | 10-03-2023<br>ജിമ്മി ഡേവിഡ്<br>10-03-2023<br>Agreed PAC-4,48,361/- | 16.09.2023/<br>01.11.2023/<br>1% Of 4,48,361= 4,484/**-** |
| | 290/24-25<br>ചെമ്പിലി പൊതു ശ്മശാനം- ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം | 25,80,000/-<br>(CFC-5,80,000/-, Block Share-20,00,000/-) | 25,80,000/-<br>1)Bill Ref No.260 Dated 19-07-2024, Bill Amount =15,84,183/-<br>2)Bill Ref No.939 Dated 22-03-2024, Bill Amount=5,80,000/-<br>3)Bill Ref No.941 Dtd 22-03-2025,Bill Amount=4,15,817/- | 17-08-2021/<br>JWALAA Equipment & Consultant/<br>17-08-2021/<br>25,80,000/- | **120 Days/**<br>**15-07-2024/**<br>**3% Of 25,80,000/-=77,400/-** |
| **ആകെ** | | | | | **1,11,955/-** |

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരോട് വിശദീകരണം ആവശ്യപ്പെട്ടതായി കാണുന്നില്ല. അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.41/2024-25 തീയതി 30-07-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാനുണ്ടായ കാലതാമസവും, മേൽ പ്രവൃത്തികളിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്

നഷ്ടം വന്ന 1,11,955/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതും അപാകത്തിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-30 സ്കൂൾ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം- അപാകങ്ങൾ

പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനായി 2023-24, 2024-25 വർഷങ്ങളിലായി 1.25 കോടിയിൽ അധികം തുക വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം, പേര് | 2023-24 ൽ വകയിരുത്തിയ തുക | 2024-25 ൽ വകയിരുത്തിയ/ ചെലവഴിച്ച തുക | പദ്ധതിയ്ക്ക് ആകെ വകയിരുത്തിയ തുക | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|---|
| **2023-24** | | | | | |
| 1 | 367/23-24 നൂറാംതോട് എ.എം.എൽ.പി സ്കൂൾ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (New) | വകയിരുത്തിയ തുക= 7,00,000/- ചെലവഴിച്ച തുക= 0 | (294/24-25-SO) വകയിരുത്തിയ തുക= 7,00,000/- ചെലവഴിച്ച തുക= 6,97,725/- | 7,00,000/- | 6,97,725/- |
| 2 | (368/23-24) സെന്റ് ജോർജ്ജ് ഹൈസ്കൂൾ വേളം കോട് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (New) | വകയിരുത്തിയ തുക= 10,00,000/- ചെലവഴിച്ച തുക= 0 | (320/24-25-SO) വകയിരുത്തിയ തുക= 10,00,000/- ചെലവഴിച്ച തുക= 4,46,231/- | 10,00,000/- | 4,46,231/- |
| 3 | 369/23-24 സെന്റ് ജോസഫ് ഹൈസ്കൂൾ കോടഞ്ചേരി ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (New) | വകയിരുത്തിയ തുക= 10,00,000/- ചെലവഴിച്ച തുക= 0 | (327/24-25-SO) വകയിരുത്തിയ തുക= 10,00,000/- ചെലവഴിച്ച തുക= 2,80,000/- | 10,00,000/- | 2,80,000/- |
| 4 | 390/23-24 സെന്റ് ആന്റണീസ് ഹൈസ്കൂൾ കണ്ണോത്ത് സോക്ക് പിറ്റ് | വകയിരുത്തിയ തുക= 4,00,000/- ചെലവഴിച്ച തുക= 0 | (351/24-25-SO) വകയിരുത്തിയ തുക= 4,00,000/- | 4,00,000/- | 3,30,520/- |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം (New) | | ചെലവഴിച്ച തുക= 3,30,520/- | | |
| 5 | 269/23-24 സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം(SO) | വകയിരുത്തിയ തുക= 4,85,279/- ചെലവഴിച്ച തുക= 4,84,018/- | 2024-25 ൽ പുതിയ പദ്ധതി (437/24-25) രൂപീകരിച്ചിട്ടുണ്ട്. | 4,85,279/- | 4,84,018/- |
| 6 | 193/23-24 സെന്റ് ആന്റണീസ് ഹൈസ്കൂൾ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം (New) | വകയിരുത്തിയ തുക= 9,00,000/- ചെലവഴിച്ച തുക= 5,43,145/- | (344/24-25-SO) വകയിരുത്തിയ തുക= 3,56,855/- ചെലവഴിച്ച തുക= 3,06,429/- | 9,00,000/- | 8,49,574/- |
| 7 | 192/23-24 ചെമ്പ് കടവ് ജി.യു.പി സ്കൂൾ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം (New)(Govt.School) | വകയിരുത്തിയ തുക= 9,00,000/- ചെലവഴിച്ച തുക= 5,14,184/- | (317/24-25-SO) വകയിരുത്തിയ തുക= 3,85,816/- ചെലവഴിച്ച തുക= 2,01,363/- | 9,00,000/- | 7,15,547/- |
| **2024-25** | | | | | |
| 8 | 433/24-25 കണ്ണോത്ത് ഹൈസ്കൂൾ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (New) | വകയിരുത്തിയ തുക= 10,00,000/- ചെലവഴിച്ച തുക= 0 | ----- | 10,00,000/- | Nil |
| 9 | 434/24-25 കോടഞ്ചേരി ഹൈസ്കൂൾ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (New) | വകയിരുത്തിയ തുക= 23,00,000/- ചെലവഴിച്ച തുക= 0 | ----- | 23,00,000/- | Nil |
| 10 | 435/24-25 ഈരൂട് സെന്റ് ജോസഫ് എൽ.പി. സ്കൂൾ ടോയ്‌ലറ്റ് | വകയിരുത്തിയ തുക= 7,00,000/- ചെലവഴിച്ച തുക= 0 | ----- | 7,00,000/- | Nil |

| | | | | | |
|---|---|---|---|---|---|
| | കോംപ്ലക്സ് നിർമ്മാണം (New) | | | | |
| 11 | 436/24-25 സെന്റ് തോമസ് എൽ.പി സ്കൂൾ നെല്ലിപ്പൊയിൽ ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മാണം (New) | വകയിരുത്തിയ തുക= 10,00,000/- ചെലവഴിച്ച തുക= 0 | ----- | 10,00,000/- | Nil |
| 12 | 437/24-25 സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ ടോയ്ലറ്റ് കോംപ്ലക്സ നിർമ്മാണം(New) | വകയിരുത്തിയ തുക= 1,200,000/- ചെലവഴിച്ച തുക= 0 | ----- | 1,200,000/- | Nil |
| 13 | 438/24-25 കോടഞ്ചേരി ഹൈസ്കൂളിൽ സോക പിറ്റ് നിർമ്മാണം (New) | വകയിരുത്തിയ തുക= 5,00,000/- ചെലവഴിച്ച തുക= 0 | ----- | 5,00,000/- | Nil |
| 14 | 440/24-25 സെന്റ് തോമസ് എൽ.പി.എസ് നെല്ലിപ്പൊയിൽ സോക്കപിറ്റ് നിർമ്മാണം | വകയിരുത്തിയ തുക= 5,00,000/- ചെലവഴിച്ച തുക= 0 | ----- | 5,00,000/- | |
| | ആകെ | | | **12,585,279/-** | **3,803615/-** |

എന്നാൽ പദ്ധതി രൂപീകരണ ഫയലുകൾ പരിശോധിച്ചതിൽ സ്കൂളുകളിൽ ഓരോന്നിലും ടോയ്ലറ്റുകൾ എത്രയുണ്ട് എന്നത് സംബന്ധിച്ചോ എത്ര ടോയ്ലറ്റുകൾ കെട്ടിട നിർമ്മാണ ചട്ട പ്രകാരം ഓരോ സ്കൂളുകൾക്കും ആവശ്യമുണ്ട് എന്നത് സംബന്ധിച്ചോ ഉള്ള വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണുന്നു. ഇതിനാൽ മേൽ പട്ടിക പ്രകാരം രൂപീകരിച്ച് നിർവ്വഹിച്ച പദ്ധതികളുടെ ആവശ്യകത ഉറപ്പാക്കാനായിട്ടില്ല. പഞ്ചായത്തിൽ ആകെ രണ്ട് സർക്കാർ സ്കൂളുകൾ മാത്രമാണുള്ളത്. 1.ചെമ്പ്കടവ് GMUP സ്കൂൾ, 2. മുറംപാത്തി GMLP സ്കൂൾ എന്നിവയാണവ. ഇതിൽ ചെമ്പ്കടവ് GMUP സ്കൂളിൽ ടോയ്ലറ്റ് നിർമ്മിക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. മുറംപാത്തി GMLP സ്കൂളിൽ നിലവിൽ ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മിക്കേണ്ടതായ ആവശ്യകതയുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ ടോയ്ലറ്റ് സൗകര്യങ്ങൾ ഉറപ്പ് വരുത്തിയാവണം എയിഡഡ് സ്കൂളുകളുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നത്. ഇത് ഉറപ്പ് വരുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും

എസ്റ്റിമേറ്റിൽ വിശദ വിവരങ്ങൾ ഉൾപ്പെടുത്താത്തതിലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (45/2025 തീയതി 30-07-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി പദ്ധതി രൂപീകരിച്ച മേൽ പട്ടികയിൽ പരാമർശിച്ച സ്കൂളുകളിൽ കെട്ടിട നിർമ്മാണ ചട്ട പ്രകാരം ആവശ്യമുള്ള ആകെ ടോയ്‌ലറ്റുകളുടെ എണ്ണം എത്ര, നിലവിൽ എത്ര ലഭ്യമാണ്, പഞ്ചായത്ത് ടോയ്‌ലറ്റ് കോംപ്ലക്സ് അനുവദിച്ചതിന്റെ ആവശ്യകത എന്നിവ ഉൾപ്പടെ വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 തെറ്റായ ഡാറ്റ നൽകി - ചെയ്യാത്ത പ്രവൃത്തിയ്ക്ക് അധിക തുക നൽകി

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

പ്രൊജക്റ്റ് നമ്പർ - 249/25

പ്രൊജക്റ്റിന്റെ പേര് - കോലിക്കുന്ന് കുനിയൻ കുന്ന് റോഡ് കോൺക്രീറ്റ്-സൈഡ് കെട്ട്(SO)

(Estimate ID- 102524/2023)

വകയിരുത്തിയ തുക - 800,000/- (MG-Road)

ചെലവഴിച്ച തുക - 798,828/-

ബിൽ സാങ്ഷൻ ഓർഡർ നമ്പർ - 1) 232 Dated 13-05-2024, Bill Amount Rs. 3,28,212/-

2) 295 Dated 24-08-2024, Bill Amount Rs. 4,70,616/-

2023-24 ൽ ആസൂത്രണം ചെയ്ത ഈ പദ്ധതി (Project No-50/24) പ്രകാരം 'കോലൻ കുന്ന് റോഡ്' സൈഡ് കെട്ടുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി എം.ബുക്ക് പരിശോധിച്ചതിൽ റോഡ് സൈഡ് പ്രൊട്ടക്ഷന് വേണ്ടി Earth Work Excavation നടത്തുകയും ഇവിടെ DryRubble Masonry ചെയ്യുകയും റോഡ് കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തത്. എം.ബുക്ക് പ്രകാരം 83.83 Cum ൽ Earth Work Excavation ചെയ്യുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Earth Work Excavation ആയി നൽകിയത് MORD ലെ ഡാറ്റ 11.1.1.1 ആണ്. ഈ ഡാറ്റയ്ക്ക് 1 ഘന മീറ്റർ പ്രവൃത്തി ചെയ്യുന്നതിന് 769.56/-രൂപയാണ് നിരക്ക്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയ്ക്ക് കരാറുകാരൻ കചാട്ട് ചെയ്തിരിക്കുന്നത് (1 $M^3$ ന്) 767/-രൂപയാണ്. ഈ ഡാറ്റ പരിശോധിച്ചതിൽ 3 മീറ്റർ വരെയുള്ള ആഴത്തിലുള്ള എക്സ്കവേഷന് വേണ്ടിയുള്ള (By Mannual Means) ഡാറ്റയാണ്. എം.ബുക്ക് പരിശോധിച്ചതിൽ ആകെ സൈഡ് കെട്ടൽ പ്രവൃത്തിയിൽ 14 Meter നീളത്തിൽ മാത്രമാണ് 3 മീറ്ററിൽ അധികം ആഴത്തിൽ Excavate ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 24.8 മീറ്റർ നീളത്തിൽ സൈഡ് കെട്ടുന്നതിനായി Excavate ചെയ്തത് 0.30 മീറ്റർ Depth ൽ മാത്രമാണ്. ഈ 24.8 മീറ്ററിൽ ആകെ 6.353cum മണ്ണ് എടുത്തിട്ടുണ്ട്. കൂടാതെ റാമ്പ് നിർമ്മിക്കാനായി ആകെ 10.2mtr നീളത്തിൽ 0.30 മീറ്റർ Depth ൽ 11.1.1.1 ഡാറ്റ പ്രകാരം Excavation ചെയ്തിട്ടുണ്ട്. ഇവിടെ ആകെ 2.437cum മണ്ണ് എടുത്തിട്ടുണ്ട്. അതായത് സൈഡ് പ്രൊട്ടക്ഷനും റാമ്പ് നിർമ്മിക്കുന്നതിനുമായി 11.1.1.1 ഡാറ്റ പ്രകാരം ആകെ 8.79cum മണ്ണ് എടുക്കൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ 0.30 Mtr ലുള്ള Earth Work Excavation പ്രവൃത്തിക്ക് യഥാർത്ഥത്തിൽ എടുക്കേണ്ടത് MORD Data 3.5.1 ആണ്. ഈ ഡാറ്റ പ്രകാരം 1 Cum മണ്ണ്

എടുക്കുന്നതിന് 415.674 രൂപയാണ് നിരക്ക്. തെറ്റായ ഡാറ്റ എടുത്തത് മൂലം ചുവടെ കൊടുത്ത നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ചെയ്ത പ്രവൃത്തി | 11.1.1.1 ഡാറ്റ പ്രകാരം നൽകിയ തുക | 3.5.1 ഡാറ്റ പ്രകാരം നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|
| 12.637cum | 8.79X767 = 6741.93/-<br>18% GST = 1213.55/-<br>Total = 7955.48/- | 8.79X415.674 = 3653.77/-<br>18% GST = 657.68/-<br>Total = 4311.45/- | **3644/-** |

Earth Excavation പ്രവൃത്തിയ്ക്ക് തെറ്റായ ഡാറ്റ നൽകിയത് മൂലം ഗ്രാമപഞ്ചായത്തിന് **3,644/-** രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.46/25 തീയതി 04-08-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് മറുപടി ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-32 കുടിവെള്ള പദ്ധതി - പൊളിച്ച പാറ ഉപയോഗപ്പെടുത്തിയില്ല

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ - 295/25

പ്രൊജക്ടിന്റെ പേര്- അംബേദ്ക്കർ പാത്തിപ്പാറ, നൂറാം തോട്, കോലിക്കുന്ന്, വട്ടച്ചിറ പട്ടിക വർഗ്ഗ കോളനികളിൽ ജലസംഭരണി സ്ഥാപിക്കൽ (SO) (Estt No.12829/2022)

വകയിരുത്തിയ തുക - 4,95,000/-

ചെലവഴിച്ച തുക -4,94,772/-

ബിൽ സാങ്ഷൻ ഓർഡർ നമ്പർ - 257 Dated 19-07-2024, Bill Amount Rs. 4,94,772/-

പദ്ധതി പ്രകാരം 'അംബേദ്ക്കർ പാത്തിപ്പാറ, നൂറാം തോട്, കോലിക്കുന്ന്, വട്ടച്ചിറ പട്ടിക വർഗ്ഗ കോളനികളിൽ ജലസംഭരണി സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ കോലിക്കുന്ന് പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടത്തിയത് രേഖപ്പെടുത്തിയ എം.ബുക്ക് പരിശോധിച്ചതിൽ ഈ കുടിവെള്ള പദ്ധതിയിൽ നിലവിലുണ്ടായിരുന്ന പാറ (Dry Rubble – DR) പൊളിച്ചുമാറ്റിയാണ് പുതിയ DR പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. കോലിക്കുന്ന് പട്ടിക വർഗ്ഗ കോളനിയിലെ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനായി ആകെ ഉപയോഗിച്ചത് 58.578 $M^3$ DR ആണ്. എം.ബുക്ക് പ്രകാരം 37.5cum DR Dismantle ചെയ്യുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ Dismantled DR ൽ 21.078cum DR ഈ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുണ്ട്. ബാക്കി

16.422cum DR ഉപയോഗിച്ചിട്ടില്ല. 28-07-2025 ന് നടത്തിയ സ്ഥല പരിശോധനയിൽ പൊളിച്ച DR പദ്ധതി പ്രദേശത്ത് ഉപയോഗിക്കാതെ കൂട്ടിയിട്ടതായി കണ്ടു. ഇത് മേൽ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ പദ്ധതി ചെലവ് കുറയ്ക്കാമായിരുന്നു. ഉപയോഗ Dismantle ചെയ്ത DR പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.47/25 തീയതി 04-08-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>1-33 അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ഐ.ടി ഈടാക്കിയില്ല</u>

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

പ്രൊജക്ടിന്റെ പേര്- അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ

| വർഷം | പ്രൊജക്ട് നമ്പർ | വകയിരുത്തിയ തുക/ഇനം | ചെലവഴിച്ച തുക/ഇനം |
|---|---|---|---|
| 2023-24 | 213/24 | 3,60,000 (തനത് ഫണ്ട്) | 1,60,650 |
| 2024-25 | 292/25 | 1,99,350 (തനത് ഫണ്ട്) | 1,93,970 |
| **ആകെ** | | | **3,54,620/-** |

<u>ബിൽ വിവരങ്ങൾ</u>

| ക്രമ.നം. | ബിൽ സാങ്ഷൻ ഓർഡർ നം & തീയതി | തുക |
|---|---|---|
| 1 | 396/10-10-24 | 15470 |
| 2 | 324/04-9-24 | 71400 |
| 3 | 262/25-07-24 | 107100 |
| 4 | 667/28-03-24 | 17850 |
| 5 | 506/16-03-24 | 35700 |
| 6 | 426/19-02-24 | 35700 |
| 7 | 353/26-01-24 | 35700 |
| 8 | 290/4-01-24 | 35700 |
| **ആകെ** | | **354620/-** |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം ആസൂത്രണം ചെയ്ത "IED&EW ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ" എന്ന മേൽ പദ്ധതിയ്ക്കായി ക്വട്ടേഷൻ വിളിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.കെ.എം.ഗോപാലകൃഷ്ണൻ, കുന്നത്ത് വീട് എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും (13-10-2023-ലെ തീരു.നം 06) ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 2000 KM വരെ 35,700/-രൂപ എന്ന നിരക്കിൽ ടിയാനുമായി

അസിസ്റ്റന്റ് എഞ്ചിനിയർ കരാർ വെക്കുകയും ചെയ്തു. 2023-24 വർഷം വാടകയിനത്തിൽ ആകെ 1,60,650/-രൂപയാണ് (പ്രൊജക്ട് നമ്പർ-213/24) ചെലവഴിച്ചിട്ടുള്ളത്. പദ്ധതി 2024-25 ൽ സ്പിൽ ഓവർ പദ്ധതിയായി (പ്രൊജക്ട് നമ്പർ-292/25) കൊണ്ടു വരികയും കുടിശ്ശിക തുകയായ 1,93,970/- രൂപ 2024-25 ൽ അനുവദിക്കുകയും ചെയ്തു. അതായത് ആകെ 3,54,620/- രൂപ മേൽ ബില്ലുകൾ പ്രകാരം നൽകി.

1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിൽ അധികരിക്കുന്ന കരാർ സേവനങ്ങൾക്ക് വ്യക്തികളിൽ നിന്നും 1% ശതമാനം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ ഇത് പ്രകാരം തുക കൈമാറിയപ്പോൾ 1% IT ടി.ഡി.എസ് ആയി ബില്ലിൽ ഈടാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.40/25 തീയതി 30-07-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഐ.ടി ഇനത്തിൽ 3,546/-രൂപ കരാറെടുത്ത ശ്രീ.കെ.എം.ഗോപാലകൃഷ്ണൻ എന്നവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-34 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി രൂപീകരണം - അപാകങ്ങൾ

1) പദ്ധതി ചെലവ് പകുതി മാത്രം

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 വർഷം ആകെ 265 പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ 182 പദ്ധതികൾ പുതുതായി രൂപീകരിച്ചവയും 83 പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളുമാണ്. പദ്ധതികൾക്ക് ആകെ വകയിരുത്തിയിരിക്കുന്നത് 10,01,94,352/-രൂപയാണ്. എന്നാൽ ആകെ ചെലവ് വന്നിരിക്കുന്നത് 5,15,71,270/-രൂപയാണ്. അതായത് ആകെ ചെലവ് 51.47% മാത്രമാണ്. 265 പദ്ധതികളിൽ 161 പദ്ധതികളിലും ഒരു രൂപ പോലും ചെലവ് വന്നിട്ടില്ല. ചെലവ് വരാത്ത പദ്ധതികളിൽ 9 സ്പിൽ ഓവർ പദ്ധതികളും 152 പുതിയ പദ്ധതികളും ഉൾപ്പെടുന്നു. പുതുതായി രൂപീകരിച്ച 182 പദ്ധതികളിൽ 30 പദ്ധതികളിൽ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. 2024-25 ൽ വകയിരുത്തിയ ഫണ്ടും ചെലവും സംബന്ധിച്ച വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 36,70,637 | 21,05,907 | 15,64,730 | 57.37 |
| ടി.എസ്.പി | 4,99,859 | 4,99,859 | 0 | 100 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 13,800,209 | 53,85,599 | 84,14,610 | 39.025 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 95,46,855 | 17,84,449 | 77,62,406 | 18.69 |
| തനത് ഫണ്ട് | 1,73,52,605 | 65,57,820 | 1,07,94,785 | 37.79 |
| ബ്ലോക്ക് പഞ്ചായത്ത് | 37,00,000 | 22,62,394 | 14,37,606 | 61.15 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 10,00,000 | 4,97,913 | 5,02,087 | 49.7 |
| എം.ജി (റോഡ്) | 4,28,83,377 | 2,84,76,525 | 1,44,06,852 | 66.4 |
| എം.ജി (നോൺ റോഡ്) | 21,45,810 | 11,01,427 | 10,44,383 | 51.32 |
| മറ്റുള്ളവ | 28,20,000 | 2,07,725 | 26,12,275 | 07.366 |
| **ആകെ** | **10,01,94,352** | **5,15,71,270** | **4,86,23,082** | **51.47%** |

വകയിരുത്തിയതിൽ മെയിന്റനൻസ് ഗ്രാന്റ് ചെലവ് 66.4% വും വികസന ഫണ്ട് വകയിരുത്തിയതിൽ 51.37% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. തനത് ഫണ്ട് വകയിരുത്തിയതിൽ ആകെ ചെലവായത് 37.79% തുകയാണ്. ഇതിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഗ്രാമപഞ്ചായത്തിന് തിരിച്ച് കിട്ടാത്ത വിധം നഷ്ടപ്പെട്ട തുകയാണ്. അതായത് 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ നിന്നു മാത്രം ചെലവഴിക്കാത്തതിനാൽ 17,015,965/-രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ അടിസ്ഥാന വികസനത്തിന് ഉപകരിക്കേണ്ട തുകയാണ് സമയബന്ധിതമായി തുക ചെലവഴിക്കാത്തതിനാൽ നഷ്ടപ്പെട്ടിരിക്കുന്നത്.

## 2) ബഹുവർഷ പദ്ധതികൾ

2024-25 ൽ അസിസ്റ്റന്റ് എഞ്ചിനിയർ ആസൂത്രണം ചെയ്ത 182 പദ്ധതികളിൽ 128 പദ്ധതികൾ ബഹു വർഷ പദ്ധതികളായാണ് രൂപീകരിച്ചിരിക്കുന്നത്. ഈ പദ്ധതികളിൽ ചെലവ് വന്നിട്ടില്ല. ഈ പദ്ധതികളിൽ ബഹുഭൂരിപക്ഷം പദ്ധതികൾക്കും നാമമാത്രമായ തുകയാണ് വകയിരുത്തിയിരിക്കുന്നത്. തുക കൂടുതലും സ്പിൽ ഓവർ പദ്ധതികൾക്കാണ് വകയിരുത്തിയിരിക്കുന്നത്. എന്നിരുന്നിട്ടും ചെലവ് ശതമാനം 51.47% മാത്രമെ വന്നിട്ടുള്ളൂ എന്നതും പദ്ധതി പ്രായോഗികമായി ആസൂത്രണം ചെയ്യാത്തതിന്റെ വീഴ്ചയാണ് എന്ന് വ്യക്തമാക്കുന്നു.

## 3) പദ്ധതികൾ കരാർ വെക്കുന്നതിൽ കാലതാമസം

265 പദ്ധതികൾ ആസൂത്രണം ചെയ്തതിൽ 182 പദ്ധതികൾ പുതിയ പ്രൊജക്ടുകളാണെങ്കിലും 103 പദ്ധതികൾ ടെണ്ടർ ചെയ്ത് കരാർ വെച്ചത് സാമ്പത്തിക വർഷാവസാനമാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | 2024-25 ൽ ആസൂത്രണം ചെയ്ത പ്രൊജക്ടിൽ എഗ്രിമെന്റ് വെച്ച മാസം | പ്രൊജക്ടുകളുടെ എണ്ണം |
|---|---|---|
| 1 | 12-2024 | 2 |
| 2 | 01-2025 | 51 |
| 3 | 02-2025 | 21 |
| 4 | 03-2025 | 29 |
| | **ആകെ** | **103** |

ബാക്കി പദ്ധതികൾക്ക് 2025-26 സാമ്പത്തിക വർഷം മാത്രമാണ് കരാർ നൽകി എഗ്രിമെന്റ് വെക്കാൻ കഴിഞ്ഞത്.

ബാക്കി പദ്ധതികൾ കരാർ വെക്കുന്നത് 2025-26 ലാണ്. തൻവർഷം കരാർ വെച്ച പുതിയ പദ്ധതികളിൽ ആകെ 30 പ്രൊജക്റ്റുകളിൽ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ബാക്കി ചെലവ് വന്ന പദ്ധതികൾ മുഴുവൻ സ്പിൽ ഓവർ പദ്ധതികളിലാണ്.

**4) അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലെ ജീവനക്കാരുടെ എണ്ണം പരിമിതം**

കോടഞ്ചേരി ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയർമാരും ഒരു ദിവസവേതന ക്ലാർക്കുമാണുള്ളത്. ഇതിൽ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർ 12-06-2024 വരെ മാത്രമാണുണ്ടായിരുന്നത്. 13-06-2024 മുതൽ 17-10-2024 വരെ അസിസ്റ്റന്റ് എഞ്ചിനിയറുടെ ചാർജ്ജ് സെക്രട്ടറിയ്ക്കായിരുന്നു. 18-10-2024 മുതൽ മാത്രമാണ് സ്ഥിരം അസിസ്റ്റന്റ് എഞ്ചിനീയറെ പഞ്ചായത്തിന് ലഭിക്കുന്നത്. ഇത്രയും പരിമിതമായ ജീവനക്കാരുള്ള സാഹചര്യത്തിൽ 102 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള വലിയ പഞ്ചായത്തായ ഇവിടെ 265 പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് പ്രായോഗികമായി ഓഡിറ്റ് കാണുന്നില്ല.

**5) കെട്ടിട നിർമ്മാണ പെർമിറ്റ്, ഒക്യുപെൻസി അപേക്ഷകൾ**

2024-25 വർഷം ആകെ 484 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ പഞ്ചായത്തിൽ വന്നിട്ടുണ്ട്. കൂടാത 1000 ത്തിൽ അധികം കെട്ടിട നമ്പറുകളും 2024-25 ൽ നൽകിയിട്ടുണ്ട്. ഈ ഫയലുകളുടെ പരിശോധനയും സമയബന്ധിതമായി എഞ്ചിനീയറിംഗ് വിഭാഗത്തിന് നടത്തേണ്ടതായുണ്ട്. പൊതുജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഈ ഫയലുകളിൽ കാലവിളംബമില്ലാതെ തുടർ നടപടികൾ സ്വീകരിക്കേണ്ടിവരുന്നത് പദ്ധതി നിർവഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

**6) റോഡ് മാസ്റ്റർ**

102 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുള്ള ഉള്ള കോടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ റോഡ് മാസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കപ്പെട്ടിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പദ്ധതികൾ രൂപീകരിക്കുന്ന പ്രവണത റോഡ് മാസ്റ്റർ തയ്യാറാക്കിയ ശേഷവും ഉണ്ടാവുന്നത് ഓഡിറ്റിന് അംഗീകരിക്കാൻ കഴിയില്ല. ചെറിയ തുകയ്ക്ക് കുറഞ്ഞ നീളത്തിൽ ഉള്ള റോഡ് മെയിന്റനൻസ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പകരം റോഡ് മാസ്റ്റർ പ്രകാരം റോഡ് കണക്റ്റിവിറ്റിയ്ക്ക് അനുസരിച്ച് വാർഡ് അടിസ്ഥാനത്തിലല്ലാതെ റോഡുകളെ ഒരു യൂണിറ്റായി കണക്കാക്കി പ്രവൃത്തികൾ ഏകോപിപ്പിച്ച് വലിയ തുകയ്ക്കുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ഇതിലൂടെ മത്സരക്ഷമത ഉറപ്പാക്കേണ്ടതും പദ്ധതി നിർവ്വഹണത്തിനായി ജീവനക്കാരുടെ മനുഷ്യവിഭവശേഷി കാര്യക്ഷമമായി ഉപയോഗപ്പെടുത്തേണ്ടതുമാണ്.

ചെറിയ തുക വകയിരുത്തി പ്രൊജക്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് മൂലം ലഭ്യമായ മനുഷ്യ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയാതെ പദ്ധതി തുക നഷ്ടപ്പെടുന്ന സാഹചര്യമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. പദ്ധതികളുടെ എണ്ണം കുറച്ച് വലിയ തുക വകയിരുത്തി വലിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലൂടെ കരാറുകളുടെ മത്സരക്ഷമത ഉറപ്പാക്കാവുന്നതും നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കഴിയുന്നതാണ്. ഇതിലൂടെ പദ്ധതി ചെലവ് കുറക്കാൻ കഴിയുകയും തുക നഷ്ടപ്പെടാതെ പഞ്ചായത്തിന്റെ വികസന പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിന് കഴിയുകയും ചെയ്യുന്നതാണ്. എന്നാൽ അത്തരമൊരു സമീപനം

പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇതിനാൽ പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ 1.7 കോടിയിലധികം രൂപ 2024-25 ൽ തിരിച്ച് കിട്ടാത്ത വിധം നഷ്ടപ്പെട്ടു.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.43 /25 തീയതി 30-07-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ ജീവനക്കാരുടെ ലഭ്യമായ മനുഷ്യ വിഭവശേഷിയ്ക്ക് അനുസൃതമായും പ്രായോഗികമായും പൂർത്തീകരിക്കുന്നതിന് കഴിയുംവിധം ആസൂത്രണം ചെയ്യേണ്ടതും പദ്ധതികളുടെ എണ്ണം പരിമിതപ്പെടുത്തി വലിയ പദ്ധതികൾ ആസൂത്രണം ചെയ്ത് ടെണ്ടർ മത്സരക്ഷമത ഉറപ്പ് വരുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടുമാണ്.

## <u>1-35 മരുന്ന് ലഭ്യമായില്ല</u>

നിർവഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രൊജക്ട് നമ്പർ - 100/25 (ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ)(New)

വകയിരുത്തിയ തുക - 2,50,000/-(MG-Non Road)

ചെലവഴിച്ച തുക - 2,50,000/-

ബിൽ റഫറൻസ് നം. - 726 തീയതി 18-02-2025

ബിൽ തുക - 2,50,000/-

ഈ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് HOMCO യിൽ നിന്നും മരുന്ന് വാങ്ങുന്നതിനായാണ് മേൽ ബിൽ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ നാളിതുവരെ ഈ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. 15-04-2025, 13-05-2025, 10-07-2025 എന്നീ തീയതികളിൽ മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.43/25 തീയതി 30.07.25) ലഭ്യമാക്കിയ മറുപടിയിൽ ഹോംകോയിലെ പുതിയ സംവിധാനം കാരണമാണ് മരുന്ന് ലഭ്യമാക്കാൻ കാലതാമസം വരുന്നത് എന്ന് അറിയിച്ചു. അടിയന്തരമായി മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാവാത്ത സാഹചര്യത്തിൽ ചെലവ് തുക 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-36 ടെണ്ടർ നടപടികളില്ലാതെ ഹൈഡ്രോളിക് ഓയിൽ നേരിട്ട് വാങ്ങി</u>

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | എം.സി.എഫ് യന്ത്രസാമഗ്രികൾ (പ്രൊ.നം 451/2025 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് (SBM), സി.എഫ്,സി ടൈഡ് |
| | |

| | |
|---|---|
| ചെലവ് | കേന്ദ്രാവിഷ്കൃത ഫണ്ട് (SBM)- 3,51,316, സി.എഫ്,സി ടൈഡ്.- 1,95,964 |
| വാങ്ങൽ രീതി | ജെം, നേരിട്ട് |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ, തീയതി | 36/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എം.സി.എഫ് യന്ത്രസാമഗ്രികൾ (പ്രൊ.നം 451/2025 ) എന്ന പദ്ധതി മുഖേന ബെയ്ലിംഗ് മെഷീൻ, ട്രോളി, ഹൈഡ്രോളിക് ഓയിൽ എന്നിവ ജയ്സ് ട്രേഡിംഗ് & ബിസിനസ് സൊലൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ബെയ്ലിംഗ് മെഷീൻ, ട്രോളി എന്നിവ ജെം മുഖേന ബിഡ് നടത്തിയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഹൈഡ്രോളിക് ഓയിൽ ടെണ്ടർ/ക്വട്ടേഷൻ നടപടികളില്ലാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

**എ)** 210 ലിറ്റർ ഹൈഡ്രോളിക് ഓയിൽ (ENKLO 68) ആണ് ജയ്സ് ട്രേഡിംഗ് & ബിസിനസ് സൊലൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത്. ബെയ്ലിംഗ് മെഷീന്റെ ടാങ്ക് കപ്പാസിറ്റി 80 ലിറ്റർ മാത്രമാണ്. മേൽ സാഹചര്യത്തിൽ ഹരിതകർമ്മ സേനക്ക് റവന്യൂചെലവുകൾക്കായി 130 ലിറ്ററിലധികം ഓയിലിന്റെ തുക അനുവദിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

**ബി)** ജയ്സ് ട്രേഡിംഗ് & ബിസിനസ് സൊലൂഷൻസ് എന്ന സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ നിന്നും സ്ഥാപനം ഹൈഡ്രോളിക് ഓയിലിന്റെ ഉത്പാദകരോ വിതരണക്കാരോ അല്ലെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിലും ടെണ്ടർ, ക്വട്ടേഷൻ നടപടികളില്ലാതെ സ്ഥാപനത്തിൽ നിന്നും മത്സരക്ഷമത ഉറപ്പ് വരുത്താതെ നേരിട്ട് വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**സി)** ഹൈഡ്രോളിക് ഓയിൽ (HP-യിൽ നിന്നുള്ള Enklo 68 എന്ന ബ്രാൻഡിലുള്ളത്) ഒരു ക്രൂഡ് ഓയിൽ ഉത്പന്നമാണ്. ഓൺലൈൻ മാർക്കറ്റിംഗ് വെബ്സൈറ്റുകളിൽ (Indiamart) ഈ ഉത്പന്നത്തിന്റെ വില ലിറ്ററിന് 93/-രൂപ മുതൽ 130/-രൂപ വരെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സാഹചര്യത്തിലും ജയ്സ് ട്രേഡിംഗ് & ബിസിനസ് സൊലൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ലിറ്ററിന് 216/-രൂപ നിരക്കിലാണ് ടെണ്ടർ / ക്വട്ടേഷൻ നടപടികളില്ലാതെ നേരിട്ട് ഓയിൽ വാങ്ങിയിട്ടുള്ളത്.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ആദ്യം സ്ഥാപിച്ച ബെയ്ലിംഗ് മെഷീൻ കേടായതിനെതുടർന്ന് മാറ്റി വാങ്ങുകയും മാറ്റി വാങ്ങിയ ബെയ്ലിംഗ് മെഷീന്റെ ടാങ്ക് കപ്പാസിറ്റി 250 ലിറ്ററാണെന്നും ബെയിലിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിയാണ് വിതരണക്കാരിൽ നിന്ന് തന്നെ ഹൈഡ്രോളിക് ഓയിൽ വാങ്ങിയതെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

. ബെയ്ലിംഗ് മെഷീൻ വാങ്ങിയതിന് ശേഷമാണ് എം.സി.എഫിന് ത്രീ ഫേസ് കണക്ഷൻ ലഭ്യമായിട്ടുള്ളത്. ആയതിൽ നിന്നും ബെയ്ലിംഗ് മെഷീൻ അടിയന്തരമായി പ്രവർത്തന ക്ഷമമാക്കേണ്ട സാഹചര്യം ഇല്ലായിരുന്നു എന്നത്

വ്യക്തമാണ്. മതിയായ സമയം ലഭ്യമായിരിക്കെ ടെണ്ടർ, ക്വട്ടേഷൻ നടപടികളില്ലാതെ ഹൈഡ്രോളിക് ഓയിൽ വാങ്ങിയ നടപടി ലാഭകരമായില്ല.

. ഹൈഡ്രോളിക് ഓയിൽ വിതരണം ചെയ്ത ജയ്സ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ നിന്നും സ്ഥാപനം ഹൈഡ്രോളിക് ഓയിലിന്റെ അംഗീകൃത വിതരണക്കാരോ ഉത്പാദകരോ അല്ലെന്നത് വ്യക്തമായിട്ടുണ്ട്. (ജി.എസ്.ടി നം- 32OWOPK9857D1ZS ). HSN കോഡ് രേഖപ്പെടുത്താതെയാണ് ജി.എസ്.ടി ബിൽ സമർപ്പിച്ചിട്ടുള്ളത്.

അപാകങ്ങളുടെ സാഹചര്യത്തിൽ ഹൈഡ്രോളിക് ഓയിൽ വാങ്ങുന്നതിനായി ചെലവഴിച്ച 45,400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ENKLO 68 ന്റെ മാർക്കറ്റ് വിലയിൽ അധികരിച്ച് ചെലവഴിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 ചെലവ് തുകയുടെ വിശദാംശം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പരും പേരും | ശുചീകരണ യജ്ഞം തുക നൽകൽ (പ്രൊ.നം 475/2025 ) |
| നിർവഹണ ഉദ്യോഗസ്ഥ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | സി.എഫ്,സി ബേസിക് 2,00,000 |
| ചെലവ് | സി.എഫ്,സി ബേസിക് 2,00,000 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം, തീയതി | 17/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ശുചീകരണ യജ്ഞം തുക നൽകൽ എന്ന പദ്ധതി മുഖേന ക്ലീൻ കേരള കമ്പനിക്ക് 2,00,000/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ നിന്നും തുക എന്തിന് വേണ്ടിയാണ് ചെലവഴിച്ചതെന്ന് വ്യക്തമല്ല. ബിൽ , രശീതി എന്നിവയും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്ലീൻ കേരള കമ്പനിക്ക് 2022-23 വർഷത്തിൽ നൽകിയ ബില്ലിന്മേലുള്ള കുടിശ്ശിക തുകയാണ് പ്രൊജക്റ്റിലുൾപ്പെടുത്തി നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടിക്കൊപ്പം വാഹനരേഖകൾ, വെയിംഗ് ബ്രിഡ്ജ് ബില്ല് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ നിന്നും വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ലീൻ കോടഞ്ചേരി ഗ്രീൻ കോടഞ്ചേരി-അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ (പ്രൊ.നം 14/22) എന്ന പദ്ധതി മുഖേന 5,00,000/-രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ചെലവിൽ ഇരട്ടിപ്പുണ്ടായിട്ടില്ലെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബില്ല് ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ കൃത്യതയും ഉറപ്പാക്കാനായിട്ടില്ല. തുക നൽകാനുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 2,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കേണ്ടതും ഫയൽ സൂക്ഷിപ്പിൽ സൂക്ഷ്മത പുലർത്തേണ്ടതുമാണ്.

## 1-38 ടേക്ക് എ ബ്രേക്ക് - അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | ടേക്ക് എ ബ്രേക്ക് കോടഞ്ചേരി തുക നൽകൽ (പ്രൊജക്ട്.നം 360/2025 ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് (SBM), സി.എഫ്,സി ടൈഡ് |
| ചെലവ് | സി.എഫ്,സി ടൈഡ്- 6,16,560 |
| ചെലവ് ബിൽ വിശദാംശം | 155/ 10-09-2024 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ തീയതി | 18/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടേക്ക് എ ബ്രേക്ക് കോടഞ്ചേരി തുക നൽകൽ എന്ന പദ്ധതി മുഖേന കരാറുകാരനായ കെ.എം. ഗോപാലകൃഷ്ണൻ എന്നവർക്ക് 6,16,560/-രൂപ കൈമാറിയിട്ടുണ്ട്. ടേക് എ ബ്രേക്ക് എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ നിർവഹിച്ചതിന് കോർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 തീയതിയിലെ യോഗത്തിൽ അംഗീകാരം വാങ്ങി (ഖ.2.8) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുകയായ 6,16,560/-രൂപ കരാറുകാരന് കൈമാറിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

- ഫയലിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്വേഷൻ രേഖകൾ ഇല്ല.
- എം.ബുക്ക്, വർക് ബിൽ എന്നിവ ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയുടെ കൃത്യത ഉറപ്പാക്കാനോ, ഭൗതിക പരിശോധന നടത്താനോ സാധിച്ചിട്ടില്ല. ബില്ലിൽ നിന്നും നിയമാനുസൃത കിഴിവുകൾ വരുത്തിയിട്ടുണ്ടോ എന്നതും വ്യക്തമല്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിക്കൊപ്പം വാല്വേഷൻ സർട്ടിഫിക്കറ്റ്, എം.ബുക്ക്, വർക് ബിൽ എന്നിവയുടെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധിച്ചതിൽ നിന്നും തുക നൽകിയതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായതായി ബോധ്യപ്പെട്ടിട്ടുണ്ട്.

1. 2020-21, 2021-22 വർഷങ്ങളിലാണ് പ്രവൃത്തി നിർവഹിച്ചതെന്ന് കോ- ഓർഡിനേഷൻ കമ്മിറ്റി മിനുട്സിൽ നിന്നും വ്യക്തമാണ്. മേൽ സാഹചര്യത്തിലും പ്രവൃത്തി മൂല്യമായ 5,22,508/-രൂപയിന്മേൽ 18% ജി.എസ്.ടി ഉൾപ്പെടുത്തി 94,051 രൂപ കരാറുകാരന് അനുവദിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 02.09.2022 തിയ്യതിയിലെ DB3/9058/2017/CE/LSGD നമ്പർ സർക്കുലർ പ്രകാരം 18.07.2022 തീയതി പ്രാബല്യത്തിലാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടി നിരക്ക് 12 ശതമാനത്തിൽ നിന്നും 18 ശതമാനമായി ഉയർത്തിയിട്ടുള്ളത്. ആയതിന് മുമ്പായി 2020-21, 2021-22 വർഷത്തിൽ നിർവഹിച്ച പ്രവൃത്തികൾക്കും 18% ജി.എസ്.ടി അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിന് 31,350/-രൂപ അധികമായി അനുവദിക്കപ്പെട്ടു.

2. ഹാജരാക്കിയ വർക് ബില്ലിലെ 8, 9 ഇനങ്ങൾ പ്രകാരമുള്ള ഹാൻഡ്റെയിൽ പ്രവൃത്തി ആസ്തിയിന്മേൽ അനിവാര്യമല്ലായിരുന്നു. തറനില മാത്രമുള്ള കെട്ടിടത്തിന്റെ പുറത്ത് വലത് വശത്തായാണ് ഹാൻഡ്റെയിൽ നിർമ്മിച്ചിട്ടുള്ളത്. മേൽക്കൂര ഇല്ലാത്തതിനാൽ ഹാൻഡ്റെയിൽ മഴയും വെയിലുമേറ്റ് നശിക്കുന്ന നിലയിലാണുള്ളത്. ഹാൻഡ്റെയിൽ നിർമ്മിക്കുന്നതിനായി (സ്റ്റീൽ വർക്) 67,801/-രൂപയാണ് സ്ഥാപനത്തിന് ചെലവായിട്ടുള്ളത്. നിഷ്ക്രിയമായ ആസ്തി നിർമ്മാണത്തിനായാണ് പ്രസ്തുത പണം വിനിയോഗിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ നിർവഹണ ചുമതലയുള്ള നിർവഹണ ഉദ്യോഗസ്ഥൻ പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുന്നിലായി ഏകദേശം 10 മീറ്റർ മാത്രം അകലത്തിൽ എസ്റ്റിമേറ്റിലില്ലാത്തതും അനിവാര്യമല്ലാത്തതുമായ പ്രവൃത്തികൾ നിർവഹിക്കപ്പെടുന്ന സാഹചര്യത്തിലും ഇടപെടലുകൾ നടത്തുന്നതിലുണ്ടായ വീഴ്ച പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്. ചിത്രം ചുവടെ ചേർക്കുന്നു.




3. കരാറുകാരന് തുക നൽകുന്നതിനുള്ള ഓംബുഡ്സ്മാന്റെ വിധിയിന്മേൽ 05.03.2024 വരെ ഹൈക്കോടതി സ്റ്റേ അനുവദിച്ചതായി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേസിന്മേലുള്ള ഹൈക്കോടതി വിധി സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് പ്രൊജക്ടുകളുടെ എം ബുക്കുകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയിൽ ഇരട്ടിപ്പുണ്ടായിട്ടില്ലെന്ന് ഉറപ്പാക്കാനോ ഭൗതിക പരിശോധന നടത്താനോ സാധിക്കാത്തതിനാൽ ചെലവ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധിക നിരക്കിൽ ജി.എസ്.ടി അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിനുണ്ടായ 31,350/-രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. നിരാകരിച്ചതിൽ ശേഷിക്കുന്ന 5,85,210/- രൂപ അപാകങ്ങളുടെ സാഹചര്യത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 കുടിവെള്ള വിതരണം - തുക നൽകിയതിന് കൃത്യത ഇല്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടിവെള്ള വിതരണം (പ്രൊ.നം. 204/2025), കുടിവെള്ള വിതരണം (പ്രൊ.നം. 269/2025) എന്നീ പദ്ധതികൾ മുഖേന 15,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) കുടിവെള്ള വിതരണം (പ്രൊ.നം.204/2025) പ്രകാരം 12,00,000/-രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ടെണ്ടർ നടപടി ക്രമങ്ങളുടെ രേഖ ഫയലിൽ ലഭ്യമല്ല.

ബി) ജി.പി.എസ് അബ്സ്ട്രാക്ട് പ്രകാരമുള്ള കിലോമീറ്റർ പരിഗണിച്ചാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കിലോമീറ്ററിൽ വാഹനം കുടിവെള്ള വിതരണത്തിനായല്ലാതെ നടത്തിയ യാത്രകളുടെ ദൂരവും ഉൾപ്പെട്ടിരിക്കും. ആകെ സഞ്ചരിച്ച ദൂരത്തിന് ആനുപാതികമായി തുക നൽകിയതിനാൽ കരാറുകാരന് അനർഹമായി തുക നൽകപ്പെട്ടിട്ടുണ്ട്. വാഹനത്തിന്റെ ജി.പി.എസ് ലോഗ് സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്തതിനാൽ വ്യത്യാസത്തിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

സി) കുടിവെള്ള വിതരണം (പ്രൊ.നം.269/2025) പ്രകാരം 3,00,000/-രൂപ കരാറുകാരന് കൈമാറിയിട്ടുണ്ട്. ജി.പി.എസ് ലോഗ് സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്തതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19/2025 തീയതി 29.07.2025) ലഭ്യമാക്കിയ മറുപടിക്കൊപ്പം BOQ സംക്ഷിപ്തം ടെണ്ടർ രേഖയെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇ-ടെണ്ടർ ഫോറം, ഇ-ടെണ്ടർ പരസ്യം എന്നിവ ലഭ്യമല്ല. മറുപടിയിൽ വാഹനം ഓടിയതിന്റെ ട്രിപ്പ്ഷീറ്റ് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെയും ജി.പി.എസ് ലോഗ് പരിശോധിച്ച് കൃത്യത വരുത്തിയതിന്റെയും അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നാണ് പരാമർശിച്ചിട്ടുള്ളത്. പ്രൊജക്ട് നമ്പർ 269/2025 2023-24 വർഷത്തെ സ്പിൽ ഓവർ പ്രൊജക്ട് ആയിരുന്നുവെന്നും ടെണ്ടർ ഫയൽ 2023-24 വർഷത്തെ പ്രൊജക്ടിലാണ് സൂക്ഷിച്ചത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. കുടിവെള്ളത്തിന്റെ ലാബ് പരിശോധനാ റിപ്പോർട്ട് 2023-24 വർഷത്തെ പ്രൊജക്ട് ഫയലിലാണുള്ളതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

1) ജി.പി.എസ് ലോഗിന്റെ സംക്ഷിപ്തം പരിശോധിച്ചതിൽ നിന്നും ബഹുഭൂരിപക്ഷം ദിവസങ്ങളിലും ഫസ്റ്റ് പാക്കറ്റ് ടൈം ആയി രേഖപ്പെടുത്തിയിട്ടുള്ളത് അർദ്ധരാത്രി 12 മണിയോട് അനുബന്ധിച്ചുള്ള സമയമാണ്. ആയതിൽ നിന്നും ഓരോ ദിവസവും ആരംഭിക്കുന്ന സമയം മുതലുള്ള വാഹനത്തിന്റെ ജി.പി.എസ് ലോഗ് ആണ് സംക്ഷിപ്തത്തിൽ ഉൾപ്പെട്ടതെന്നത് വ്യക്തമാണ്. ഇക്കാരണത്താൽ തന്നെ കുടിവെള്ള വിതരണത്തിനായല്ലാതെ മറ്റുള്ള ആവശ്യങ്ങൾക്കായും വാഹനം സഞ്ചരിച്ച ദൂരവും സംക്ഷിപ്തത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നത് വ്യക്തമാണ്. ഡെയ്‌ലി ജി.പി.എസ് ലോഗിൽ വാഹനം സഞ്ചരിച്ച പ്രദേശം, ദൂരം, സമയം എന്നിവ ഉൾപ്പെട്ടിട്ടുണ്ടാവും. ആയതിൽ നിന്നും കുടിവെള്ള വിതരണത്തിന് മാത്രമായി വാഹനം സഞ്ചരിച്ച ദൂരം കണക്കാക്കി വേണം കരാറുകാരന് തുക നൽകാൻ. ജി.പി.എസ് ലോഗ് ദിവസേന കരാറുകാരൻ ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റുമായി താരതമ്യം ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2) 2006-ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവചനത്തിൽ ഉൾപ്പടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിലും ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ (സാധാ) 787/2017/ദു.നി.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

4) കുടിവെള്ള വിതരണത്തിന്റെ തുക കരാറുകാരന് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നുള്ള ഇൻകം ടാക്സ് കിഴിവ് ചെയ്തെങ്കിലും ജി.എസ്.ടി. ഇനത്തിൽ ടി.ഡി.എസ് ഈടാക്കിയില്ല. വൻതുകയ്ക്കുള്ള സേവനം കരാറുകാരൻ ലഭ്യമാക്കിയ സാഹചര്യത്തിലും കരാറുകാരന് സേവന ദാതാവിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കാതിരുന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല.

ചെലവ് തുകയുടെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിന് നിർവഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഡെയ്‌ലി ജി.പി.എസ് ലോഗ് റിപ്പോർട്ട് ലഭ്യമാക്കി ചെലവ് തുകയുടെ കൃത്യത ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതാണ്. ചെലവ് തുകയായ 15,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 അംഗീകൃത വിതരണക്കാരിൽ നിന്നല്ലാതെ സാധനങ്ങൾ സമാഹരിക്കുന്നു

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പരും പേരും | തോട്ടുമുഴി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ (പ്രൊ.നം 356/2025) |
| നിർവഹണ ഉദ്യോഗസ്ഥ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | സി.എഫ്,സി ടൈഡ് |
| ചെലവ് | സി.എഫ്,സി ടൈഡ് - 1,17,000 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ തീയതി | 20/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തോട്ടുമുഴി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ എന്ന പദ്ധതി മുഖേന മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് കരാറുകാരനായ ഡ്രീം ഹോം ഫർണീച്ചർ എന്ന സ്ഥാപനത്തിന് 1,17,000/-രൂപ കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) സ്ഥാപനം കോമ്പോസിഷൻ സ്കീം പ്രകാരമാണ് ജി.എസ്.ടി അടവാക്കിയിട്ടുള്ളത്. ആയതിനാൽ ബില്ലിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ പരിശോധിച്ചതിൽ നിന്നും ബിൽ പ്രകാരമുള്ള ഉത്പന്നങ്ങളും സേവനങ്ങളും രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. സ്ഥാപനത്തിന്റെ ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു (Www.Gst.Gov.In എന്ന വെബ്സൈറ്റിൽ നിന്നുമുള്ള വിവരം ).

2) സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഫോറം പരിശോധിച്ചതിൽ റേറ്റ് ഉൾപ്പെടെയുള്ള രേഖപ്പെടുത്തലുകളിൽ വെട്ടിതിരുത്തലുകൾ നടത്തിയിട്ടുണ്ടെന്നത് ബോധ്യപ്പെട്ടു.

3) ജില്ലാതല ഇലക്ട്രിക്കൽ പാനലിന്റെ അംഗീകാരത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയോ മൂല്യനിർണ്ണയം നടത്താതെയോ ആണ് ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ളവയ്ക്ക് തുക അനുവദിച്ചിട്ടുള്ളത്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡ്രീം ഹോം ഫർണീച്ചർ എന്ന സ്ഥാപനത്തിന് മോട്ടോർ ഇൻസ്റ്റലേഷൻ നടത്തുന്നതിനുള്ള യാതൊരു സാങ്കേതിക അംഗീകാരവും ഇല്ലെന്നിരിക്കെ സാങ്കേതിക ജ്ഞാനമുള്ള ഉദ്യോഗസ്ഥനെകൊണ്ട് മൂല്യ നിർണ്ണയം നടത്താതെ കരാറുകാരൻ ക്ലെയിം ചെയ്ത തുക അനുവദിച്ച നടപടി പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങളെ സംരക്ഷിക്കുന്നതല്ല. ചെലവ് തുക 1,17,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 ബയോബിൻ സ്ഥാപിക്കൽ- അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ സംവിധാനം-ബയോബിൻ നൽകൽ (പ്രൊ.നം 372/2025 ) |
| നിർവഹണ ഉദ്യോഗസ്ഥ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് , സി.എഫ്.സി ടൈഡ്. |
| ചെലവ് | കേന്ദ്രാവിഷ്കൃത ഫണ്ട് 64,680/-, സി.എഫ്.സി ടൈഡ് 376,70/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ തീയതി | 21/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ സംവിധാനം-ബയോബിൻ നൽകൽ എന്ന പദ്ധതി മുഖേന റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 40 ബയോ ബിന്നുകൾ

വാങ്ങുന്നതിന് 1,02,350/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) 40 ബയോ ബിന്നുകളാണ് വാങ്ങിയിട്ടുള്ളത്. 33 ബിന്നുകൾ അങ്കണവാടികളിലാണ് വിതരണം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. 7 ബയോ ബിന്നുകളുടെ വിതരണ രേഖ ലഭ്യമാക്കിയിട്ടില്ല.

ബി) ടെണ്ടറിൽ പങ്കെടുത്ത ഒല്ലോസ് ബയോടെക് ന്റെ ടെണ്ടർ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ 7 ബിന്നുകൾ പഞ്ചായത്ത് ഓഫീസിലേക്ക് ഘടകസ്ഥാപനങ്ങളുടെ ഓഫീസിലേക്കുമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. വിതരണ രേഖ മറുപടിക്കൊപ്പം ലഭ്യമാക്കിയിട്ടില്ല. ഒല്ലോസ് ബയോടെക്കിന്റെ ടെണ്ടർ രേഖകളും ലഭ്യമാക്കിയിട്ടില്ല. വിവരം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും ഭരണസമിതി ടെണ്ടർ നടപടികൾ അംഗീകരിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടെണ്ടർ പരസ്യം, ടെണ്ടർ ഫോറം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-42 സോളാർ വാട്ടർ ഹീറ്റർ വാങ്ങൽ- അപാകങ്ങൾ</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 207/25, 466/25, 468/25, 630/25 നമ്പറായുള്ള പദ്ധതികൾ മുഖേന സ്കൂളുകൾക്കും അങ്കണവാടികൾക്കും സോളാർ വാട്ടർ ഹീറ്ററുകൾ വാങ്ങി നൽകിയിട്ടുണ്ട്. സാധനങ്ങൾ ഒന്നിച്ച് സമാഹരിക്കാതെ ക്വട്ടേഷൻ നടപടിയിലൂടെയാണ് വാട്ടർ ഹീറ്ററുകൾ സമാഹരിച്ചിട്ടുള്ളത്. കൂടാതെ 33 അങ്കണവാടികളിൽ 3 എണ്ണത്തിന് മാത്രമെ വാട്ടർഹീറ്റർ വാങ്ങിയിട്ടുള്ളൂ എന്ന സാഹചര്യത്തിലും പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളിന് വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനായി 52,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്ലീൻ & ഗ്രീൻ വില്ലേജ് തീമിൽ സി.എഫ്.സി ബേസിക് ഗ്രാന്റ് വിനിയോഗിച്ച് 22 ആക്ടിവിറ്റികളെങ്കിലും ആസൂത്രണം ചെയ്യണമെന്നതിനാലാണ് വ്യത്യസ്ത പ്രൊജക്ടുകളായി പദ്ധതി ആസൂത്രണം ചെയ്ത് നിർവഹിച്ചതായി അറിയിച്ചിട്ടുള്ളത്. പ്രൊജക്ടുകളുടെ എണ്ണം സംബന്ധിച്ച വാദം അംഗീകരിച്ചാലും (മറുപടിയെ സാധൂകരിക്കുന്ന കത്ത്/സർക്കുലർ/ ഉത്തരവ് എന്നിവ ലഭ്യമല്ല) സാധനങ്ങൾ ഒന്നിച്ച് വാങ്ങാതെ വെവ്വേറെയായി സമാഹരിച്ചത് സ.ഉ(പി).നം.259/2010/ത.സ്വ.ഭ.വ, തീയതി 08.11.2010 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ്. 207/25, 466/25, 468/25, 630/25 നമ്പർ പ്രൊജക്ടുകൾ മുഖേന 3,98,692/-രൂപ മൂല്യമുള്ള സാധനങ്ങൾ സമാഹരിച്ചത് ടെണ്ടർ നടപടിയില്ലാതെയാണ്. അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുള്ളതിനാലാണ് 3 അങ്കണവാടികളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിച്ചതെന്നും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർഥികൾ പഠിക്കുന്ന സ്കൂൾ ആയതിനാലാണ് എയ്ഡഡ് സ്കൂളുകൾക്കും സോളാർ വാട്ടർ ഹീറ്റർ വാങ്ങി നൽകിയതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. അങ്കണവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാതെ എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നത് മുൻഗണനാക്രമം നിശ്ചയിക്കാതെയും അങ്കണവാടികൾ നേരിടുന്ന വെല്ലുവിളികളെ

അഭിസംബോധന ചെയ്യാതെയുമാണ്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-43 പ്രവൃത്തി പൂർത്തീകരിക്കാതെ മുഴുവൻ തുകയും നൽകി

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 369/25 ആസ്തികളുടെ ഡിജിറ്റലൈസേഷൻ എന്ന പദ്ധതി മുഖേന കരാർ പ്രകാരമുള്ള ഡ്രോൺ സർവെ, സോഷ്യോ ഇക്കണോമിക് സർവെ, ഡിജിറ്റൽ മാപ്പിംഗ്, സോഫ്റ്റ്‌വെയർ കോൺഫിഗറേഷൻ, ഡാറ്റ ഇന്റഗ്രേഷൻ എന്നിവക്ക് പുറമെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പ്രകാരമുള്ള (സ.ഉ(എം.എസ്)77/2023/LSGD Dated 22/03/2023) വിവരശേഖരണത്തിനായി 6500 കെട്ടിടങ്ങളുടെ പ്രോപ്പർടി സർവെ നടത്തുന്നതിനുള്ള ചുമതലയും കരാറുകാരായ ULCCS ന് നൽകിയിട്ടുണ്ട്. പരാമർശിത ഉത്തരവ് പ്രകാരം കെട്ടിട വിവരശേഖരണത്തിനും സഞ്ചയ സോഫ്റ്റ്‌വെയറിലേക്കുള്ള ഡാറ്റാ എൻട്രിക്കുമായി അനുവദിക്കാവുന്ന നിരക്ക് 30/- രൂപ മാത്രമാണ്.
(സ.ഉ(എം.എസ്)2500/2024/LSGD Dated 19/12/2024) പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിരക്ക് 50 മുതൽ 75 വരെയായി പുതുക്കി നിശ്ചിയിട്ടുണ്ടെങ്കിലും ബിൽ തീയതിയിൽ (02.03.2024) പ്രസ്തുത ഉത്തരവിന് പ്രാബല്യമില്ലായിരുന്നു) മേൽ സാഹചര്യത്തിലാണ് പ്രസ്തുത പ്രവൃത്തി 70/-രൂപ നിരക്കിൽ ULCCS നെ ഏൽപ്പിച്ചിട്ടുള്ളത്. ആദ്യ കരാറിൽ ഉൾപ്പെട്ട ഡ്രോൺ സർവെ, സോഷ്യോ ഇക്കണോമിക് സർവെ, ഡിജിറ്റൽ മാപ്പിംഗ്, സോഫ്റ്റ്‌വെയർ കോൺഫിഗറേഷൻ, ഡാറ്റ ഇന്റഗ്രേഷൻ എന്നിവക്ക് 24,24,900/-രൂപയുടെ എസ്റ്റിമേറ്റാണ് സ്ഥാപനം സമർപ്പിച്ചിട്ടുള്ളത്.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള (നം.23 തീയതി 29.07.2025) മറുപടിയിൽ സ.ഉ(ആർ.ടി) 2556/2018/ത.സ്വ.ഭ.വ Dated 04/10/2018 ഉത്തരവ് പ്രകാരം ഒരു വീടിന് 110/-രൂപ വരെ നൽകുന്നതിന് അനുമതിയുണ്ടെന്നും പദ്ധതി നിർവഹിച്ചത് മൂലം ആസ്തികളുൾപ്പെടെയുള്ളവ ഡിജിറ്റൈസ് ചെയ്യുന്നതിന് സാധിച്ചതായും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പരാമർശിത ഉത്തരവിൽ ഡ്രോൺ സർവെ, ബിൽഡിംഗ് പ്രോപ്പർട്ടി സർവെ, സാമൂഹിക-സാമ്പത്തിക സർവെ, സോഫ്റ്റ്‌വെയർ കോൺഫിഗറേഷനും ഹോസ്റ്റിംഗും, വിവരവ്യൂഹ സംയോജനവും കമ്മീഷനിംഗും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കാണ് ചതുരശ്ര കിലോമീറ്ററിന് 7,000/- രൂപയും കെട്ടിടം ഒന്നിന് 110/-രൂപ നിരക്കിലും നൽകുന്നതിന് അനുമതിയുള്ളത്. ഗ്രാമപഞ്ചായത്ത് പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനായാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി 21.10.2023 തീയതിയിൽ കരാറിലേർപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ പ്രവർത്തനങ്ങൾക്ക് പുറമെ സ.ഉ(എം.എസ്)77/2023/LSGD Dated 22/03/2023 പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണ മാർഗ്ഗ നിർദ്ദേശങ്ങളിലെ ക്രമനമ്പർ 5,11,14,16,17 എന്നിവ കൂടി നിർവഹിക്കുന്നതിന് 08.11.2023 തീയതിയിൽ എസ്.സി 1/2023 നമ്പറായി സെക്രട്ടറി കത്ത് നൽകുകയായിരുന്നു. ഊരാളുങ്കൽ ലോബർ കോൺട്രാക്ട് സൊസൈറ്റിയുമായി നിലവിലുണ്ടായിരുന്ന കരാറിൽ ബിൽഡിംഗ് പ്രോപ്പർടി സർവെ നിലവിലുണ്ടായിരുന്ന സാഹചര്യത്തിലും ചുമതല പ്രത്യേകമായി നിക്ഷിപ്തമാക്കിയതിന്റെ കാരണം വ്യക്തമല്ല. സ.ഉ(എം.എസ്) 77/2023/LSGD Dated 22/03/2023 പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണ മാർഗ്ഗ നിർദ്ദേശങ്ങളിലെ ക്രമനമ്പർ 5,11,14,16,17 പ്രകാരം താഴെ പറയുന്ന ചുമതലകൾ കൂടി കരാറുകാരൻ നിർവഹിക്കേണ്ടിയിരുന്നു.

സ.ഉ(എം.എസ്) 77/2023/LSGD Dated 22/03/2023 ഉത്തരവിലെ ഖണ്ഡികകളിലെ ക്രമനമ്പർ പ്രകാരമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

**(ക്രമ.നം.5)** വസ്തുനികുതി നിർണ്ണയം, ഈടാക്കൽ തുടങ്ങിയവയ്ക്കായി വിന്യസിച്ചിട്ടുള്ള സഞ്ചയ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തി വസ്തുനികുതി പുതുക്കി നിശ്ചയിച്ച ശേഷം അതനുസരിച്ച് 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന 9എ ഫോറത്തിൽ ഓൺലൈനായോ നേരിട്ടോ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണ്.

**(ക്രമ.നം.14)** ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്. നിലവിലെ വിവരങ്ങളും അവയ്ക്ക് ഓരോന്നിനും എതിരെ മാറ്റമുണ്ടോ എന്ന വിവരവും മാറ്റമുണ്ടെങ്കിൽ യഥാർത്ഥ വിവരങ്ങളും മാറ്റം വരുത്തിയ കാലവും കെട്ടിടത്തിന്റെ ജിയോ കോർഡിനേറ്റുകളും രേഖപ്പെടുത്തേണ്ടതാണ്.

**(ക്രമ.നം.16)** വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10 ശതമാനത്തിൽ കുറയാത്ത എണ്ണം കെട്ടിടങ്ങളുടെ വിവരം സെക്രട്ടറിമാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി അവരുടെ ലോഗിനിലൂടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണ്. പരിശോധിക്കപ്പെടേണ്ട കെട്ടിടങ്ങൾ സോഫ്റ്റ്‌വെയർ വഴി തന്നെ തെരഞ്ഞെടുത്ത് ലഭ്യമാക്കേണ്ടതും അങ്ങനെ തെരഞ്ഞെടുക്കുമ്പോൾ ഓരോ വാർഡിലെയും ആകെ കെട്ടിടങ്ങളുടെയും ഓരോ ഉപയോഗക്രമത്തിന്റെയും 10 ശതമാനമെങ്കിലും ഉൾപ്പെടേണ്ടതുമാണ്. ഇപ്രകാരമുള്ള പരിശോധന നടത്തി വിവരങ്ങൾ ചേർക്കുന്ന മുറയ്ക്ക് ഓരോ കെട്ടിടത്തിന്റെയോ ഒന്നിലധികം കെട്ടിടങ്ങളുടേത് ഒരുമിച്ചോ പരിശോധനാ റിപ്പോർട്ട് അന്തിമമാക്കുന്നതിനുമുള്ള ക്രമീകരണം സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

**(ക്രമ.നം.17)** ഒരാൾ വിവരശേഖരണം നടത്തിയ കെട്ടിടങ്ങളുടെ ഉദ്യോഗസ്ഥതല പരിശോധനയിൽ 25 ശതമാനത്തിലധികം കെട്ടിടങ്ങളുടെ വിവരത്തിൽ വ്യത്യാസം കണ്ടെത്തുന്ന പക്ഷം അയാളുടെ നഷ്ടോത്തരവാദിത്തത്തിൽ ചുമതലപ്പെട്ട എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം വീണ്ടും നടത്തേണ്ടതാണ്. വിവര ശേഖരണത്തിന്റെ പുനഃപരിശോധനയിൽ കണ്ടെത്തുന്ന 5 ശതമാനം വരെയുള്ള വ്യത്യാസം അവഗണിക്കുന്നതും പരിശോധന വിവരം അന്തിമമാക്കുന്നതിന് പുനഃപരിശോധനയിലെ വിവരം പരിഗണിക്കുന്നതുമാണ്.

ഉത്തരവിലെ വ്യവസ്ഥകൾ മേൽ പറഞ്ഞത് പ്രകാരമായിരിക്കെ 6500 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കി ബിൽ സമർപ്പിച്ചത് പ്രകാരം 70/-രൂപ നിരക്കിൽ 18% ജി.എസ്.ടി ഉൾപ്പെടെ (82.6രൂപ) 6500 കെട്ടിടങ്ങൾക്ക് 5,36,900/-രൂപ 02.03.2024 തീയതിയിലെ ബില്ല് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കരാറിൽ വ്യവസ്ഥ ചെയ്ത ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യാതെയും സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്താതെയും വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കാതെയുമാണ് കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചിട്ടുള്ളത്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 5,36,900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 മഹാത്മാ ഗാന്ധിയുടെ പ്രതിമ - വാങ്ങൽ നടപടികൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | ഗാന്ധി പ്രതിമ സ്ഥാപിക്കാൻ വാങ്ങൽ (പ്രൊ.നം 300/25 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | തനത് ഫണ്ട്- 1,99,920/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ, തീയതി | 24/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 300/25 ഗാന്ധി പ്രതിമ സ്ഥാപിക്കാൻ വാങ്ങൽ എന്ന പദ്ധതി മുഖേന ചേരാസ് ഇന്ത്യ അഡ്വർടൈസിംഗ്, ഒറ്റപ്പാലം എന്ന സ്ഥാപനത്തിൽ നിന്നും 1,99,920/-രൂപ ചെലവഴിച്ച് ഗാന്ധി പ്രതിമ വാങ്ങിയിട്ടുണ്ട്. പ്രതിമയുടെ ഉയരമായി ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത് 54 ഇഞ്ച് ആണ് ആയതിന്റെ പാതി ഉയരം പീഠത്തിന്റേതാണ്(ചിത്രം ചുവടെ ചേർക്കുന്നു).



പ്രതിമ വാങ്ങലിൽ ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് ഫോറത്തിൽ വാങ്ങൽ നടപടി നേരിട്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലിമിറ്റഡ് ടെണ്ടർ നടപടിപോലും സ്വീകരിക്കാതെ 1,99,920/-രൂപ മൂല്യമുള്ള സേവനം നേരിട്ട് സമാഹരിച്ച നടപടി സ.ഉ(പി).നം.259/2010/ ത.സ്വ.ഭ.വ, തീയതി 08.11.2010 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കേരളത്തിനകത്ത് ശില്പങ്ങൾ നിർമ്മിച്ച് നൽകുന്ന വ്യക്തികളും സ്ഥാപനങ്ങളും ഉണ്ടായിരിക്കെ ചേരാസ് ഇന്ത്യ അഡ്വർടൈസിംഗ് എന്ന സ്ഥാപനത്തിന് നേരിട്ട് പർചേസ് ഓർഡർ നൽകിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. പ്രതിമകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിൽ പ്രമുഖരായ ശിലൈ എന്ന കമ്പനിയുടെ ഓൺലൈൻ മാർകറ്റ് സൈറ്റായ Www.Silaii.Com എന്ന വെബ്സൈറ്റിൽ മഹാത്മാ ഗാന്ധിയുടെ 2.5 അടി നീളമുള്ള മാർബിൾ പ്രതിമയുടെ വിലയായി ചേർത്തിരിക്കുന്നത് 47,920/-രൂപ മാത്രമാണ്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ

ധാരാളമുള്ള സാഹചര്യത്തിലും ലിമിറ്റഡ് ടെണ്ടർ നടപടികൾ കൈകൊള്ളാതെ ഒരു പരസ്യ കമ്പനിയായ ചേരാസ് ഇന്ത്യ അഡ്വർടൈസിംഗ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടപടികൾ സ്വീകരിച്ചത് പഞ്ചായത്തിന് ലാഭകരമായില്ല.

നിർമ്മാണ വസ്തുവിന്റെ വിശദാംശവും ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. പരിശോധനയിൽ സിമന്റ് പ്രതിമയാണെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. അപാകങ്ങളുടെ സാഹചര്യത്തിൽ ചെലവ് തുകയായ 1,99,920/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 വാറണ്ടിയുള്ള ഐ.ടി ഉപകരണങ്ങൾക്കും എ.എം.സി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 120/25 എ.എം.സി പുതുക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | തനത് ഫണ്ട്- 48,200/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം, തീയതി | 25/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 120/25 എ.എം.സി പുതുക്കൽ എന്ന പദ്ധതി മുഖേന 27 ഡെസ്ക്ടോപുകൾക്കും 2 ഡെസ്ക്ടോപുകൾക്കും 8 പ്രിന്ററുകൾക്കും 24.12.2024 മുതൽ 23.12.2025 വരെയുള്ള കാലയളവിലേക്ക് എ.എം.സി (വാർഷിക പരിപാലന കരാർ) ചമച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ പട്ടിക പരിശോധിച്ചതിൽ നിന്നും ആയതിൽ ഇനീഷ്യൽ വാറന്റിയിലുള്ള കമ്പ്യൂട്ടറുകളും പ്രിന്ററുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉപകരണം | സീരിയൽ നമ്പർ | ഇനീഷ്യൽ വാറന്റി അവസാനിക്കുന്ന തീയതി | വാറന്റിക്കായി ചെലവഴിച്ച തുക |
|---|---|---|---|
| CANON പ്രിന്റർ | NTSA230258 | 2026 | 1,000/- |
| ഡെസ്ക്ടോപ് കമ്പ്യൂട്ടർ | SA0112503062 | 6/2025 | 1,400/- |
| ഡെസ്ക്ടോപ് കമ്പ്യൂട്ടർ | 8225X73 | 6/2025 | 1,400/- |

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഇനീഷ്യൽ വാറന്റിയിലുള്ള ഉപകരണങ്ങൾക്ക് എ.എം.സിയിൽ ഏർപ്പെട്ടത് ബോധപൂർവമല്ലാതെ സംഭവിച്ച പിശകാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ എ.എം.സി രജിസ്റ്റർ, ഹാർഡ്വെയർ രജിസ്റ്റർ, വാറന്റി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിനുണ്ടായ 3800/-രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-46 കേരളോത്സവം - പ്രൊജക്ട് അസിസ്റ്റന്റിന് മുൻകൂർ നൽകി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | കേരളോത്സവം (പ്രൊ.നം. 148/2025) |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | തനത് ഫണ്ട്- 1,49,960/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ, തീയതി | 26/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കേരളോത്സവം (പ്രൊ.നം. 148/2025), എന്ന പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) പദ്ധതി പ്രകാരം പണം മുൻകൂർ പിൻവലിച്ച് പ്രൊജക്ട് അസിസ്റ്റന്റിന് നൽകി. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 94-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് മുൻകൂർ അനുവദിച്ചിട്ടുള്ളത്.

ബി) മുൻകൂർ അനുവദിക്കപ്പെട്ട തുക പണമായി പിൻവലിച്ചാണ് പ്രൊജക്ട് അസിസ്റ്റന്റായ അമൽ തമ്പിക്ക് നൽകിയിട്ടുള്ളത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ടതും ജോലിയുടെ സ്വഭാവം നിർവചിക്കപ്പെട്ടതുമായ കരാർ ജീവനക്കാരന്റെ പേരിൽ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സി) ചെലവ് തുകകൾ ബന്ധപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകാതെ പണമായി നൽകിയത് ധനകാര്യ വകുപ്പിന്റെ ധനവിനിയോഗ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഉദാ- ട്രോഫി, ഭക്ഷണ ചെലവ് എന്നിവ.

ഡി) ഭൂരിഭാഗം ചെലവുകളിലും സബ്‌വൗച്ചർ മാത്രമെ പരിപാലിച്ചിട്ടുള്ളൂ. ഇക്കാരണങ്ങളാൽ ചെലവിന്റെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ യൂത്ത് കോ-

ഓഡിനേറ്ററുടെ സേവനം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലാണ് തുക പ്രൊജക്ട് അസിസ്റ്റന്റിന്റെ പേരിൽ മുൻകൂറായി അനുവദിച്ചത് എന്നും ജഡ്ജസിന്റെ ഫീസും റിഫ്രഷ്മെന്റ് ചാർജ്ജും പരിപാടി നടക്കുമ്പോൾ തന്നെ നൽകേണ്ടതുള്ളതിനാലാണ് പണമായി പിൻവലിച്ച് ചെലവുകൾ നടത്തിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഭൂരിഭാഗം ചെലവുകളിലും പണം കൈപ്പറ്റ് രശീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 34,896/- രൂപ മൂല്യമുള്ള ട്രോഫി കൊട്ടേഷൻ നടപടികളിലൂടെയാണ് സമാഹരിച്ചത് ആയതിന്റെ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകാതെ പണമായി പിൻവലിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഭക്ഷണ ചെലവുകളും സമാനമായ രീതിയിൽ പണമായി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഫാമിലി ഹോട്ടൽ കോടഞ്ചേരി എന്ന സ്ഥാപനത്തിന്റെ അപേക്ഷ പ്രകാരം 12,102/-രൂപയും പണമായാണ് ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് വൗച്ചറുകളുടെകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| NO. | ITEMS | AMOUNT |
|---|---|---|
| 1 | FOOTBALL OFFICALS- AJNAS | 3000 |
| 2 | FOOTBALL OFFICALS-RINAS | 3000 |
| 3 | FOOTBALL OFFICALS-BINEESH | 3000 |
| 4 | FOOTBALL OFFICALS-RANJEESH | 3000 |
| 5 | SHUTTLE BADMINTON REFEREE FEES-JACOB JOSE | 2000 |
| 6 | SHUTTLE BADMINTON REFEREE FEES VICENT | 2000 |
| 7 | SHUTTLE BADMINTON REFEREE FEES MANU M.S | 2000 |
| 8 | SHUTTLE BADMINTON REFEREE FEES SANU V | 2000 |
| 9 | FOOTBALL COURT PREPARATION FEES | 2000 |
| 10 | SWIMMING COMPETITION POOL ARRANGEMENT | 3000 |
| 11 | SWIMMING REFEREE FEES | 3000 |
| 12 | SWIMMING POOL CLEANING FEES | 1000 |
| 13 | SHUTTLE BADMINTON COURT PREPARATION | 1000 |

| NO. | ITEMS | AMOUNT |
|---|---|---|
| 14 | KALARI PAYATTU- CVN KALARI | 6000 |
| 15 | JUDGEMENT FEE - SPEECH - PRAKASH | 2500 |
| 16 | JUDGEMENT FEE - SPEECH - ASWANTH | 2000 |
| 17 | JUDGEMENT FEE - MUSIC - LISSY K.G | 1500 |
| 18 | JUDGEMENT FEE - MUSIC - VINAYARAJ | 1500 |
| 19 | JUDGEMENT FEE - MUSIC - VASU K NAIR | 1500 |
| 20 | JUDGEMENT FEE - TUG OF WAR- MARTIN | 2000 |
| 21 | JUDGEMENT FEE - TUG OF WAR- ANTONY | 2000 |
| 22 | JUDGEMENT FEE - TUG OF WAR- P.T EDWARD | 2000 |
| 23 | JUDGEMENT FEE - CRICKET AMBARING -AJAS | 3000 |
| 24 | JUDGEMENT FEE - CRICKET AMBARING-PRAVEEN | 3000 |
| 25 | JUDGEMENT FEE - CRICKET AMBARING- PAULSON | 3000 |

| NO. | ITEMS | AMOUNT |
|---|---|---|
| 1 | COOL DRINKS | 110 |
| 2 | CRICKET SCORER FEES | 1500 |
| 3 | SHUTTLE COCK 1 BOX | 1200 |
| 4 | VOLLEYBALL COMPETITION MARIAN COURT RENT | 5000 |
| 5 | VOLLYBALL COURT MARKKING & PAINTING | 1000 |
| 6 | KABADDI COMPETITION SCHOOL GROUND | 8000 |
| 7 | ARM RESSLING COMPETTION | 2000 |
| 8 | CHESS COMPETITION OFFICIALS | 2000 |
| 9 | ATHLETICS OFFICIALS | 5000 |
| 10 | ATHLETICS JUMB ITEMS | 5000 |
| 11 | ATHLETICS TRACK PREPRATION & CLEANING | 2000 |
| 12 | FAMILY HOTEL KODENCHERY | 12102 |
| 13 | FOCUS TOOLS-RENT CHAIR & TABLE | 2950 |
| 14 | STATIONARY ITEMS BOOK | 80 |
| 15 | SEM MASTER WHITE LIME | 720 |
| 16 | KAIRALI HOTEL KODENCHERY | 460 |
| 17 | JANATHA STORE | 83 |
| 18 | MARKER | 50 |
| 19 | BOTTLE WATER | 1410 |
| 20 | MENKA STORE | 80 |
| 21 | JAYAN FANCT | 80 |
| 22 | ARACKAL STORE | 1430 |
| 23 | PLASTIC ROPE | 40 |
| 24 | BENNY K | 186 |
| 25 | FIRST AID | 169 |
| 26 | SHUTTLE MATCH MANAGEMENT | 500 |
| 27 | STAR WINGS TROPHY(JAMEELA MEMBER) | 5376 |
| 28 | MALABR BAKES | 1440 |
| 29 | LEO MEDICALS | 180 |
| | **TOTAL** | **60146** |

ക്വട്ടേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് സമാഹരിച്ച സാധനത്തിന്റേത് ഉൾപ്പെടെയുള്ള തുകകൾ പണമായി പിൻവലിച്ച് ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-47 ക്വട്ടേഷൻ നടപടികളില്ലാതെ വാങ്ങൽ നടപടി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | എം.സി.എഫ് ലേക്ക് ത്രീഫേസ് കണക്ഷൻ (പ്രൊ.നം.539/2025) |
| നിർവഹണ ഉദ്യോഗസ്ഥ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | തനത് ഫണ്ട്- 61,127/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ, തീയതി | 27/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എം.സി.എഫ് ലേക്ക് ത്രീഫേസ് കണക്ഷൻ (പ്രൊ.നം.539/2025), എന്ന പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

. പദ്ധതി പ്രകാരം ത്രീഫേസ് കണക്ഷൻ സ്ഥാപിക്കുന്നതിനായി തൈപറമ്പിൽ ബിൽഡ്വെയർ & ഹോം അപ്ലയൻസസ് എന്ന സ്ഥാപനത്തിൽ നിന്നും 49,275/-രൂപയുടെ മെറ്റീരിയലുകൾ വാങ്ങിയിട്ടുണ്ട്. മെറ്റീരിയലുകൾ ക്വട്ടേഷൻ ടെണ്ടർ നടപടികളില്ലാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. പ്രവൃത്തിയുടെ മൂല്യനിർണ്ണയവും നടത്തിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.27/29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വാങ്ങൽ നടപടികളിലെ അപാകങ്ങൾ മൂലം ചെലവ് തുകയായ 49,275/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 ആവശ്യകത പരിശോധിക്കാതെ ഇൻവെർട്ടർ (യു.പി.എസ്) വാങ്ങി

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഇൻവെർട്ടർ (യു.പി.എസ്) വാങ്ങൽ (പ്രൊ.നം. 504/2025), എന്ന പദ്ധതി മുഖേന 5KVA കപ്പാസിറ്റിയുള്ള 2 ഇൻവെർട്ടറുകളും (യു.പി.എസ്), ബാറ്ററികളുമാണ് വാങ്ങിയിട്ടുള്ളത്. ഒരു ഇൻവെർട്ടറിൽ ൽ 640 Ah ശേഷിയുള്ള ബാറ്ററിയും മറ്റൊരു ഇൻവെർട്ടറിൽ 450 Ah ശേഷിയുള്ള ബാറ്ററികളുമാണ് സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) പദ്ധതി പ്രകാരം 5KVA കപ്പാസിറ്റിയുള്ള 2 ഇൻവെർട്ടറുകളും (യു.പി.എസ്), ബാറ്ററികളുമാണ് വാങ്ങിയിട്ടുള്ളത്. സ്ഥാപനത്തിൽ ആകെ 27 ഡെസ്ക്ടോപ് കമ്പ്യൂട്ടറുകളാണ് (നിർവഹണ ഉദ്യോഗസ്ഥരുടേത് ഉൾപ്പെടെ) പ്രവർത്തിക്കുന്നതെന്ന് എ.എം.സി ഫയലിൽ നിന്നും വ്യക്തമായതാണ്. മേൽ സാഹചര്യത്തിൽ 10 KVA കപ്പാസിറ്റിയുള്ള ഇൻവെർട്ടറിന്റെ (യു.പി.എസ്) ആവശ്യകത തിട്ടപ്പെടുത്തിയതെങ്ങനെയെന്നത് വ്യക്തമാക്കേണ്ടതാണ്.

ബി) ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിലേക്ക് ജനറേറ്റർ വാങ്ങിയ സാഹചര്യത്തിലും 10 KVA കപ്പാസിറ്റിയുള്ള ഇൻവെർട്ടറിന്റെ (യു.പി.എസ്) ആവശ്യകത വ്യക്തമാക്കേണ്ടതാണ്.

സി) നിലവിലുള്ള ഇൻവെർട്ടറിന്റെ (യു.പി.എസ്) ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ ഉൾപ്പെടുത്തി ബില്ലിൽ ക്രമീകരിക്കുകയോ ലേല നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ സ്ഥാപനത്തിലെ ഐ.ടി ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിന് 7700 വാട്ട്സ് കപ്പാസിറ്റിയുള്ള ഇൻവെർട്ടർ (യു.പി.എസ്) വേണ്ടി വരുമെന്നും ഭാവിയിലേക്കുള്ള ആവശ്യകത കൂടി പരിഗണിച്ചാണ് 10000 വാട്ട്സ് കപ്പാസിറ്റിയുള്ള ഇൻവെർട്ടർ (യു.പി.എസ്) വാങ്ങിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. നിലവിലുണ്ടായിരുന്ന 5 KVA ഇൻവെർട്ടർ (യു.പി.എസ്) ഇടിമിന്നലേറ്റ് തകരാറിലായതിനാലാണ് അടിയന്തിരമായി 10 KVA ഇൻവെർട്ടർ (യു.പി.എസ്) വാങ്ങിയത് എന്ന വിവരവും

മറുപടിയിലൂടെ അറിയിച്ചിട്ടുണ്ട്. മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

I) ഇൻവെർട്ടർ (യു.പി.എസ്), ബാറ്ററി എന്നിവയുടെ ശേഷി കണക്കാക്കേണ്ടത് ആവശ്യമായ ബാക്കപ്പ് ടൈം കൂടി പരിഗണിച്ചാവണം. പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സാങ്കേതിക ഉപദേശം സ്വീകരിച്ചാവണം ഇത്തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

Ii) ഗ്രാമപഞ്ചായത്തിലേക്ക് ഓഡിറ്റ് വർഷത്തിൽ 15 KVA ശേഷിയുള്ള ജനറേറ്റർ വാങ്ങിയ സാഹചര്യത്തിൽ ദീർഘസമയത്തേക്ക് ഇൻവെർട്ടർ (യു.പി.എസ്) മുഖേനയുള്ള വൈദ്യുതി പിന്തുണ ആവശ്യമായി വരില്ലെന്നത് വ്യക്തമാണ്.

മതിയായ പഠനം നടത്തി സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചതിനാലാണ് മേൽ പരാമർശിച്ച അപാകങ്ങൾ സംഭവിച്ചിട്ടുള്ളത്. അപാകങ്ങൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടിക്രമങ്ങൾ പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നതെന്ന് പ്രൊക്യുർമെന്റ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-49 ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം (പ്രൊ.നം. 452/2025) |
| നിർവഹണ ഉദ്യോഗസ്ഥ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | വികസന ഫണ്ട്-ജനറൽ<br>തനത് ഫണ്ട് |
| ചെലവ് | വികസന ഫണ്ട്-ജനറൽ – 4,90,000/-<br>തനത് ഫണ്ട്- 35,624/- |
| ബിൽ നം, തീയതി | 333/18.12.2024 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ, തീയതി | 29/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം (പ്രൊ.നം.452/2025), എന്ന പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഡിറ്റോറിയത്തിലേക്ക് (മുകൾ നില) 14.03.2024 തീയതിയിൽ 5,25,624/-രൂപയുടെ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. നിലവിൽ ഫർണിച്ചർ, ഡയസ് എന്നിവ സ്ഥാപിക്കാത്ത നിലയിലാണുള്ളത്. ഓഡിറ്റോറിയത്തിൽ വൈദ്യുതീകരണം നടത്തുകയോ പെയിന്റിംഗ് ഉൾപ്പെടെയുള്ള

പ്രവൃത്തികൾ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. മുൻഗണനാക്രമം പാലിക്കാതെയാണ് പദ്ധതി ആസൂത്രണം ചെയ്ത് നിർവഹിച്ചിട്ടുള്ളത്.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.29/29.07.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റോറിയം ഇലക്ട്രിഫിക്കേഷന് വേണ്ടി പദ്ധതി തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങിയിട്ടുണ്ടെന്നും പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് ഓഡിറ്റോറിയത്തിലേക്കുള്ള ഫർണിച്ചറുകൾ ഉപയോഗപ്രദമാക്കും എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഫർണിച്ചറുകൾ വാങ്ങി ഒന്നരവർഷത്തോളമായിട്ടും ഉപയോഗപ്പെടുത്താനാവാത്ത സാഹചര്യം ഉണ്ടായത് പ്രൊജക്ടുകൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്യുന്നതിലുണ്ടായ വീഴ്ച മൂലമാണ്. ഓഡിറ്റോറിയം പ്രവർത്തനക്ഷമമാക്കിയും ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തിയും വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുകയായ 5,25,624/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-50 വാട്ടർ ചാർജ്ജ് കുടിശ്ശികയാക്കി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | കെ.ഡബ്ല്യു.എ വാട്ടർ ചാർജ്ജ് അടവാക്കൽ (പ്രൊ.നം. 104/2025) |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട്-5,00,000/- |
| ചെലവ് | തനത് ഫണ്ട്-2,99,493/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം, തീയതി | 30/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കെ.ഡബ്ല്യു.എ വാട്ടർ ചാർജ്ജ് അടവാക്കൽ (പ്രൊ.നം.104/2025), എന്ന പദ്ധതിയുടെ ഭാഗമായി തെരുവ് വിളക്കുകളുടെ വാട്ടർചാർജ്ജ് അടവാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരിച്ച സാഹചര്യത്തിലും 6 മാസത്തെ ബിൽ തുക മാത്രമെ പദ്ധതി മുഖേന ചെലവഴിച്ചിട്ടുള്ളൂ. 6 മാസത്തെ ബില്ലുകൾ തനത് ഫണ്ടിൽ നിന്നും റവന്യൂചെലവായാണ് നിർവഹിച്ചിട്ടുള്ളത്. തനത് ഫണ്ട് നീക്കിയിരിപ്പുള്ള ഗ്രാമപഞ്ചായത്തായിട്ടും യഥാസമയം ബില്ലുകൾ അടവാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. കാലതാമസം മൂലം ഡിമാന്റ് ചെയ്യപ്പെട്ട 1,035/-രൂപയുടെ പിഴയും തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. ബില്ലുകൾ അടവാക്കുന്നതിലുണ്ടായ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴയായി അടച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടക്കേണ്ടതുമാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള (നം.30/29.07.2025) മറുപടിയിൽ അപാകം ആവർത്തിക്കില്ലെന്നും പിഴ ഇനത്തിൽ അടവാക്കിയ 1,035/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-51 ജനറേറ്റർ വാങ്ങൽ - നടപടികളിൽ വീഴ്ച

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ (പ്രൊ.നം.

273/2025) എന്ന പദ്ധതിയുടെ ഭാഗമായി 15 KVA ജനറേറ്റർ വാങ്ങിയിട്ടുണ്ട്(കിർലോസ്കർ). വാങ്ങൽ നടപടികളിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

I) ജനറേറ്റർ ഓഡിറ്റ് തീയതിവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

Ii) ഓപ്പൺ ബിഡിന് പകരം പ്രൊഡക്ട് കമ്പാരിസൺ മെത്തേഡിലാണ് GeM നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ താരതമ്യത്തിന് വിധേയമാക്കിയ പ്രൊഡക്ടുകൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. ഉദാ- എഞ്ചിൻ കപ്പാസിറ്റി, വാറണ്ടി, ടാങ്ക് കപ്പാസിറ്റി എന്നിവ. അപാകംമൂലം വാങ്ങലുകളിൽ മത്സരക്ഷമത ഉറപ്പാക്കാനായില്ല. പട്ടിക കാണുക.

| . സ്പെസിഫിക്കേഷൻ | സെലക്ട് ചെയ്ത പ്രൊഡക്ട് | താരതമ്യം ചെയ്ത പ്രൊഡക്ട് |
|---|---|---|
| എഞ്ചിൻ | 1650 Cc | 3170 Cc |
| ഫ്യുവൽ ടാങ്കിന്റെ കപ്പാസിറ്റി | 65 | 90 |
| വാറണ്ടി | 12 മാസം | 36 മാസം |

Iii) ജനറേറ്ററിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചതിന് ആധാരമാക്കിയ രേഖ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ പരിശോധിച്ചാൽ ഉയർന്ന സ്പെസിഫിക്കേഷനിലുള്ള സാധനത്തോടാണ് വാങ്ങിയ ജനറേറ്ററിനെ താരതമ്യം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാകും. ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ജനറേറ്ററിന്റെ വിലയും താരതമ്യേന ഉയർന്നതായിരിക്കുമെന്ന വസ്തുത പരിഗണിക്കപ്പെട്ടിട്ടില്ല. ഇൻവെർട്ടറുകൾ (യു.പി.എസ്) വാങ്ങിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ കമ്പ്യൂട്ടറുകൾ പ്രവർത്തിക്കുന്നതിന് മാത്രമായി 7700 വാട്സ് വൈദ്യുതി ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ മൊത്തം ആവശ്യങ്ങൾക്കായി 15 KVA കപ്പാസിറ്റിയുള്ള ജനറേറ്റർ മതിയാകുമെന്ന് നിശ്ചയിച്ചതെങ്ങനെയെന്നത് വ്യക്തമല്ല.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.31/29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ജനറേറ്റർ പ്രവർത്തന ക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-52 തൊഴിലുറപ്പ് പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

തൊഴിലുറപ്പ് പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### എ) അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകം മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത് സ്റ്റാക്ക് ചെയ്ത അളവിനാണ്. ഉദാ- കരുവൻപ്ലാക്കിൽ പടി കുന്നത്ത് പടി റോഡ്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ വാങ്ങലും, സംഭരണവും, വിനിയോഗവും സംബന്ധിച്ച് പാലിക്കേണ്ട നിർദ്ദേശങ്ങൾ 31.03.2012-ലെ (കൈ)93/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങൾ സംഭരിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. മേൽ പദ്ധതി പ്രകാരം 63 Mm Stone Agragate ന് സ്റ്റാക്ക് മെഷർ ചെയ്തത് 74.2 ഘനമീറ്ററാണ്. പെയ്മെന്റിനായി പരിഗണിച്ചത് 73.71 ഘന മീറ്ററുമാണ്. യഥാർത്ഥത്തിൽ പരിഗണിക്കേണ്ടിയിരുന്നത് 68.82 ഘനമീറ്റർ മാത്രമായിരുന്നു.

CPWD (Central Public Works Department) സ്പെസിഫിക്കേഷൻ ഖ 16.4, പട്ടിക 16.12, 16.13 എന്നിവ പ്രകാരം സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. 2019 ലെ CPWD സ്പെസിഫിക്കേഷൻ 16.4.1.2 പ്രകാരം " The Total Quantity So Arrived Shall Be Reduced By 7.5% To Arrive At The Net Quantity For Payment, In Cases Of Aggregates" എന്നും വ്യക്തമാക്കിയിട്ടുണ്ട്. DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം വോയിഡ് കുറവ് ചെയ്യാതെ അളവുകൾ രേഖപ്പെടുത്തുന്നതിനാൽ കരാറുകാരന് അധിക തുക നൽകാനിടയാകുകയും ആവശ്യമായ മെറ്റീരിയലുകൾ ഇല്ലാത്തതിനാൽ ഗുണനിലവാരം കുറയുകയും ചെയ്യുന്നുണ്ട്. സാധനങ്ങളുടെ സംഭരണ അളവുകൾ രേഖപ്പെടുത്തുന്നതിലുണ്ടായ വീഴ്ച മൂലം കരാറുകാരന് അധിക തുക നൽകുന്നതിനും പ്രവൃത്തിയുടെ ഗുണമേന്മ നഷ്ടപ്പെടുന്നതിനും കാരണമാകുന്നുണ്ട്.

### ബി) സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച തുക നൽകി

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും മെറ്റീരിയലുകൾ വാങ്ങി പ്രവൃത്തി നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പ്രവൃത്തിക്കും പ്രത്യേകമായാണ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളത്. 2024-25 വർഷത്തിൽ നിരവധി പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022-ലെ കത്ത്, 08.07.2022-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം സെക്യുർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR(ലോക്കൽ മാർക്കറ്റ് റേറ്റ്) നിരക്കിനേക്കാൾ കൂടുതലായതിനാലും എം.ആർ.പി രേഖപ്പെടുത്തിയ പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്നും സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430/-രൂപയാണെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022-ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് ടണ്ണിന് 9,307/-രൂപയാണ്. അതായത് ബാഗിന് 465/-രൂപ മാത്രം. മേൽ സാഹചര്യത്തിലാണ് 50 കിലോ ബാഗിന് 595/-രൂപ വരെയുള്ള നിരക്കിൽ തുക അനുവദിച്ചിട്ടുള്ളത്. വ്യക്തിഗത ഗുണഭോക്താവായ വിൻസെന്റ് ജോസഫ് എന്നവർ തൊഴുത്ത് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി സമർപ്പിച്ച ബില്ലിലെ സിമന്റിന്റെ നിരക്ക് 380/-രൂപ മാത്രമാണെന്നതും പ്രസക്തമാണ്.

കാലപ്പുറം കുന്നപ്പള്ളിതാഴെ തോട് സൈഡ് സംരക്ഷണം എന്ന പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരൻ ബിൽ സമർപ്പിക്കുകയും 545/-രൂപ നിരക്കിൽ (Below Estimate Rate) തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലുകളിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ്, ഗ്രേഡ്, എം.ആർ.പി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ചമയ്ക്കുന്ന കാലയളവിൽ സൂചന ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**സി) റോഡുകൾ സോളിംഗ് പ്രവൃത്തി ചെയ്യുന്നു**

തൊഴിലുറപ്പ് പദ്ധതി പ്രകാരം നിരവധി റോഡുകൾ സോളിംഗ് ചെയ്യുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിച്ചിട്ടുണ്ട്. ഉദാ-കരുവൻപ്ലാക്കിൽപ്പടി കുന്നത്ത് പടി റോഡ് (RC 397784). റോഡ് നിർമ്മാണത്തിൽ കാലഹരണപ്പെട്ടതും ചെലവേറിയതുമായ സോളിംഗ് പ്രവൃത്തി സ്വീകരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.35/29.07.2025 ). വാട്ടർ ബൗണ്ട് മെക്കാഡം വെറ്റ് മിക്സ് മെക്കാഡത്തെ അപേക്ഷിച്ച് ചെലവേറിയതും ഗുണനിലവാരവും ക്ഷമതയും കുറഞ്ഞതുമാണ്. ധനകാര്യ വകുപ്പ് സാങ്കേതിക പരിശോധന വിഭാഗത്തിന്റെ 20.07.2016 ലെ Insp-Tech/16/2016/Fin സർക്കുലർ പ്രകാരം WBM ന് പകരം WMM ഉപയോഗപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും റോഡ് നിർമ്മിതിയിൽ WBM ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-53 സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ നടപടി

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പറും, പേരും | ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ (പ്രൊ.നം. 379/2025) |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് റൈഡ് |
| ചെലവ് | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് റൈഡ്-1,70,510/- |
| ബിൽ വിവരം | 821/ 26-03-2025 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ, തീയതി | 32/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ

(പ്രൊ.നം.379/2025), എന്ന പദ്ധതിയുടെ ഭാഗമായി 11 ശുചിത്വബോധവത്കരണ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. സേവനം സമാഹരിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

**എ)** 20.07.2021 തീയതിയിലെ ശുചിത്വമിഷന്റെ 1190/ഇ1/2021/എസ്.എം നമ്പർ കത്തിലൂടെ ശുചിത്വബോധവത്കരണ ബോർഡുകളുടെ സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന് വിരുദ്ധമായി സ്പെസിഫിക്കേഷൻ വിശദീകരിക്കാതെയാണ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളത്.

**ബി)** ടെണ്ടർ അനുവദിക്കപ്പെട്ട തോമസ്.എ.വി എന്ന കരാറുകാരൻ A Class Pipe 1Sqft ന് 728 രൂപയും B Class Pipe 1Sqft ന് 830/- രൂപയും C Class Pipe 1Sqft ന് 930/-രൂപയും ആണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ബില്ല് സമർപ്പിച്ചിട്ടുള്ളത് പ്രസ്തുത നിരക്കുകൾക്ക് ആനുപാതികമായോ Sqft അടിസ്ഥാനമാക്കിയോ അല്ല. ബില്ലിൽ ജി.എസ്.ടി രേഖപ്പെടുത്തിയിട്ടുമില്ല.

സി) അളവുകൾ വ്യക്തമാക്കാതെ സമർപ്പിച്ച ബില്ല് അംഗീകരിച്ച് കരാറുകാരന് തുക നൽകിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.32/29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. 30.07.2025 തീയതിയിൽ സ്ഥലപരിശോധന നടത്തിയതിൽ നിന്നും കണ്ണോത്ത് എന്ന സ്ഥലത്ത് 1.2 സെന്റിമീറ്റർ കനമുള്ള മൾട്ടി വുഡിലുള്ള 90 സെന്റി മീറ്റർ നീളവും 90 സെന്റി മീറ്റർ വീതിയുമുള്ള മുകളിൽ 25 സെന്റിമീറ്റർ വ്യാസമുള്ള അർദ്ധ വൃത്തവും (പരമാവധി 10 ചതുരശ്ര അടി വിസ്തീർണ്ണം) ബോർഡുകളാണ് സ്ഥാപിച്ചതെന്നത് വ്യക്തമായിട്ടുണ്ട്. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകളിൽ ഏറ്റവും ഉയർന്ന നിരക്കായ 930/-രൂപ (ചതുരശ്ര അടിക്ക്) പരിഗണിച്ചാൽ പോലും കരാറുകാരന് അനുവദിക്കാവുന്ന പരമാവധി നിരക്ക് 9,300/-രൂപ മാത്രമാണ്. എന്നാൽ കരാറുകാരൻ ക്ലെയിം ചെയ്തിട്ടുള്ളത് 13,275 രൂപ നിരക്കിൽ 1,46,025/-രൂപ യാണ്. 9,300/-രൂപ നിരക്കിൽ തുക അനുവദിക്കുന്ന പക്ഷം കരാറുകാരന് അനുവദിക്കാവുന്ന പരമാവധി നിരക്ക് 1,02,300/-രൂപ മാത്രമായിരുന്നു. 463/2025 നമ്പർ പ്രൊജക്ട് പ്രകാരം ഇതേ കരാറുകാരൻ സമാന അളവിലും മെറ്റീരിയലിലും സൈൻബോർഡ് സ്ഥാപിച്ചതിന് 8,850/- രൂപയാണ് ക്ലെയിം ചെയ്തിട്ടുള്ളതെന്നതും പ്രസക്തമാണ്. ക്വാട്ട് ചെയ്ത പരമാവധി നിരക്കിനേക്കാൾ 43,725/- രൂപയാണ് അനർഹമായി അനുവദിച്ചിട്ടുള്ളത്.

**ശുചിത്വ മിഷൻ സ്പെസിഫിക്കേഷൻ പരിഗണിക്കാതെ ബോർഡ് സ്ഥാപിച്ചു**

ശുചിത്വബോധവത്കരണ ബോർഡുകളുടെ സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ പ്രകാരം എ.സി.പി ഷീറ്റ്, 6 Mm ഗ്ലാസ്സ്, മൾട്ടി വുഡ് എന്നിവയിൽ 7 ചതുരശ്ര അടി X 5 ചതുരശ്ര അടി (ആകെ 35 സ്ക്വയർ ഫീറ്റ്) വിസ്തൃതിയിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുകയായി നിശ്ചയിച്ചിട്ടുള്ളത് 8,750/-രൂപ മാത്രമാണ് ചതുരശ്ര അടിക്ക് 250/-രൂപ നിരക്കിലുള്ള എസ്റ്റിമേറ്റ് പ്രകാരം പദ്ധതി ആസൂത്രണം ചെയ്യാതെ 1,375/-രൂപ നിരക്കിലാണ് പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവഹിച്ചിട്ടുള്ളത്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 43,725/-രൂപ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്. നിരാകരിച്ചതിൽ അവശേഷിക്കുന്ന ചെലവ് തുകയായ 126785 (170510−43725) അപാകതകളുടെ സാഹചര്യത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-54 മൂല്യനിർണ്ണയം നടത്താതെ തുക നൽകി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | അങ്ങാടികൾ ഭംഗിയാക്കൽ (പ്രൊ.നം. 463/2025) |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-റൈഡ് 2,42,231/- |
| ചെലവ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-റൈഡ് 2,42,231/- |
| ബിൽ വിവരം | 733/ 19-03-2025 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം, തീയതി | 30/29.07.2025 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അങ്ങാടികൾ ഭംഗിയാക്കൽ (പ്രൊ.നം. 463/2025), എന്ന പദ്ധതിയുടെ ഭാഗമായി സൈൻ ബോർഡുകളും ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്. സേവനം സമാഹരിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

I) ടെണ്ടർ അനുവദിക്കപ്പെട്ട തോമസ്.എ.വി എന്ന കരാറുകാരൻ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് എന്നാണ് കാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളത്. ടെണ്ടർ പരസ്യത്തിൽ ശുചിത്വബോധവത്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിനും ചെടികൾ നട്ടുപിടിപ്പിക്കുന്നതിനും ആണ് സേവനം ക്ഷണിച്ചിട്ടുള്ളത്. എന്നാൽ ബില്ല് പ്രകാരം 15 സൈൻബോർഡ് സ്ഥാപിച്ചതിന്റെയും 30 ബിന്ന് സ്ഥാപിച്ചതിന്റെയും വിവരമാണ് ഉൾപ്പെട്ടിട്ടുള്ളത്. നടത്തേണ്ട പ്രവൃത്തിയിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവഹിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനും മൂല്യനിർണ്ണയം നടത്താതെ തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.33/29.07.2025). 30.07.2025 തീയതിയിൽ സ്ഥലപരിശോധന നടത്തിയതിൽ നിന്നും കണ്ണോത്ത് എന്ന സ്ഥലത്ത് 1.2 സെന്റിമീറ്റർ കനമുള്ള മൾട്ടി വുഡിലുള്ള 90 സെന്റി മീറ്റർ നീളവും 90 സെന്റി മീറ്റർ വീതിയുമുള്ള മുകളിൽ 25 സെന്റിമീറ്റർ വ്യാസമുള്ള അർദ്ധ വൃത്തവും അളവിലുള്ള (പരമാവധി 10 ചതുരശ്ര അടി വിസ്തീർണ്ണം - ശുചിത്വ ബോധവത്കരണ ബോർഡിന് സമാനമായത്) ബോർഡുകളാണ് സ്ഥാപിച്ചതെന്നത് വ്യക്തമായിട്ടുണ്ട്. മൂല്യനിർണ്ണയം നടത്താതെ ഉയർന്ന നിരക്കിൽ തുക അനുവദിച്ച നടപടി അംഗീകരിക്കാവുന്നതല്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി അധികം നൽകപ്പെട്ട തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

Ii) പദ്ധതി പ്രകാരം 240 ലിറ്റർ ശേഷിയുള്ള 30 ബിന്നുകൾ വിതരണം ചെയ്തതിന്റെ തുക ബിൻ ഒന്നിന് 3,363/-രൂപ

നിരക്കിൽ കരാറുകാരൻ ക്ലെയിം ചെയ്തിട്ടുണ്ട്. ബിന്നുകൾ ശുചിത്വ മിഷൻ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണോ എന്ന വിവരം ഫയലിൽ ലഭ്യമല്ല, ബിൻ സ്ഥാപിച്ച സ്ഥാപനങ്ങളുടെയും സ്ഥലത്തിന്റെയും വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ മൂലം ചെലവ് തുകയായ 2,33,640/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൂല്യനിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും അധികമായി അനുവദിക്കപ്പെട്ട തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-55 കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് - അപാകങ്ങൾ

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | ചെമ്പൂക്കടവ് വാർഡ് കുടിവെള്ള പൈപ്പ്ലൈൻ റിപ്പേർ 635/2025 | നൂറാം തോട് കുടിവെള്ള വിതരണ പൈപ്പ്ലൈൻ റിപ്പേറിനായി പ്രൊജക്ട് നമ്പർ 636/2025 |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | തനത് ഫണ്ട്- 50,000/- | തനത് ഫണ്ട് 24,978/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം, തീയതി | 34/29.07.2025 | 34/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചെമ്പൂക്കടവ് വാർഡ് കുടിവെള്ള പൈപ്പ്ലൈൻ റിപ്പയറിനായി പ്രൊജക്ട് നമ്പർ 635/2025 പ്രകാരം 50,000/-രൂപയും, നൂറാം തോട് കുടിവെള്ള വിതരണ പൈപ്പ്ലൈൻ റിപ്പേറിനായി പ്രൊജക്ട് നമ്പർ 635/2025 പ്രകാരം 24,978/-രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് ഗുണഭോക്തൃ സമിതികൾ മുഖേന റിപ്പേർ പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

**എ)** ചെമ്പൂക്കടവ് വാർഡ് കുടിവെള്ള പൈപ്പ്ലൈൻ റിപ്പേർ പ്രവൃത്തിയുടെ ഫയലിൽ പൊട്ടിയ പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനായി 175 മീറ്റർ നീളത്തിൽ ഖനന പ്രവൃത്തി നിർവഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാങ്ങിയിരിക്കുന്ന പി.വി.സി പൈപ്പിന്റെ അളവ് 203 മീറ്റർ ആണ്.(75 Mm 10kgf ) കുന്നത്തേറ്റ് ഹാർഡ്വെയർ & ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് സാധനങ്ങൾ നേരിട്ട് വാങ്ങിയിട്ടുള്ളത്. ആവശ്യമായതിനേക്കാൾ 28 മീറ്റർ അധിക അളവിൽ പൈപ്പ് വാങ്ങിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

**ബി)** രണ്ട് പദ്ധതികളുടെയും ബിൽ തുക അനുവദിച്ചത് മൂല്യനിർണ്ണയം നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കാതെയുമാണ്.

**സി)** സാങ്കേതിക വൈദഗ്ധ്യം ആവശ്യമായ പ്രവൃത്തികൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി ആസൂത്രണം ചെയ്ത് നിർവഹിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം-34/29.07.2025). ചെമ്പൂക്കടവ് വാർഡ് കുടിവെള്ള പൈപ്പ്ലൈൻ റിപ്പേർ പ്രവൃത്തിയിൽ ഗുണഭോക്തൃ സമിതി ഏർപ്പെടുത്തിയ വ്യക്തിയാണ് മെറ്റീരിയലിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആവശ്യമായ മെറ്റീരിയലുകളുടെ കൃത്യത അസിസ്റ്റന്റ് എഞ്ചിനീയറെകൊണ്ട് പരിശോധിച്ച് ഉറപ്പാക്കാതെയാണ് സാധനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളതും തുക അനുവദിച്ചിട്ടുമുള്ളത്. 175 മീറ്റർ നീളത്തിലാണ് പൈപ്പുകൾ പുന:സ്ഥാപിച്ചതെന്ന് ഗുണഭോക്തൃ സമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ 28 മീറ്റർ പൈപ്പിന് വേണ്ടി ചെലവഴിച്ച 6,020/-രൂപ (28x 15 =6020) ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-56 തനത് ഫണ്ട് ചെലവുകളിലെ അപാകങ്ങൾ

തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട ചില അപാകങ്ങൽ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം, തീയതി | ചെലവിന്റെ വിശദാംശം | അപാകം |
|---|---|---|
| 22400550/ 10.09.2024 | ഫ്രഷ് കട്ട് മാലിന്യ പ്രശ്നവുമായി ബന്ധപ്പെട്ട് പ്രസിഡണ്ടും മെമ്പർമാരും 14-ാം വാർഡിൽ സന്ദർശനം നടത്തിയതിനുള്ള വാടക 2,950/-രൂപ അനുവദിച്ചത് | ഫയലിലെ കുറിപ്പ് പ്രകാരം പ്രസിഡണ്ടും മെമ്പർമാരും 14-ാം വാർഡിൽ സന്ദർശനം നടത്തിയതിനുള്ള വാടകയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാഹനം കൽപ്പറ്റയിൽ നിന്ന് പുറപ്പെട്ടതായും 118 കിലോമീറ്റർ ഓടിയതായുമാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| 22400249/- 15-06-2024 | കോൺട്രാക്ട് സ്റ്റാഫിനെ ചുമതലയിൽ | ഗ്രാമപഞ്ചായത്തിലെ പ്രൊജക്ട് അസിസ്റ്റന്റ്, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് |

| | | | |
|---|---|---|---|
| | | ഉൾപ്പെടാത്ത യാത്രകൾക്കായി ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്. | അവരുടെ ചുമതലയിൽ ഉൾപ്പെടാത്ത ആവശ്യങ്ങൾക്കായുള്ള യാത്രകൾക്ക് 350/-രൂപ നിരക്കിൽ യാത്രാബത്ത അനുവദിച്ചു. ജീവനക്കാർ യാത്രാബത്ത ക്ലെയിം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഹെൽത്ത് ഇൻസ്പെക്ടർക്ക് 3,830/- രൂപയും പ്രൊജക്ട് അസിസ്റ്റന്റിന് 3,150/- രൂപയുമാണ് വൗച്ചർ മുഖേന അനുവദിച്ചിട്ടുള്ളത്. ചുമതലയിൽ ഉൾപ്പെടാത്ത ആവശ്യങ്ങൾക്കായി കരാർ ജീവനക്കാരുടെ സേവനവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉദാ-ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം പ്രിന്റിങ് സേവനങ്ങളുമായി ബന്ധപ്പെട്ട് പ്രസ്സിൽ പോകുന്നതിനും പ്രൊജക്ട് അസിസ്റ്റന്റിന്റെ സേവനം കോടതിയിൽ പോകുന്നതിനുമായി പ്രയോജനപ്പെടുത്തിയിരിക്കുന്നു. നിർവചിക്കപ്പെട്ട ചുമതലകൾക്കായി നിയോഗിക്കപ്പെട്ട മേൽ ജീവനക്കാരെ ഇതര ആവശ്യങ്ങൾക്കായി ചുമതലപ്പെടുത്തുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| 220210101 ശീർഷകത്തിലുള്ള വിവിധ വൗച്ചറുകൾ മുഖേനയുള്ള ചെലവുകൾ | പ്രിന്ററിങ് ചാർജ്ജ് | ഓഡിറ്റ് വർഷത്തിൽ പദ്ധതിമുഖേനയല്ലാത്ത പ്രിന്ററിങ് റവന്യു ചെലവുകൾക്കായി 123891/-രൂപ സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. ഒരു ലക്ഷത്തിലധികം രൂപയിൽ അധികരിച്ച ചെലവ് നിർവഹിച്ച സാഹചര്യത്തിലും സേവനം ടെണ്ടർ മുഖേന സമാഹരിച്ചില്ല. സേവനം ടെണ്ടർ നടപടിയിലൂടെയല്ലാതെ സമാഹരിച്ചതിനാൽ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കുകളിൽ ചെലവഴിക്കേണ്ടി വന്നു. ഇക്കാരണത്താൽ തന്നെ പ്രിന്ററിങ് പ്രവൃത്തികൾ ലാഭകരമായില്ല |
| 22400551 | താൽക്കാലിക ജീവനക്കാരെ നിയമിച്ച് വേതനം നൽകൽ | ജി.ഒ(പി)189/2000/ത.സ്വ.ഭ.വ തീയതി 04.07.2000, സർക്കുലർ 79865/E.P.A/08/LSGD തീയതി. 02.03.2009 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താത്കാലികമായി നിയമിക്കപ്പെടുന്ന ജീവനക്കാരെ പരമാവധി 100 ദിവസത്തേക്ക് മാത്രമെ നിയമിക്കാൻ പാടുള്ളൂ. ഓരോ വർഷവും പുതിയ സംഘം ആളുകളുടെ സേവനമാണ് പ്രയോജനപ്പെടുത്തേണ്ടത്. എന്നാൽ പരാമർശിത ഉത്തരവുകളിലെയും |

| | | |
|---|---|---|
| | | സർക്കുലറുകളിലെയും വ്യവസ്ഥകൾ പാലിക്കാതെയാണ് താൽക്കാലിക നിയമനങ്ങൾ നടത്തി വേതനം നൽകുന്നത്. ഉദാ-സെറിൻ സൈമൺ എന്ന വ്യക്തിയെ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിയമിച്ച് വേതനം നൽകിയ നടപടി |
| 22400567/ 12-09-2024 | 2,91,030/-രൂപ ഗ്രാമസഭാ നടത്തിപ്പ് ചെലവിനത്തിൽ മെമ്പർമാർക്ക് നൽകി | ചെലവ് രേഖകളിൽ വ്യക്തതയും കൃത്യതയുമില്ല. കുടിശ്ശിക നൽകാനുള്ള വിവരം വാർഷിക കണക്കിൽ ബുക്ക് ചെയ്തിട്ടില്ല. |
| 22400148<br>Date : 18-05-2024 | മഴക്കാല പൂർവ്വ ശുചീകരണം- സൺക്രീം വാങ്ങിയത് | മഴക്കാലപൂർവ ശുചീകരണം - ഉയർന്ന അളവിൽ ആവശ്യകത നിർണയിക്കാതെ 9,900/-രൂപ ചെലവഴിച്ച് സൺക്രീം വാങ്ങിയത് ആവശ്യകതയുടെ അളവ് നിർണ്ണയിക്കാതെയാണ്. 35 ഹരിതകർമ്മ സേനാംഗങ്ങൾക്ക് 55 പാക്കറ്റ് സൺക്രീം വാങ്ങിയത്. വാങ്ങലിൽ ക്വട്ടേഷൻ നടപടികളും പാലിച്ചില്ല. |
| 22400398/02.08.2024 & റുക്സാന എന്നവർക്ക് നൽകിയ 725 ഡിമാന്റ് നോട്ടീസിന്റെ തുകയും | വസ്തുനികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത ഇനത്തിലുള്ള ചെലവ് | ആകെ 12025 ഡിമാന്റ് നോട്ടീസുകൾ വിതരണം ചെയ്തതിന് 1,20,250/-രൂപ നൽകിയിട്ടുണ്ട്. നോട്ടീസ് ഫീ ഇനത്തിൽ തുക നികുതിദായകരിൽ നിന്നും തിരികെ ഈടാക്കിയില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം |

| | | | |
|---|---|---|---|
| | | | 01.04.2024 തീയതി പ്രാബല്യത്തിലുള്ള ഡിമാന്റിന്റെ ആകെ എണ്ണം 11,311/- മാത്രമാണ്. ആയതിൽ ഒരാളുടെ പേരിൽ തന്നെ നിരവധി കെട്ടിടങ്ങളുണ്ട്. ഉദാ- കാന്തപുരം എ.പി അബൂബക്കർ മുസല്യാർ, നോളജ് സിറ്റിയിലെ എകോ മൗണ്ട്/ ലാന്റ് മാർക് പോലുള്ള ഡിമാന്റുകൾ ഓരോ മുറിക്കും ഓരോ നമ്പർ നൽകിയതിനാൽ ഒരു കെട്ടിടത്തിന്റെ ഉടമയുടെ പേരിൽ തന്നെ നിരവധി ഡിമാന്റുകൾ ജനറേറ്റ് ചെയ്യപ്പെടും. ഇത് മൂലം ഒരു ഉടമക്ക് തന്നെ നേരിട്ട് നൽകുന്ന ഓരോ ഡിമാന്റ് നോട്ടീസിനും 10/-രൂപ വീതം നൽകേണ്ടി വരുന്നു. |

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നം. (50/31.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. തനത് ഫണ്ട് വൗച്ചറുകൾക്ക് അംഗീകാരം നൽകും മുൻപ് ചെലവിന്റെ കൃത്യതയും രേഖകളുടെ ഉള്ളടക്കവും ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-57 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നുള്ള മുഴുവൻ ഉപകരണങ്ങളും ലഭ്യമായിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം വഹിക്കുന്ന ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ ലക്ഷ്യം കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് രജിസ്റ്റർ ചെയ്ത ഡയാലിസിസ് നടത്തുന്ന രോഗികൾക്കുള്ള മരുന്നുകളും ഡയാലിസിസിന് ആവശ്യമായ ഉപകരണങ്ങളും വാങ്ങിക്കുക എന്നതാണ്. പദ്ധതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 110/2025 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ |
| പദ്ധതിയുടെ അടങ്കൽ | 30,00,000/-രൂപ (വികസനഫണ്ട് ജനറൽ) |
| പദ്ധതിയുടെ ആകെ ചെലവ് | 2,99,993/- രൂപ |
| കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് ഇൻവോയ്സ് പ്രകാരം നൽകിയ തുകയുടെ ബിൽ നമ്പർ/ തീയതി | 258/24.07.2024 |
| ബിൽ തുക | 2,99,993/-രൂപ |

മേൽ പദ്ധതിയുടെ ഭാഗമായി വിവിധ മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി തിരുവനന്തപുരത്തുള്ള കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 2,99,993/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 1,18,660/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് 1,81,333/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **പ്രൊഫോമ ഇൻവോയ്സ് നമ്പർ/ തീയതി** | **കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് ഇൻവോയ്സ് പ്രകാരം നൽകിയ തുക (രൂപ)** | **ലഭ്യമാക്കിയ മരുന്നുകളുടെ തുക (രൂപ)** | **ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക (രൂപ)** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | PRF2617/ 23.12.2024 | 2,99,993/- | 1,18,660/- | 1,81,333/- |

09.07.2025 നം.268/2025 പ്രകാരം ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് മെഡിക്കൽ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾക്കായി ചെലവാക്കിയ തുക 1,81,333/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-58 ജൽജീവൻ മിഷൻ -പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വ്യക്തതയില്ല

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും 2024 വർഷത്തോടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് 2020 ൽ ആരംഭിച്ച പദ്ധതിയാണ് ജൽജീവൻ മിഷൻ. കേന്ദ്ര സർക്കാരിന്റെ മാർഗനിർദ്ദേശമനുസരിച്ച് കേന്ദ്ര സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ് വഹിക്കേണ്ടത്. സ.ഉ.(കൈ) നം.37/2020/ജ.വി.വ തീയതി 8.6.2020 പ്രകാരം 2020-21 വർഷത്തേക്ക് 880 കോടി രൂപ അടങ്കലിൽ ജൽജീവൻ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10% ഗുണഭോക്തൃവിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 2020-21 വർഷം പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രൊജക്ട് എസ്റ്റിമേറ്റ് പ്രകാരം ജൽജീവൻ പദ്ധതിക്കായി കോടഞ്ചേരി ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ട തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | പദ്ധതിക്ക് ആകെ ആവശ്യമായ തുക | ത. സ്വ. ഭ. വ വിഹിതം | ഗുണഭോക്തൃ വിഹിതം |
|---|---|---|---|
| 2020-21 | 88,00,00,000 | 13,20,00,000 | 88,00,00,00 |

പ്രവർത്തന റിപ്പോർട്ട് പ്രകാരം പദ്ധതി നിർവഹണത്തിനായി ഗ്രാമപഞ്ചായത്തും (സെക്രട്ടറി) വാട്ടർ അതോറിറ്റിയും (എക്സിക്യൂട്ടീവ് എഞ്ചിനീയർ) ഇംപ്ലിമെന്റിംഗ് സപ്പോർട്ട് ഏജൻസിയും (കോട്ടൂർ സോഷ്യൽ വെൽഫെയർ സൊസൈറ്റി-കോഴിക്കോട്) ചേർന്ന് 02-02-2021 ന് തൃകക്ഷി കരാർ ഉണ്ടാക്കിയിട്ടുണ്ട്.

88 കോടി രൂപയുടെ പദ്ധതിക്കാണ് വാട്ടർ അതോറിറ്റി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രൊജക്ട് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധിക്കാൻ പദ്ധതിക്കായി തയ്യാറാക്കിയ ആക്ഷൻ പ്ലാൻ സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം 8112 പൈപ്പ് കണക്ഷൻ നൽകുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ നാളിതുവരെയായി ആകെ എത്ര കണക്ഷനുകൾ ലഭ്യമാക്കി എന്നും ഇവയിൽ എത്ര കണക്ഷനുകളിൽ ജലവിതരണം ആരംഭിച്ചു എന്നത് സംബന്ധിച്ചും ഉള്ള രേഖാമൂലമുള്ള വിവരങ്ങൾ ഒന്നും ജല അതോറിറ്റി ലഭ്യമാക്കിയിട്ടില്ല.

**സാമ്പത്തിക ബാധ്യത**

2020 ജൂൺ മാസത്തിൽ പുറപ്പെടുവിച്ച സംസ്ഥാന പദ്ധതി നിർവ്വഹണമാർഗ്ഗരേഖ ഉൾപ്പടെയുള്ള വിവിധ ഉത്തരവുകൾ/ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവിന്റെ 15%വും ഗുണഭോക്താവ് 10% വും വഹിക്കേണ്ടതുണ്ട്. ഇത് പരിഗണിക്കുമ്പോൾ ആകെ എസ്റ്റിമേറ്റ് കോസ്റ്റായ 88 കോടി രൂപയുടെ 25% തുക (22 കോടി) ഗുണഭോക്താവിൽ നിന്നു കൂടി പിരിച്ചെടുത്ത് സംസ്ഥാന നോഡൽ അക്കൗണ്ടിലേക്ക് (സംസ്ഥാനത്തെ പദ്ധതിക്കായി എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുക നിക്ഷേപിക്കുന്ന അക്കൗണ്ട്) ഗ്രാമപഞ്ചായത്ത് നല്കേണ്ടതായി കാണാം. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം 13.2 കോടി രൂപയും ഗുണഭോക്തൃ വിഹിതം 8.8 കോടി രൂപയുടെയും ബാധ്യത സ്ഥാപനത്തിനുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. നാളിതുവരെ സ്ഥാപനം ഈ പദ്ധതിക്കായി വിഹിതം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ആകെ പദ്ധതി തുക | ത.സ്വ.ഭ വിഹിതം(15%) | ഗുണഭോക്തൃ വിഹിതം(10%) |
|---|---|---|---|
| 2024-25 | 10,01,025 | 10,01,025 | -- |

തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗമനവും, ഫലപ്രാപ്തിയും (പദ്ധതികളുടെ എണ്ണം,പൂർത്തിയായവ,പൂർത്തിയാവാത്തത്/ഭാഗികം എന്നീ വിവരങ്ങൾ)

| വർഷം | പദ്ധതി | വകയിരുത്തിയ തുക | ചെലവവിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2024-25 | Proj.No-448/24 ജൽജീവൻ മിഷൻ പഞ്ചായത്ത് വിഹിതം അടവാക്കൽ | 10,01,025 | 10,01,025 | ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ജൽജീവ്യൻ മിഷൻ പദ്ധതിയ്ക്ക് വേണ്ടിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് പഞ്ചായത്ത് വിഹിതം നൽകി. |
| | **ആകെ** | **10,01,025** | **10,01,025** | |

പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാതെ വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ് 10/08/2020 തീയതിയിൽപുറപ്പെടുവിച്ച സാ.ധാ.4584/2020/ധന

നമ്പർ ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ജൽജീവൻ പദ്ധതി വ്യാപിപ്പിക്കുന്നതിനും വിഹിതം നല്കുന്നതിനുമുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും 15% വിഹിതം നല്കുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതവും തനത് ഫണ്ടും ഉപയോഗിക്കാമെന്നും 19.04.2022 തീയതിയിലെ 84/2022/Lsgd നമ്പർ ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 ബി (23) പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നല്കാമെന്നും TSP, SCP ഫണ്ടുകൾ അവയുടെ വിനിയോഗ മാർഗ്ഗരേഖ പാലിച്ചുകൊണ്ട് ഉപയോഗപ്പെടുത്താമെന്നും ഈ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് നാളിതുവരെ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. ജൽജീവൻ പദ്ധതിയ്ക്കായി പഞ്ചായത്തിലെ 6 സ്ഥലങ്ങൾ സൗജന്യമായി പഞ്ചായത്തിന് കൈമാറുകയും രജിസ്ട്രേഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റി നിർമ്മിക്കുന്ന ഇവിടങ്ങളിലെ വാട്ടർ ടാങ്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

നിലവിൽ വാട്ടർ അതോറിറ്റിയും ഇംപ്ലിമെന്ററിംഗ് സപ്പോർട്ട് ഏജൻസിയും തമ്മിൽ പഞ്ചായത്ത് ഉണ്ടാക്കിയ ത്രികക്ഷി എഗ്രിമെന്റ് പുതുക്കിയിട്ടില്ല. ഇതിനാൽ തന്നെ നിലവിലെ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങളിൽ പഞ്ചായത്തിന് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തിനെ ഉൾപ്പെടുത്തിയുള്ള പദ്ധതി മോണിറ്ററി മീറ്റിംഗുകൾ നടക്കുന്നില്ല. ജൽജീവൻ മിഷനുവേണ്ടി പൊളിച്ച റോഡുകൾ സമയബന്ധിതമായി റീസ്റ്റോറേഷൻ നടത്തുന്നില്ല. ഇത് പഞ്ചായത്തിലെ റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നിർവഹിക്കുന്നതിന് പ്രയാസം സൃഷ്ടിക്കുന്നു. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (42/25 തീയതി 30-07-2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും തുക പിരിക്കാത്തതിനും സ്ഥാപനം പ്രൊജക്ട് പ്രകാരം തുക വകയിരുത്താത്തതിനും കാരണം വ്യക്തമാക്കേണ്ടതും പദ്ധതി പൂർത്തീകരണം സംബന്ധിച്ച് സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതുമാണ്.

## 1-59 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 – കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

<u>സ്കീം-2 – ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം</u>

ബ്ലോക്ക് കുടുംബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൽക്ക് സഹായം നൽകൽ

<u>സ്കീം-3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

<u>സ്കീം-4 - ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.</u>

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

<u>സ്കീം-5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.</u>

മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

<u>സ്കീം- 6 – അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.</u>

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

## <u>ഫണ്ട് വിശകലനം</u>

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് (പലിശയുൾപ്പെടെ) വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കീം & പ്രോജക്ട് | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ | ആകെ ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| 1 | (Scheme-1) – നിർമ്മാണ പ്രവൃത്തികൾ | 0 | 0 | 28,05,500 | 63,878 | 28,69,378 | 26,91,652 | 1,77,726 |
| 2 | (Scheme-3) -ഡയഗ്നോസ്റ്റിക് | 0 | 6,49,114 | 11,25,903 | 4,89,736 | 22,64,753 | 18,07,666 | 4,57,087.72 |
| 3 | (Scheme-4) -ഹെൽത്ത് & വെൽനെസ് | 0 | 4,09,625 | 4,63,270 | 7,25,744 | 15,98,639 | 8,47,382 | 4,57,087 |
| | ആകെ | 0 | 10,58,739 | 18,69,673 | 12,79,358 | 67,32,770 | 53,46,700 | **10,91,900.72** |

**സ്കീം 1,3,4 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയത പദ്ധതികളുടെ നിലവിലെ വിവരം ചുവടെ കൊടുക്കുന്നു.**

<u>സ്കീം-1 – (കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം-നടപ്പായ പദ്ധതികൾ)</u>

| ക്രമ നം. | വർഷം | നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് നം., പേര് | വകയിരുത്തിയ തുക ₹ | ചെലവ് തുക ₹ | പദ്ധതിയുടെ നിലവിലെ വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2024-25 | മൈക്രോവ് സബ് സെന്റർ നിർമ്മാണം ആദ്യ ഘട്ടം (പ്രോജക്ട് നം. AE) | 27,75,000/- | 26,91,652/- | അവസാന ഘട്ടം |

<u>സ്കീം-3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നടപ്പായ പദ്ധതികൾ</u>

| ക്രമ നം. | വർഷം | പ്രോജക്ട് നം. | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ | പദ്ധതിയുടെ നിലവിലെ വിവരം |
|---|---|---|---|---|---|---|
| 1 | 2024-25 | 498 | Facility Diagnostic Of Diseases | 10,96,000 | 10,96,000 | പൂർത്തിയായി |
| 2 | 2024-25 | 618 | Diagnostic Infrastructure Of Health Facility | 4,58,000 | 81,490 | സ്പിൽ ഓവറായി നടപ്പ വർഷം പദ്ധതി രൂപീകരിച്ചിട്ടുണ്ട് |

<u>സ്കീം-4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - നടപ്പായ പദ്ധതികൾ</u>

| ക്രമ നം | വർഷം | പ്രോജക്ട് നം. | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ | പദ്ധതിയുടെ നിലവിലെ വിവരം |
|---|---|---|---|---|---|---|
| 1 | 2023-24 | 347 | ഹെൽത്ത് & വെൽനസ് പ്രൊജക്ട്സ് | 4,48,000 | 50,000 | പൂർത്തിയായി |
| 2 | 2024-2 | 499 | ഹെൽത്ത് & വെൽനസ് പ്രൊജക്ട്സ് (SO) | 3,98,000 | 3,98,000 | പൂർത്തിയായി |

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറ ബാങ്കിന്റെ കോടഞ്ചേരി ബ്രാഞ്ച് ശാഖയിൽ താഴെപ്പറയും പ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം. |
|---|---|

| | |
|---|---|
| സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 110042386742 |
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042387129 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110042387500 |

അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാണ് നിർവഹിക്കുന്നത്. 2021-22, 2022-23, 2023-24 വർഷങ്ങളിലായി ആകെ 9 പ്രൊജക്റ്റുകൾ വിഭാവനം ചെതിട്ടുണ്ടെങ്കിലും 3 പദ്ധതികളിൽ മാത്രമാണ് മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്. സ്കീം 1 പ്രകാരമുള്ള ഒരു പ്രൊജക്റ്റും പൂർത്തിയാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. സ്കീം 3, 4 പ്രകാരമുള്ള പദ്ധതികളിൽ ഓരോന്ന് വീതം നടപ്പാക്കാൻ അവശേഷിക്കുന്നു. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്.

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തുന്നത് ഉപകാരപ്രദമാവുന്നതാണ്. SCHEME-3, 4 ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ്ലൈൻ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ഉപയോഗിക്കാത്തപക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി

നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് പ്രൊജക്ടുകൾക്ക് രൂപം നൽകുന്നതിന് ടി നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രൊജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിങ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെറ്റായ ഡാറ്റ നൽകി - ചെയ്യാത്ത പ്രവൃത്തിയ്ക്ക് അധിക തുക നൽകി

നിർവഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

പ്രൊജക്ട് നം – 249/25

പ്രൊജക്ടിന്റെ പേര്- കോലിക്കുന്ന് കുനിയൻകുന്ന് റോഡ് കോൺക്രീറ്റ്-സൈഡ് കെട്ട്(SO)

(Estimate ID- 102524/2023)

വകയിരുത്തിയ തുക – 800,000/-(MG-Road)

ചെലവഴിച്ച തുക - 798,828/-

ബിൽ സാങ്ഷൻ ഓർഡർ നം.- 1) 232 Dated 13-05-2024, Bill Amount Rs. 3,28,212/-

2) 295 Dated 24-08-2024, Bill Amount Rs. 4,70,616/-

2023-24 ൽ ആസൂത്രണം ചെയ്ത ഈ പദ്ധതി (Proj.No-50/24) പ്രകാരം 'കോലൻ കുന്ന് റോഡ്' സൈഡ് കെട്ടുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി എം.ബുക്ക് പരിശോധിച്ചതിൽ റോഡ് സൈഡ് പ്രൊട്ടക്ഷന് വേണ്ടി Earth Work Excavation നടത്തുകയും ഇവിടെ DryRubble Masonry ചെയ്യുകയും റോഡ് കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തത്. എം.ബുക്ക് പ്രകാരം 83.83cum ൽ Earth Work Excavation ചെയ്യുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Earth Work Excavation ആയി നൽകിയത് MORD ലെ ഡാറ്റ 11.1.1.1 ആണ്. ഈ ഡാറ്റയ്ക്ക് 1 ഘനമീറ്റർ പ്രവൃത്തി ചെയ്യുന്നതിന് 769.56/-രൂപയാണ് നിരക്ക്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയ്ക്ക് കരാറുകാരൻ കാട്ട് ചെയ്തിരിക്കുന്നത് (1 $M^3$ ന്) 767/- രൂപയാണ്. ഈ ഡാറ്റ പരിശോധിച്ചതിൽ 3 മീറ്റർ വരെയുള്ള ആഴത്തിലുള്ള എക്സ്കവേഷന് വേണ്ടിയുള്ള (By Mannual Means) ഡാറ്റയാണ്. എം.ബുക്ക് പരിശോധിച്ചതിൽ ആകെ സൈഡ് കെട്ടൽ പ്രവൃത്തിയിൽ 14 Meter നീളത്തിൽ

മാത്രമാണ് 3 മീറ്ററിൽ അധികം ആഴത്തിൽ Excavate ചെയ്യതായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 24.8 മീറ്റർ നീളത്തിൽ സൈഡ് കെട്ടുന്നതിനായി Excavate ചെയ്യത് 0.30 മീറ്റർ Depth ൽ മാത്രമാണ്. ഈ 24.8 മീറ്ററിൽ ആകെ 6.353cum മണ്ണ് എടുത്തിട്ടുണ്ട്. കൂടാതെ റാംപ് നിർമ്മിക്കാനായി ആകെ 10.2 Mtr നീളത്തിൽ 0.30 മീറ്റർ Depth ൽ 11.1.1.1 ഡാറ്റ പ്രകാരം Excavation ചെയ്യിട്ടുണ്ട്. ഇവിടെ ആകെ 2.437cum മണ്ണ് എടുത്തിട്ടുണ്ട്. അതായത് സൈഡ് പ്രൊട്ടക്ഷനും റാംപ് നിർമ്മിക്കുന്നതിനുമായി 11.1.1.1 ഡാറ്റ പ്രകാരം ആകെ 8.79cum മണ്ണ് എടുക്കൽ പ്രവൃത്തി ചെയ്യിട്ടുണ്ട്. എന്നാൽ 0.30 Mtr ലുള്ള Earth Work Excavation പ്രവൃത്തിയ്ക്ക് യഥാർത്ഥത്തിൽ എടുക്കേണ്ടത് MORD Data 3.5.1 ആണ്. ഈ ഡാറ്റ പ്രകാരം 1 Cum മണ്ണ് എടുക്കുന്നതിന് 415.674/-രൂപയാണ് നിരക്ക്. തെറ്റായ ഡാറ്റ എടുത്തത് മൂലം ചുവടെ കൊടുത്ത നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ചെയ്ത പ്രവൃത്തി | 11.1.1.1 ഡാറ്റ പ്രകാരം നൽകിയ തുക | 3.5.1 ഡാറ്റ പ്രകാരം നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|
| 12.637cum | 8.79X767 = 6741.93<br>18% GST = 1213.55/-<br>Total = 7955.48/- | 8.79X415.674 = 3653.77/-<br>18% GST = 657.68/-<br>Total = 4311.45/- | **3644/-** |

Earth Excavation പ്രവൃത്തിയ്ക്ക് തെറ്റായ ഡാറ്റ നൽകിയത് മൂലം പഞ്ചായത്തിന് **3,644/-** രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (46/25 Dated 04-08-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് മറുപടി ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-2 ടേക്ക് എ ബ്രേക്ക് - അധിക തുക നൽകി

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പരും പേരും | ടേക്ക് എ ബ്രേക്ക് കോടഞ്ചേരി തുക നൽകൽ (പ്രൊ.നം 360/2025 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് (SBM), സി.എഫ്.സി ടൈഡ്. |
| ചെലവ് | സി.എഫ്.സി ടൈഡ്.- 6,16,560/- |
| ചെലവ് ബിൽ വിശദാംശം | 155/ 10-09-2024 |

| | |
|---|---|
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം., തീയതി | 18/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടേക്ക് എ ബ്രേക്ക് കോടഞ്ചേരി തുക നൽകൽ എന്ന പദ്ധതി മുഖേന കരാറുകാരനായ കെ.എം. ഗോപാലകൃഷ്ണൻ എന്നവർക്ക് 6,16,560/-രൂപ കൈമാറിയിട്ടുണ്ട്. ടേക് എ ബ്രേക്ക് എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ നിർവഹിച്ചതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 തീയതിയിലെ യോഗത്തിൽ അംഗീകാരം വാങ്ങി (ഖ. 2.8) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മൂല്യനിർണയ തുകയായ 6,16,560/-രൂപ കരാറുകാരന് കൈമാറിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിക്കൊപ്പം വാലേഷൻ സർട്ടിഫിക്കറ്റ്, എം ബുക്ക് , വർക് ബിൽ എന്നിവയുടെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധിച്ചതിൽ നിന്നും തുക നൽകിയതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായതായി ബോധ്യപ്പെട്ടിട്ടുണ്ട്.

1. 2020-21, 2021-22 വർഷങ്ങളിലാണ് പ്രവൃത്തി നിർവഹിച്ചതെന്ന് കോ- ഓർഡിനേഷൻ കമ്മിറ്റി മിനുട്സിൽ നിന്നും വ്യക്തമാണ്. മേൽ സാഹചര്യത്തിലും പ്രവൃത്തി മൂല്യമായ 5,22,508/-രൂപയിന്മേൽ 18% ജി.എസ്.ടി ഉൾപ്പെടുത്തി (94051) രൂപ കരാറുകാരന് അനുവദിച്ചു. 18.07.2022 തീയതി പ്രാബല്യത്തിലാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടി നിരക്ക് 12 ശതമാനത്തിൽ നിന്നും 18 ശതമാനമായി ഉയർത്തിയിട്ടുള്ളത്. 2020-21, 2021-22 വർഷത്തിൽ നിർവഹിച്ച പ്രവൃത്തികൾക്കും 18% ജി.എസ്.ടി അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിന് 31,350/-രൂപ അധികമായി അനുവദിക്കപ്പെട്ടു. പ്രവൃത്തിയുടെ നിർവഹണ ചുമതലയുള്ള നിർവഹണ ഉദ്യോഗസ്ഥൻ പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുന്നിലായി ഏകദേശം 10 മീറ്റർ മാത്രം അകലത്തിൽ എസ്റ്റിമേറ്റിലില്ലാത്തതും അനിവാര്യമല്ലാത്തതുമായ പ്രവൃത്തികൾ നിർവഹിക്കപ്പെടുന്ന സാഹചര്യത്തിലും ഇടപെടലുകൾ നടത്തുന്നതിലുണ്ടായ വീഴ്ച പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധിക നിരക്കിൽ ജി.എസ്.ടി അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിനുണ്ടായ 31,350/-രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 വാറണ്ടിയുള്ള ഐ.ടി ഉപകരണങ്ങൾക്കും എ.എം.സി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 120/25 എ.എം.സി പുതുക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | തനത് ഫണ്ട്- 48,200/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം, തീയതി | 25/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 120/25 എ.എം.സി പുതുക്കൽ എന്ന പദ്ധതി മുഖേന 27 ഡെസ്ക്ടോപുകൾക്കും 2 ഡെസ്ക്ടോപുകൾക്കും 8 പ്രിന്ററുകൾക്കും 24.12.2024 മുതൽ 23.12.2025 വരെയുള്ള

കാലയളവിലേക്ക് എ.എം.സി ചമച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ പട്ടിക പരിശോധിച്ചതിൽ നിന്നും ആയതിൽ ഇനീഷ്യൽ വാറന്റിയിലുള്ള കമ്പ്യൂട്ടറുകളും പ്രിന്ററുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉപകരണം | സീരിയൽ നം | ഇനീഷ്യൽ വാറന്റി അവസാനിക്കുന്ന തീയതി | വാറന്റിക്കായി ചെലവഴിച്ച തുക |
|---|---|---|---|
| CANON പ്രിന്റർ | NTSA230258 | 2026 | 1,000 |
| ഡെസ്ക്ടോപ് കമ്പ്യൂട്ടർ | SA0112503062 | 6/2025 | 1,400 |
| ഡെസ്ക്ടോപ് കമ്പ്യൂട്ടർ | 8225X73 | 6/2025 | 1,400 |

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഇനീഷ്യൽ വാറന്റിയിലുള്ള ഉപകരണങ്ങൾക്ക് എ.എം.സി യിൽ ഏർപ്പെട്ടത് ബോധപൂർവ്വമല്ലാതെ സംഭവിച്ച പിശകാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ എ.എം.സി രജിസ്റ്റർ, ഹാർഡ്‌വെയർ രജിസ്റ്റർ, വാറന്റി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിനുണ്ടായ 3,800/-രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് - അപാകങ്ങൾ

| പ്രൊജക്ടിന്റെ നമ്പരും പേരും | ചെമ്പൂക്കടവ് വാർഡ് കുടിവെള്ള പൈപ്പ്ലൈൻ റിപ്പേർ 635/2025 | നൂറാം തോട് കുടിവെള്ള വിതരണ പൈപ്പ്ലൈൻ റിപ്പേർ 636/2025 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | തനത് ഫണ്ട്- 50,000/- | തനത് ഫണ്ട് 24,978/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം, തീയതി | 34/29.07.2025 | 34/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചെമ്പൂക്കടവ് വാർഡ് കുടിവെള്ള പൈപ്പ്ലൈൻ റിപ്പേറിനായി പ്രൊജക്ട് നമ്പർ 635/2025 പ്രകാരം 50,000/-രൂപയും , നൂറാം തോട് കുടിവെള്ള വിതരണ പൈപ്പ്ലൈൻ റിപ്പേറിനായി

പ്രൊജക്ട് നമ്പർ 635/2025 പ്രകാരം 24,978/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് ഗുണഭോക്തൃ സമിതികൾ മുഖേന റിപ്പേർ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) ചെമ്പൂക്കടവ് വാർഡ് കുടിവെള്ള പൈപ്പ്ലൈൻ റിപ്പേർ പ്രവൃത്തിയുടെ ഫയലിൽ പൊട്ടിയ പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനായി 175 മീറ്റർ നീളത്തിൽ ഖനന പ്രവൃത്തി നിർവഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാങ്ങിയിരിക്കുന്ന പി.വി.സി പൈപ്പിന്റെ അളവ് 203 മീറ്റർ ആണ്.(75 Mm 10kgf) കുന്നത്തേറ്റ് ഹാർഡ്‌വെയർ & ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് സാധനങ്ങൾ നേരിട്ട് വാങ്ങിയിട്ടുള്ളത്. ആവശ്യമായതിനേക്കാൾ 28 മീറ്റർ അധിക അളവിൽ പൈപ്പ് വാങ്ങിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

എ) രണ്ട് പദ്ധതികളുടെയും ബിൽ തുക അനുവദിച്ചത് മൂല്യനിർണ്ണയം നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കാതെയുമാണ്.

ബി) സാങ്കേതിക വൈദഗ്ധ്യം ആവശ്യമായ പ്രവൃത്തികൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം- 34/29.07.2025) ചെമ്പൂക്കടവ് വാർഡ് കുടിവെള്ള പൈപ്പ്ലൈൻ റിപ്പേർ പ്രവൃത്തിയിൽ ഗുണഭോക്തൃ സമിതി ഏർപ്പെടുത്തിയ വ്യക്തിയാണ് മെറ്റീരിയലിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആവശ്യമായ മെറ്റീരിയലുകളുടെ കൃത്യത അസിസ്റ്റന്റ് എഞ്ചിനീയറെകൊണ്ട് പരിശോധിച്ച് ഉറപ്പാക്കാതെയാണ് സാധനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളതും തുക അനുവദിച്ചിട്ടുമുള്ളത്. 175 മീറ്റർ നീളത്തിലാണ് പൈപ്പുകൾ പുന:സ്ഥാപിച്ചതെന്ന് ഗുണഭോക്തൃ സമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ 28 മീറ്റർ പൈപ്പിന് വേണ്ടി ചെലവഴിച്ച 6,020/രൂപ (28x215 =6020) ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-5 വാട്ടർ ചാർജ്ജ് കുടിശ്ശികയാക്കി

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പരും പേരും | കെ.ഡബ്ല്യു.എ വാട്ടർ ചാർജ്ജ് അടവാക്കൽ (പ്രൊ.നം. 104/2025) |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | തനത് ഫണ്ട്-5,00,000/- |
| ചെലവ് | തനത് ഫണ്ട്-299,493/- |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം, തീയതി | 30/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കെ.ഡബ്ല്യു.എ വാട്ടർ ചാർജ്ജ് അടവാക്കൽ (പ്രൊ.നം.104/2025) എന്ന പദ്ധതിയുടെ ഭാഗമായി തെരുവ് വിളക്കുകളുടെ വാട്ടർചാർജ്ജ് അടവാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരിച്ച സാഹചര്യത്തിലും 6 മാസത്തെ ബിൽ തുക മാത്രമെ പദ്ധതി മുഖേന ചെലവഴിച്ചിട്ടുള്ളൂ. 6 മാസത്തെ ബില്ലുകൾ തനത്

ഫണ്ടിൽ നിന്നും റവന്യൂചെലവായാണ് നിർവഹിച്ചിട്ടുള്ളത്. തനത് ഫണ്ട് നീക്കിയിരിപ്പുള്ള ഗ്രാമപഞ്ചായത്തായിട്ടും യഥാസമയം ബില്ലുകൾ അടവാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. കാലതാമസം മൂലം ഡിമാന്റ് ചെയ്യപ്പെട്ട 1,035/-രൂപയുടെ പിഴയും തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. ബില്ലുകൾ അടവാക്കുന്നതിലുണ്ടായ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴയായി അടച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടക്കേണ്ടതുമാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള (നം.30/29.07.2025 ) മറുപടിയിൽ അപാകം ആവർത്തിക്കില്ലെന്നും പിഴ ഇനത്തിൽ അടവാക്കിയ 1,035/-രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ നടപടി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ (പ്രൊ.നം. 379/2025) |
| നിർവഹണ ഉദ്യോഗസ്ഥ | സീനത്ത്.കെ, സെക്രട്ടറി |
| അടങ്കൽ ചെയ്ത ഫണ്ട് | കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് |
| ചെലവ് | കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്-1,70,510/- |
| ബിൽ വിവരം | 821/ 26-03-2025 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം., തീയതി | 32/29.07.2025 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ (പ്രൊ.നം. 379/2025), എന്ന പദ്ധതിയുടെ ഭാഗമായി 11 ശുചിത്വബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. സേവനം സമാഹരിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

I) 20.07.2021 തീയതിയിലെ ശുചിത്വമിഷന്റെ 1190/ഇ1/2021/എസ്.എം നമ്പർ കത്തിലൂടെ ശുചിത്വബോധവൽക്കരണ ബോർഡുകളുടെ സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന് വിരുദ്ധമായി സ്പെസിഫിക്കേഷൻ വിശദീകരിക്കാതെയാണ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളത്.

Ii) ടെണ്ടർ അനുവദിക്കപ്പെട്ട തോമസ്.എ.വി എന്ന കരാറുകാരൻ A Class Pipe 1Sqft ന് 728/-രൂപയും B Class Pipe 1Sqft ന് 830/-രൂപയും C Class Pipe 1Sqft ന് 930/-രൂപയും ആണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത നിരക്കുകൾക്ക് ആനുപാതികമായോ ചതുരശ്ര അടി അടിസ്ഥാനമാക്കിയോ അല്ല ബില്ല് സമർപ്പിച്ചിട്ടുള്ളത്. ബില്ലിൽ ജി.എസ്.ടി രേഖപ്പെടുത്തിയിട്ടുമില്ല.

Iii) അളവുകൾ വ്യക്തമാക്കാതെ സമർപ്പിച്ച ബില്ല് അംഗീകരിച്ച് കരാറുകാരന് തുക നൽകിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.32/29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. 30.07.2025 തീയതിയിൽ സ്ഥലപരിശോധന നടത്തിയതിൽ നിന്നും കണ്ണോത്ത് എന്ന സ്ഥലത്ത് 1.2 സെന്റിമീറ്റർ കനമുള്ള മൾട്ടി വുഡിലുള്ള 90 സെന്റിമീറ്റർ നീളവും 90 സെന്റിമീറ്റർ വീതിയുമുള്ള മുകളിൽ 25 സെന്റിമീറ്റർ വ്യാസമുള്ള അർദ്ധവൃത്തവും (പരമാവധി 10 ചതുരശ്ര അടി വിസ്തീർണ്ണം) ബോർഡുകളാണ് സ്ഥാപിച്ചതെന്നത് വ്യക്തമായിട്ടുണ്ട്. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകളിൽ ഏറ്റവും ഉയർന്ന നിരക്കായ 930/-രൂപ പരിഗണിച്ചാൽ പോലും കരാറുകാരന് അനുവദിക്കാവുന്ന പരമാവധി നിരക്ക് 9,300/-രൂപ മാത്രമാണ്. എന്നാൽ കരാറുകാരൻ ക്ലെയിം ചെയ്തിട്ടുള്ളത് 13,275/-രൂപ നിരക്കിൽ 1,46,025/-രൂപ യാണ്. 9,300/രൂപ നിരക്കിൽ തുക അനുവദിക്കുന്ന പക്ഷം കരാറുകാരന് അനുവദിക്കാവുന്ന പരമാവധി നിരക്ക് 1,02,300/-രൂപ മാത്രമായിരുന്നു. 463/2025 നമ്പർ പ്രൊജക്ട് പ്രകാരം ഇതേ കരാറുകാരൻ സമാന അളവിലും മെറ്റീരിയലിലും സൈൻബോർഡ് സ്ഥാപിച്ചതിന് 8,850/-രൂപയാണ് ക്ലെയിം ചെയ്തിട്ടുള്ളതെന്നതും പ്രസക്തമാണ്. ക്വാട്ട് ചെയ്ത പരമാവധി നിരക്കിനേക്കാൾ 43,725/-രൂപയാണ് കരാറുകാരന് അനർഹമായി അനുവദിച്ചിട്ടുള്ളത്. 43,725/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 തേൻ സംഭരണ വിപണന കേന്ദ്രം- തേൻ മ്യൂസിയം - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പദ്ധതിയ്ക്കാവശ്യമായ ഉപകരണങ്ങൾക്ക് അഡ്വാൻസ് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി - 224/25

ചെലവ് തുക - 90,600/- (ബ്ലോക്ക് ഫണ്ട്)

ബിൽ നമ്പർ, തീയതി - 798/25.03.2025

പഞ്ചായത്തിൽ തേനീച്ചകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി തേൻ അധിഷ്ഠിതമായ ഒരു മ്യൂസിയം ഒരുക്കുന്നതിനും തേനീച്ച കൃഷിയുമായി ബന്ധപ്പെട്ട ഒരു പാഠശാലയായി മ്യൂസിയം മാറ്റുന്നതിനും വിപണന സൗകര്യം ഒരുക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരി കേന്ദ്രീകരിച്ച് തേൻ മ്യൂസിയം ഒരുക്കുന്നതിനുള്ള സംയുക്ത പദ്ധതിയാണ് ഇത്. രണ്ട് ലക്ഷം വികസന ഫണ്ടും രണ്ട് ലക്ഷം ബ്ലോക്ക് ഫണ്ടുമാണ് പദ്ധതിയ്ക്ക് വകയിരുത്തിയത്. ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 90,600/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ തുകയിൽ 5,000/-രൂപ പരസ്യ ചെലവുകൾക്കു മുഹമ്മദ് ഫാസിൽ എന്നവരുടെ അക്കൗണ്ടിലേക്കും 85,600/-രൂപ ഫെഡറേഷൻ ഓഫ് ഇന്റിജിനിയസ് എപ്പികൾച്ചറിസ്റ്റ്. എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് തേനീച്ച കൂടുകളും ഡിസ്പ്ലെ ബോർഡുകളും വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ഉണ്ട്. സ്ഥല പരിശോധനയുടെ ഭാഗമായി വാങ്ങിയ സാധനങ്ങൾ ഭൗതിക പരിശോധന നടത്തുന്നതിനായി ആവശ്യപ്പെട്ടപ്പോൾ ഹണി ഫാമിന് സ്ഥല സൗകര്യമൊരുങ്ങിയിട്ടില്ലാത്തതിനാൽ ഇവ കൊണ്ടുവന്നിട്ടില്ല എന്നും പദ്ധതി ബഹുവർഷ പദ്ധതിയായതിനാൽ പദ്ധതി നടന്നു വരുന്നേയുള്ളു എന്നും അറിയിച്ചു. സ്ഥല സൗകര്യമൊരുക്കാതെ പദ്ധതിയ്ക്കാവശ്യമായ വസ്തുകൾക്ക്

അഡ്വാൻസ് നൽകിയത് ശരിയായ നടപടിയല്ല. 2025-26 വർഷത്തിൽ 3,00,000/-രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി തുടർച്ചയായി നടപ്പിലാക്കുന്നില്ല. കൂടാതെ ഈ പദ്ധതി നൂതന പദ്ധതിയായിട്ടാണ് നടപ്പിലാക്കിയതെങ്കിലും നൂതന പദ്ധതിയ്ക്ക് ലഭിക്കേണ്ട ജില്ലാതല വിദഗ്ദ്ധ സമിതിയുടെ അനുമതിയോ കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.51/2024-25 തീയതി 02.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സാധനങ്ങൾ ലഭ്യമല്ലാതെ ബിൽ തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക 85,600/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## <u>3-8 ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് പദ്ധതി നിർവ്വഹണത്തിന് അധിക തുക ചെലവഴിച്ചു</u>

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി -229/25

ചെലവ് തുക - 2,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ, തീയതി - 993/26.03.2025

ജില്ലാ കളക്ടറുടെ 11.01.2025-ലെ ജില്ലാതല വിദഗ്ദ്ധസമിതി യോഗത്തിൽ വെച്ച് നൂതന പദ്ധതിയായി അംഗീകാരം നേടി നടപ്പിലാക്കിയ പദ്ധതിയാണിത്. ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് എന്ന ഈ പദ്ധതിയിൽ രണ്ട് യൂണിറ്റുകളാണ് നിർമ്മിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ജില്ലാ തല വിദഗ്ദ്ധസമിതിയുടെ പ്രൊജക്ട് നിർദ്ദേശപ്രകാരമല്ലാതെ പദ്ധതി നടപ്പിലാക്കി

പഞ്ചായത്ത് പരിധിയിലെ ക്ഷീര സംഘങ്ങളിലെ കർഷകർക്ക് 50,000/-രൂപ (50%)സബ്സിഡി നൽകുന്നതിനും ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം സജ്ജമാക്കുന്നതിന് ഫിൽട്ടറിങ് യൂണിറ്റ് അല്ലെങ്കിൽ ഉണക്കിപ്പൊടിക്കുന്ന യന്ത്രം എന്നിവയിലേതെങ്കിലും ഒന്നിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി. എന്നാൽ മേൽ പ്രൊജക്ട് നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ ഒരു യൂണിറ്റിന് 1,00,000/-രൂപ വീതം അനുവദിച്ചിട്ടുണ്ട്.

2) ചെലവ് രേഖകളിലെ അപാകങ്ങൾ

പദ്ധതി ഫയൽ പരിശോധിച്ചതിൽ 2,63,740/-രൂപയുടെ ചെലവുകൾക്കുള്ള രേഖകളാണ് പദ്ധതിയ്ക്ക് വേണ്ടി വന്നിട്ടുള്ളത്. കൃഷി ഓഫീസർ നൽകിയ മറുപടി പ്രകാരം 50 % സബ്സിഡി ആയ 1,31,870/-അനുവദിക്കുന്നതിന് പകരം 2,00,000/-രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| യൂണിറ്റിന്റെ വിശദാംശം | ചെലവ് രേഖകൾ | ചെലവ് തുക | തയ്യാറാക്കിയ പദ്ധതി പ്രകാരം അനുവദിക്കേണ്ട സബ്സിഡി | അനുവദിച്ചത് |
|---|---|---|---|---|
| കണ്ണോത്ത് ക്ഷീര | റെയ്ഡ്കോ കേരള യുടെ | 90,000/- | 50,000/- | 1,00,000/- |

| | | | | |
|---|---|---|---|---|
| സഹകരണ സംഘം | വെർമി കമ്പോസ്റ്റ് ഫിൽട്ടർ മെഷീൻ ഇൻവോയ്സ് നമ്പർ MKM/220/24-25/20-3-25 | | | |
| | ഈ ക്ഷീര സംഘത്തിലെ ശ്രീമതി. ഷീബു മനോജ് മേമ്മാട്ട് എന്ന വ്യക്തിയുടെ കൃഷിയിടത്തിൽ ജൈവവള യൂണിറ്റ് നിർമ്മിച്ചതിന് മോഡേൺ ഇൻഡസ്ട്രിയൽ എന്ന സ്ഥാപനത്തിന് അനുവദിച്ച തുക | 52,540/- | | |
| മൈക്കാവ് ക്ഷീര സഹകരണ സംഘം | റെയ്ഡ്കോ കേരളയുടെ വെർമി കമ്പോസ്റ്റ് ഫിൽട്ടർ മെഷീൻ ഇൻവോയ്സ് നമ്പർ MKM/221/24-25/20-3-25 | 90000 | 50,000/- | 1,00,000/- |
| | ഈ ക്ഷീര സംഘത്തിലെ ശ്രീ.സുഗതകുമാർ എന്ന വ്യക്തിയുടെ കൃഷിയിടത്തിൽ ജൈവവള യൂണിറ്റ് നിർമ്മിച്ചതിന് മഹാരാജ് സ്റ്റീൽ എന്ന സ്ഥാപനത്തിന് അനുവദിച്ച തുക | 31200 | | |

3) പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ അംഗീകരിച്ച ഗ്രാമസഭാ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6) പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ള 2,00,000/-രൂപ ആരുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തത് എന്ന് പരിശോധിക്കുന്നതിന് യു.ടി.ആർ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള സാംഖ്യാ ബില്ലിൽ ശ്രീമതി.ഷീബ മനോജ്, ശ്രീ.സുഗത് കുമാർ, റെയ്ഡ്കോ കേരള, മഹാരാജ സ്റ്റീൽ, മോഡേൺ ഇൻഡസ്ട്രിയൽ എന്നിവർക്ക് തുക നൽകിയതിന്റെ 4,00,000/- രൂപയുടെ സാംഖ്യാ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്.

7) 30.7.2025ന് കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ പദ്ധതി പ്രദേശം സന്ദർശിച്ചു. പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ശ്രീമതി.ഷീബ മനോജ്, ശ്രീ.സുഗത് കുമാർ എന്നീ ക്ഷീര കർഷകരുടെ വീട്ടിൽ ആണ് മെഷീനുകൾ സൂക്ഷിച്ചിട്ടുള്ളത്. ആയത് പ്രവർത്തിപ്പിക്കാൻ തുടങ്ങിയിട്ടില്ല. ശ്രീമതി. ഷീബ മനോജിന്റെ വീട്ടിൽ ഷെഡ് നിർമ്മാണം നടത്തിയിട്ടില്ല. എന്നാൽ ഫയലിൽ ശ്രീമതി.ഷീബ മനോജ് മേമ്മാട്ട് എന്ന വ്യക്തിയുടെ കൃഷിയിടത്തിൽ ജൈവവള യൂണിറ്റ് നിർമ്മിച്ചതിന് മോഡേൺ ഇൻഡസ്ട്രിയൽ എന്ന സ്ഥാപനത്തിന് അനുവദിച്ച തുക 52,540/-രൂപയുടെ ബില്ല് ഫയലിൽ വച്ചിട്ടുണ്ട്. നടത്താത്ത പ്രവൃത്തിയ്ക്ക് ബിൽ പ്രകാരം തുക മാറി നല്കിയത് വിശദീകരിക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/2024-25 തീയതി 30.07.2025) ലഭ്യമാക്കിയ മറുപടിയിൽ 50,000/- രൂപ എന്നത് പരമാവധി തുകയായി നിജപ്പെടുത്താതെ പദ്ധതി ചെലവിന്റെ ആകെ 50% സബ്സിഡി പരമാവധി 1,00,000/- എന്ന രീതിയിലാണ് നടപ്പിലാക്കിയത് എന്ന മറുപടി അംഗീകരിക്കാൻ സാധിക്കില്ല. പ്രൊജക്ട് നിർദ്ദേശങ്ങൾക്കും ജില്ലാ തല വിദഗ്ദസമിതിയുടെയും തീരുമാനത്തിന് വിരുദ്ധമായി അധികം ചെലവഴിച്ച 1,00,000/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്. പദ്ധതി പ്രകാരം ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്, ക്ഷീരസംഘം അല്ലെങ്കിൽ കാർഷിക കർമ്മ സേനകൾ വഴി വില്പന നടത്തണം. രണ്ട് യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ച് ചാണകപ്പൊടി പാൽ സൊസൈറ്റി വഴി വില്പന നടത്തുന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കുന്നത് വരെ ബാക്കി 1,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

2024-25 വർഷം ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 19 | 113500 | 113500 | ഇല്ല | ഇല്ല |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**2) മെഡിസെപ് പ്രീമിയം ഒടുക്ക് -** (01.04.2024 മുതൽ 30.06.2024 ന് ഉള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| - | - | - | - | - | - |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് -** (01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| ഇല്ല | | | | |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് -** (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)*** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| 0 | - | - | - | - | - |

## <u>4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 23.07.2025, 25.07.2025 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 90,600 | തേൻ സംഭരണ വിപണന കേന്ദ്രം-തേൻ മ്യൂസിയം | 90,600 |
| | 2024-25 | 2,39,400 | കാർഷിക വിള സംരക്ഷണത്തിന് സോളാർ വേലി | 2,39,400 |
| | 2024-25 | 1,10,730 | ഫാം ടൂറിസം | 1,10,730 |
| | 2024-25 | 71,250 | നെൽകൃഷി വികസനം-സ്ഥിരം കൃഷി | 71,250 |
| | 2024-25 | 9,00,000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 9,00,000 |
| | 2024-25 | 25,00,000 | പാലിന് സബ്സിഡി | 25,00,000 |
| | 2024-25 | 1,02,000 | നെൽകൃഷി വികസനം (സ്പിൽ ഓവർ) | 1,02,000 |
| | 2024-25 | 6,78,211 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ-വൊക്കേഷണൽ ട്രെയിനിങ് സെന്റർ കെട്ടിട നിർമ്മാണം | 6,78,211 |
| | 2024-25 | 15,84,183 | ചെമ്പിലി പൊതുശ്മശാനം-ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം | 15,84,183 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 56,050 | കാർഷിക വിള സംരക്ഷണത്തിന് സോളാർ വേലി | 56,050 |
| | 2024-25 | 71,250 | നെൽകൃഷി വികസനം-സ്ഥിരം കൃഷി | 71,250 |
| | 2024-25 | 3,00,000 | ഭിന്നശേഷി വിദ്യാർഥികൾക്ക് | 3,00,000 |

| | | | |
|---|---|---|---|
| | | സ്കോളർഷിപ്പ് | |
| 2024-25 | 15,533 | ഫാം ടൂറിസം | 15,533 |
| 2024-25 | 9,39,000 | പാലിന് സബ്സിഡി | 9,39,000 |
| 2024-25 | 3,50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 3,50,000 |
| 2024-25 | 4,97,913 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ- വൊക്കേഷണൽ ട്രെയിനിങ് സെന്റർ കെട്ടിട നിർമ്മാണം | 4,97,913 |
| 2024-25 | 1,50,000 | അതിദരിദ്ര മൈക്രോപ്ലാൻ- വീട് റിപ്പേർ | 1,50,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പാ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 52,29,626 | 63,02,906 | 1,15,32,532 | 16,02,520 | 99,30,012 |

## 4-6 സ്ഥിര നിക്ഷേപം

ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ, വാർഷിക ധനകാര്യപത്രികയിലെ ബി-12 ഷെഡ്യൂൾ എന്നിവ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ നിക്ഷേപ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,08,86,947 |
| തൻവർഷം നിക്ഷേപിച്ച തുക | 3,29,19,708 (പലിശയുൾപ്പടെ) |
| **ആകെ** | **4,38,06,655** |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2,03,55,404 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,34,51,251 |

**സ്ഥിരനിക്ഷേപങ്ങൾ – ബാങ്കുകൾ**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ ഓഫീസ്) | തുക |
|---|---|---|
| 1 | കെ. ഡി. സി. ബാങ്ക് | 5,50,468 |
| 2 | കെ. ഡി. സി. ബാങ്ക് | 4,00,783 |
| 3 | ഫെഡറൽ ബാങ്ക് | 50,00,000 |
| 4 | ഫെഡറൽ ബാങ്ക് | 50,00,000 |
| 5 | കെ. ഡി. സി. ബാങ്ക് | 1,00,00,000 |
| 6 | കേരള ഗ്രാമീൺ ബാങ്ക് | 25,00,000 |
| | **ആകെ** | **2,34,51,251** |

## 4-7 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2003-04 | 11.13.5.4 (പൊതു പരാമർശം) | മൈത്രി ഭവനപദ്ധതി | തുടരുന്നു |
| 1997-98 | 45 | 2003-04 | 11.13.7.8 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | -ടി- |
| 1998-99 | 19 | 2003-04 | ടി | ടി | -ടി- |
| 2010-11 | 3-11 | 2011-12 | 3.3.6, 3.3.12 (അവലോകനം) | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | -ടി- |
| 2011-12 2012-13 | 4.1.1. | 2013-14 | 6-4 (അവലോകനം) | തെരുവുവിളക്ക് സംരക്ഷണം | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2013-14 | 6.4.1 (അവലോകനം) | തെരുവു വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.6 | കൃഷി, മൃഗസംരക്ഷണം, പദ്ധതി നിർവ്വഹണം – ധനവിനിയോഗ കാര്യക്ഷമത | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | -ടി- |
| 2015-16 | 2-3 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി അപാകങ്ങൾ | -ടി- |
| 2019-20 | 1-32 | 2020-21 | അനുബന്ധം -2 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | -ടി- |

## 4-9 ഓഡിറ്റ് റിക്കവറി

2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ നൽകിയ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം കരാറുകാരൻ ശ്രീ.ബിജോ എന്നവർ കുരിശിങ്കൽ മുട്ടിൽപ്പാറ റോഡ് കൈവരി സ്ഥാപിക്കൽ പ്രവൃത്തിയിൽ അധികമായി കൈപ്പറ്റിയ 18519/-രൂപ 08.08.2024 തീയതിയിലെ 1240701521-ാം നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്.

## 4-10 ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്/സർചാർജ്ജ് നടപടികൾ മുഖേന തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,28,21,782 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,47,96,047 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,75,174/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 58,46,265/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3,644/- | ശ്രീമതി.അർച്ചന.സി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 31,350/- | ശ്രീമതി.സീനത്ത്.കെ, സെക്രട്ടറി |
| 3-3 | | 3,800/- | |
| 3-4 | | 6,020/- | |
| 3-5 | | 1,035/- | |
| 3-6 | | 43,725/- | |
| 3-7 | | 85,600/- | ശ്രീമതി.രമ്യ രാജൻ.വി, കൃഷി ഓഫീസർ |
| 3-8 | | 1,00,000/- | |
| **ആകെ** | | 2,75,174/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 223,600/- | ശ്രീ.ശൈലേഷ് കുമാർ വി.ടി<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-27 | 94,869/- | |
| 1-20 | 1,00,000/- | ശ്രീമതി.രമ്യ രാജൻ.വി.<br>കൃഷി ഓഫീസർ |
| 1-21 | 3,26,263/- | |
| 1-25 | 1,60,077/- | ശ്രീമതി.ഫസ്ന ടി.പി<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-35 | 250,000/- | ഡോ.സ്മിത കെ.എസ്<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-57 | 1,81,333/- | ഡോ.ഹസീന<br>മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-14 | 39,000/- | ശ്രീ.സുരേഷ് തോമസ്<br>ഹെഡ്മാസ്റ്റർ |
| 1-15 | 1,78,714/- | |
| 1-16 | 1,99,440/- | |
| 1-17 | 1,00,000/- | |
| 1-36 | 45,400/- | ശ്രീമതി.സീനത്ത്.കെ.<br>സെക്രട്ടറി |
| 1-37 | 2,00,000/- | |
| 1-38 | 5,85,210/- | |

| | | |
|---|---|---|
| 1-39 | 15,00,000/- | |
| 1-40 | 1,17,000/- | |
| 1-43 | 5,36,900/- | |
| 1-44 | 1,99,920/- | |
| 1-47 | 49,275/- | |
| 1-49 | 5,25,624/- | |
| 1-53 | 1,26,785/- | |
| 1-54 | 2,33,640/- | |
| **ആകെ** | **58,46,265/-** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അർച്ചന.സി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | കൊടപ്പള്ളിപ്പറമ്പ്, കോട്ടൂളി.പി.ഒ., കോഴിക്കോട് |
| ശ്രീമതി.രമ്യ രാജൻ.വി. കൃഷി ഓഫീസർ | കൃഷിഭവൻ, പുതുപ്പാടി | വല്ലാനിയിൽ വീട്, മാന്നാനം പി.ഒ, കോട്ടയം-673612 |
| ശ്രീമതി.സീനത്ത്.കെ. സെക്രട്ടറി | സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ്, | കളരിക്കൽ വീട്, അതിരമ്പുഴ പി.ഒ. , 686562 |

| | | |
|---|---|---|
| | കോടഞ്ചേരി പി.ഒ. പിൻ-673580 | |
| ഡോ.സ്മിത.കെ.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ | ഹോമിയോ ഡിസ്പെൻസറി, നെല്ലിപ്പൊയിൽ,പിൻ-673580 | മീത്തൽ പറമ്പത്ത്, മേരിക്കുന്ന് പി.ഒ. കോഴിക്കോട് |
| ശ്രീ.സുരേഷ് തോമസ്, ഹെഡ്മാസ്റ്റർ | ഹെഡ് മാസ്റ്റർ, ചെമ്പുകടവ് ജി.യു.പി.എസ്. | സുരേഷ് ഭവൻ, കട്ടിപ്പാറ, താമരശ്ശേരി |
| ഡോ.ഹസീന.കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | കോടഞ്ചേരി എഫ്.എച്ച്.സി. | കറുവചാലിൽ വീട്, കള്ളൻതോട്, മണാശ്ശേരി, മുക്കം |
| ശ്രീ.ശൈലേഷ് കുമാർ വി.ടി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, കോടഞ്ചേരി സർക്കിൾ | വട്ടക്കേതയിൽ വീട്,കോട്ടപ്പള്ളി പി.ഒ, വടകര |
| ശ്രീമതി.ഫസ്ന ടി.പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, നെല്ലിപ്പൊയിൽ സർക്കിൾ | പുതിയാറമ്പത്ത്, തച്ചംപൊയിൽ പി.ഒ, താമരശ്ശേരി |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(1)/26.10.22 | 45 |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(2)/26.10.22 | 19 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 2-1, 2-6, 2-11, 2-12, 2-13, 2-14, 2-15, 2-16 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(7)/26.10.22 | 3-11, 3-14, |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(10)/27.10.22 | 3-7(1,2) |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(11)/27.10.22 | 3-11 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(12)/27.10.22 | 3-12,4-1-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(14)/27.10.22 | 2-3, 3-2 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(15)/27.10.22 | 2-9,3-10, 3-15, 3-20, 3-22, 3-23, 3-28, |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(16)/27.10.22 | 3-1 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(17)/27.10.22 | 1-9,1-13,1-19, 1-24,1-27 1-28 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(18)/27.10.22 | 1-9(1),1-9(2),1-13,1-22,1-32 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1407/22(19)/27.10.22 | 1-11,1-12,1-13, 1-14,1-15,1-17,1-20,1-21, 1-23,1-27,1-34,1-38,1-41, 1-42,1-44,4-2,2-1,2-2 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 684/23/22.05.23 | 1-4,1-9(2),1-11, 1-13,1-15(1,3),1-19, 1-21,1-23,1-24 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി./ പി6/1137/24/17.01.2025 | 1-1 (4,6,10,11), 1-6, 1-10, 1-12, 1-13, 1-15, 1-11, 1-16 മുതൽ 1-27വരെ1-31, 1-32,1-33, 2-1, 3-1, 3-4, 4-8,4-11 |
| 2023-24 | കെ.എസ്.എ.കെ.കെ.ഡി./ പി6/ 1495/24/19.02.2025 | 1-1-3, 1-6, 1-8, 1-9, 1-10, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23,1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-37, 1-38, 3-1, 3-2, 3-3, 3-4, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 07-05-2025 and submitted on 04-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kodenchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kodenchery Grama Panchayat as on 31-03-2025

**Date: 10/09/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kodenchery Grama Panchayat for the Year 2024-2025.

### 1.Major Observations

Depreciation error - Panchayat's income and expenditure are in deficit

### 2.Other Observations

1. Not all statement as per accounting regulations were submitted.
2.Cash flow statement doesnot match as per accounting regulations.
3.Difference in total amount of income and expenditure schedules.
4. Demand entries are not recorded in a timely manner.
5.Provisions have not been recorded in the balance sheet for various expenses.
6.Expenses incurred to create assets are not recorded in the annual accounts.
7.Difference in recording of development fund expenditure as revenue.

8.The expense is not booked in the head that reflects the purpose.
9.The amounts paid for the deposit work were not adjusted.

10. Stale cheque - not transferred from liability to revenue head.
11.The remaining grant amounts does not match their bank balance.
12.Depreciation exceeds asset value.

13.The entire investment amount was not recorded in the annual accounts.

14.Life Loan - The recorded asset amount does not match the amount remaining to be repaid.

15.The income & expenses are booked in the wrong head.
16.Depreciation was not recorded for all assets.
17.Amount not included in capital work in progress header.
18.Audit recovery - The pledged amount is not recorded as a liability.

19.Bank charges are being recorded incorrectly from the CFC account.

20.Amounts in the cheque deposited but not cleared are not being adjusted.

21.Permit refund - Not all expenses were recorded.

22.Depreciation-work sheet is not available.
23.Revenue items - Collection in the annual financial statement and register differs from each other.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്